Reg. No C. 101, M: 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 കന്നി 5 | ലക്കം 6

## ജനാധിപത്യവും കമ്മ്യൂണിസവും

(മാത്യു എം. പാണാട്ടു്, ബി. എ. ബി. ററി.)

ഒരുവന്റെ സ്വാതന്ത്ര്യം മററൊരുവന്റെ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്താതിരിക്കുന്നതു ജനാധിപത്യഗവമ്മെന്റിന്റെ ലക്ഷണമായി വിവരിക്കപ്പെട്ടിട്ടുണ്ടു്. അനവധി കക്ഷികൾക്കു ജനാധിപത്യനിരയിൽ അകമ്പടി സേവിക്കുവാൻ സാധിക്കുന്നതും അതുകൊണ്ടാണു്. തൊഴിലാളികളും, കൃഷിക്കാരും, മുതൽ മുടക്കിയവരും, വ്യാപാരികളും, ഫാക്ടറി ഉടമസ്ഥന്മാരും ഈ നിരയിലുണ്ടു്. വിവിധജനവിഭാഗങ്ങളും താൽപര്യങ്ങളുമായി ജനാധിപത്യത്തിനു് ഒരു പൊരുത്തക്കേടുമില്ല. വ്യത്യസ്തമായ സാഹിത്യങ്ങളും, തത്വചിന്തകളും, രാജ്യമീമാംസയും, സാമ്പത്തികശാസ്ത്രവും ജനാധിപത്യമുൾക്കൊള്ളുന്നു. ഈ വൈവിദ്ധ്യമാണു് ജനാധിപത്യത്തിന്റെ ജീവൻ. അവരുടെ പ്രസിദ്ധീകരണങ്ങളും പ്രചരണവകുപ്പും നിഷ്കൃഷ്ടമായ നിയന്ത്രണത്തിനു വിധേയവുമല്ല. സാഹിത്യം, സംഗീതം, ചിത്രവേല തുടങ്ങിയ കോമളകലകളെ രാഷ്ട്രത്തിന്റെ നിയന്ത്രണത്തിൽനിന്നും വിടുത്തി അതിന്റെ സ്വാഭാവികചരിവുകളിലേക്കൊഴുകുവാൻ പൂർണ്ണമായ സ്വാതന്ത്ര്യവുമുണ്ടു്. മററുള്ളവരുടെ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്താത്ത വിധത്തിൽ സ്വന്തം സ്വാതന്ത്ര്യത്തെ പ്രയോഗിക്കുന്ന എല്ലാ സ്വാതന്ത്ര്യത്തേയും ജനാധിപത്യം മാനിക്കുന്നു. അതാണല്ലോ വ്യക്തിസ്വാതന്ത്ര്യവും.

വ്യക്തിസ്വാതന്ത്ര്യത്തെ മാനദണ്ഡമാക്കിയാണു് രാജ്യമീമാംസ ജനാധിപത്യത്തേയും, കമ്യൂനിസത്തേയും ലക്ഷണനിർദ്ദേശം ചെയ്യുന്നതു്. വിവിധതാൽപര്യങ്ങളുടങ്ങിയ നിരവധി സംഘടനകൾ നിർമ്മിക്കുവാൻ സാധിക്കുന്നതു് വ്യക്തിസ്വാതന്ത്ര്യത്തോടുള്ള ആദരവുകൊണ്ടാണു്. ഈ സംഘടനകളുടെ പ്രവർത്തനം അപലപനീയമല്ല; പ്രത്യുത ആരോഗ്യത്തിന്റെ ലക്ഷണമാണു്. എന്നാൽ ഒരു സംഘം മററൊരു സംഘത്തിന്റെമേൽ മേധാവിത്വം സ്ഥാപിക്കുവാൻ ശ്രമിക്കുന്നതാണു് ആപൽക്കരം. അതിനുള്ള ഔദ്ധത്യം ഒരു സംഘത്തിനുണ്ടാകുമ്പോൾ വിപ്ലവം ഉണ്ടാകുന്നു. ആ വിപ്ലവം സമാധാനപരമായോ, രക്തപങ്കിലമായോ ആകാം. സമാധാനപരമായ മാററത്തിനുള്ള പരിതസ്ഥിതികൾ ഗവമ്മെന്റുകൾ സൃഷ്ടിക്കുമെങ്കിൽ വിപ്ലവം രക്തരഹിതമാകുന്നു. നിയമംമൂലം അടുത്തകാലത്തു കൊച്ചിയിലും തിരുവിതാംകൂറിലും ഭൂമിയുടമയിൽ വരുത്തിയ മാററങ്ങൾ സമാധാനപരമായ വിപ്ലവങ്ങൾക്കു് ഉദാഹരണങ്ങളാണു്. ഇങ്ങനെയുള്ള വിപ്ലവങ്ങൾ പ്രാവർത്തികമാക്കിയശേഷം നിയമംമൂലം വിപ്ലവത്തെ നിശ്ചലമാക്കുകയുംചെയ്യും. ഇത്തരം വിപ്ലവങ്ങൾ വ്യക്തിസ്വാതന്ത്ര്യത്തെ ആദരിക്കുകയല്ലാതെ അനാദരിക്കുന്നില്ല. എന്നാൽ സമാധാനപരമായ ഒരു മാററം കമ്യൂനിസം വിഭാവന ചെയ്യുന്നില്ല. രക്തപങ്കിലമായ ഒരു വിപ്ലവത്തിലാണു് അവർ വിശ്വസിക്കുന്നതു്. അതിന്റെ ഫലം കമ്യൂനിസമല്ല; കൂട്ടത്തോടെയുള്ള നാശമാണു്. വർഗ്ഗമേധാവിത്വം അതുകൊണ്ടവസാനിക്കുന്നതുമില്ല. അധികാരവർഗ്ഗം അടിമവർഗ്ഗമായും, അടിമവർഗ്ഗം അധികാരവർഗ്ഗമായും മാറിയെന്നുവരാം. അതാണു റഷ്യയിൽ സംഭവിച്ചിട്ടുള്ളതു്. വർഗ്ഗമേധാവിത്വത്തെ പുലർത്തുന്നതിനുവേണ്ടിയാണു് കമ്യൂനിസം. അതുകൊണ്ടാണു് രാഷ്ട്രത്തിന്റെ സകല കഴിവുകളും കമ്യൂനിസാദർശത്തിനുവേണ്ടി ചെലവഴിക്കുവാൻ കമ്യൂനിസം ആവശ്യപ്പെടുന്നതു്. കമ്യൂനിസ്റ്റു് റഷ്യയിലെ സാഹിത്യവും, പ്രസിദ്ധീകരണങ്ങളും ഒരു കേന്ദ്രസമിതിയുടെ നിയന്ത്രണത്തിനും പരിശോധനയ്ക്കും വിധേയമാണു്. സാഹിത്യസംഗീതങ്ങളെ വിപ്ലവത്തിന്റെ വിജയത്തിനുവേണ്ടി മനഃശാസ്ത്രപരമായ ആയോധനത്തിന്റെ ഒരു ഭാഗമായി തിരിച്ചുവിടുന്നു. രാഷ്ട്രത്തിന്റെ സിദ്ധാന്തങ്ങൾ കീർത്തിക്കുന്ന ചരിത്രകാരന്മാർക്കുമാത്രം അവിടത്തെ ചരിത്രം ചമയ്ക്കുവാൻ സാധിക്കുന്നു. മനുഷ്യരാശിയുടെ വിലയേറിയ സൃഷ്ടികലാവൈഭവം നിയന്ത്രണംമൂലം വിലകുറഞ്ഞ വിപണികളിലേക്കു തിരിയുകയാണു് ഇതുമൂലം സംഭവിക്കുന്നതും.



തൃശ്ശൂർ വ്യാകുലമാതാവിന്റെ പള്ളിയുടെ ഉൾഭാഗം

മനുഷ്യപ്രകൃതി ബഹുവിധമായിരിക്കുന്നതുപോലെ അവരുടെ താൽപര്യങ്ങളും പ്രവർത്തനങ്ങളും നാനാവിധങ്ങളാണു്. അവയെ പിടിച്ചുനിർത്തുവാൻ ശ്രമിക്കുമ്പോഴാണു് പോലീസിന്റേയും പട്ടാളത്തിന്റേയും സഹായം ആവശ്യമായി വരുന്നതും സ്വേച്ഛാധിപത്യം ഉടലെടുക്കുന്നതും. ഒരുവന്റെ ജീവൻ മററൊരുവൻ അപകടത്തിലാക്കുന്നതും അപ്പോഴാണു്. സ്വാഭാവികമായ ഈ അവകാശത്തെ കമ്യൂനിസം വകവയ്ക്കുന്നില്ല. 1848-ൽ മാർക്സും, ലനിനും കൂടി പ്രസിദ്ധീകരിച്ച കമ്യൂനിസ്റ്റു് മാനിഫെസ്റ്റോയിൽനിന്നും ഇതു പ്രകടമാണു്. മുതൽ മുടക്കിയവർക്കായിരുന്നു അന്നു റഷ്യയിൽ മേധാവിത്വം. വേലക്കാർ ചൂഷണംചെയ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ഇതിൽനിന്നും മോചനം ലഭിക്കുവാനുള്ള ഏകമാർഗ്ഗം രക്തപങ്കിലമായ വിപ്ലവം മാത്രമാണെന്നു് അവർ വിശ്വസിച്ചു. എന്നാൽ ജനകീയ പരമാധികാരം പ്രയോഗത്തിൽവന്നിട്ടുള്ള ഈ ആധുനികകാലത്തു് ഇത്ര അപകടകരമായ ഒരു സിദ്ധാന്തത്തിനു സാധൂകരണമില്ല. ജനങ്ങളുടെ അധികാരം പ്രയോഗത്തിലിരിക്കുമ്പോൾ "ജനങ്ങളുടെ സ്വേച്ഛാധികാരം" (അങ്ങനെയാണു് കമ്യൂനിസ്റ്റു് സ്വേച്ഛാധിപത്യത്തിനു് അവർ നല്കിയിട്ടുള്ള നാമം) എന്തിനു വച്ചുകൊണ്ടിരിക്കുന്നു? ഒരു കക്ഷി മാത്രം ഭരണം നടത്തുന്നതും, അധികാരത്തിലിരിക്കുന്ന കക്ഷിയെ മററുള്ളവർ വിമർശിക്കാതിരിക്കുന്നതും, ഗവമ്മെന്റിനെ ആക്കുവാനും നീക്കുവാനും സാധാരണ ജനങ്ങൾക്കുള്ള അവകാശത്തെ നിഷേധിക്കുന്നതുമായ ഒരു ഗവമ്മെന്റാണു് ലനിൻ വിഭാവനചെയ്തതു്. കമ്യൂനിസ്റ്റു് കക്ഷി ഒരു പടികൂടി കടന്നു് അധികാരം ഒരു സംഘത്തിൽ കേന്ദ്രീകരിക്കുകകൂടി ചെയ്തു.

കമ്യൂനിസം ഒരു സാമ്പത്തികശാസ്ത്രമായി അതിന്റെ പ്രണേതാക്കൾ വാഴ്ത്താറുണ്ടെങ്കിലും, പ്രയോഗത്തിൽ രാഷ്ട്രീയ ലക്ഷ്യപ്രാപ്തിക്കുള്ള ഒരു മാർഗ്ഗമാണതു്. ജനാധിപത്യഗവമ്മെന്റുകൾ ആദരിക്കുന്ന എതിർപക്ഷബഹുമാനം കമ്യൂനിസ്റ്റുഗവമ്മെന്റിനില്ല. കമ്യൂനിസ്റ്റു് കക്ഷിയൊഴികെ മററു കക്ഷികൾ സംഘടിക്കുവാൻ കമ്യൂനിസ്റ്റു് ഗവമ്മെന്റുകൾ അനുവദിക്കാത്തതിന്റെ കാരണവും ഇതാണു്. അധികാരസിദ്ധിക്കുവേണ്ടി അവർ സന്ധിയില്ലാത്ത സമരം നടത്തുന്നു. അതിനു പോരുന്ന എല്ലാ തന്ത്രങ്ങളും അവർ സ്വീകരിക്കും. ഇതിനുവേണ്ടിയാണു് ബലഹീനമായ കർമ്മസമിതികൾ സംഘടിപ്പിക്കുവാൻ കമ്യൂനിസ്റ്റു് കക്ഷികൾ വാദിക്കുന്നതു്. വിപ്ലവവും ഭീകരത്വവും ഇളക്കിവിട്ടാൽ

(ശേഷം 12-ാം പേജിൽ)

# കൽക്കദോനിയാസൂനഹദോസ്

അഥവാ

# യാക്കോബായസഭയുടെ ഉത്ഭവം

(ചരിത്രസംഭവങ്ങളെ ആസ്പദമാക്കിയുള്ള ഒരു പ്രഹസനം)

(തുടർച്ച)

(റി. ജെ. വി.)

ഫ്ളാവിയൻ (എഴുന്നേററുനിന്നുകൊണ്ടു്):- അഭിവന്ദ്യ സഹോദരന്മാരേ, എവുത്തിക്കോസിന്റെ സമാധാനം നിങ്ങൾ കേട്ടല്ലോ. അദ്ദേഹത്തിന്റെ ഉപദേശത്തെപ്പററി നിങ്ങളുടെ അഭിപ്രായങ്ങൾ പറയുവിൻ. (ഇരിക്കുന്നു)

ഒരു മെത്രാൻ (എഴുന്നേററുനിന്നു പറയുന്നു.):- അദ്ധ്യക്ഷൻ തിരുമേനി, അഭിവന്ദ്യ പിതാക്കന്മാരേ,

എവുത്തിക്കോസിന്റെ ഉദ്ദേശം നെസ്തോറിയൻ പാഷണ്ഡതയെ നിശ്ശേഷം നശിപ്പിക്കണമെന്നുള്ളതാണല്ലോ. ആ ഉദ്ദേശത്തിൽ ഒട്ടും തെററില്ല. എന്നാൽ ഒരു പാഷണ്ഡതയെ നശിപ്പിക്കുന്നതിനു ശ്രമിക്കുമ്പോൾ വേറൊരു പാഷണ്ഡതയിൽ വീഴുന്നെങ്കിൽ "വറചട്ടിയിൽനിന്നു അടുപ്പിലേക്കു്" എന്നതുപോലെ അതു കൂടുതൽ നിർഭാഗ്യകരമത്രെ. ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ വ്യത്യസ്തങ്ങളായ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നു പഠിപ്പിച്ചാൽ ക്രിസ്തുവിൽ രണ്ടു വ്യക്തിത്വമുണ്ടെന്നുള്ള നെസ്തോറിയൻ പാഷണ്ഡതയിൽ ചെന്നുചാടും എന്നു എവുത്തിക്കോസ് അഭിപ്രായപ്പെടുന്നതു സംഗതികൾ ശരിക്കു മനസ്സിലാക്കാതെയാണു്. ഓരോ സ്വഭാവത്തിനും അനുയോജ്യമായി ഓരോ വ്യക്തിത്വമുണ്ടായിരിക്കണമെന്നില്ല. ഒന്നുരണ്ടു ഉദാഹരണങ്ങൾകൊണ്ടു ഞാൻ ഇക്കാര്യം കുറെ വിശദമാക്കാം.

മനുഷ്യനിൽ വിശേഷബുദ്ധിക്കു പുറമേ മൃഗങ്ങളുടെ ചില സ്വഭാവങ്ങളുമുണ്ടല്ലോ. തന്നിമിത്തം മനുഷ്യനെ വിശേഷബുദ്ധിയുള്ള മൃഗമെന്നു താത്വികമായി നിർവചിച്ചുവരുന്നു. (Man is a rational animal) ഇങ്ങനെ വിശേഷബുദ്ധിയും മൃഗങ്ങളുടെ ചില സ്വഭാവങ്ങളും മനുഷ്യനിൽ ഉള്ളതുകൊണ്ടു മനുഷ്യത്വത്തിനും മൃഗത്വത്തിനും അനുസരണമായി രണ്ടു വ്യക്തിത്വം മനുഷ്യനിൽ ഇല്ല. മനുഷ്യൻ ഏക വ്യക്തിത്വത്തിൽ സ്ഥിതിചെയ്യുന്നു. വിശേഷബുദ്ധിയും മൃഗത്തിന്റെ ചില സ്വഭാവങ്ങളും ഈ ഏക വ്യക്തിയിലത്രെ സ്ഥിതിചെയ്യുന്നതു്. ഇതുപോലെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ക്രിസ്തുവിലുണ്ടെങ്കിലും ഏക വ്യക്തിത്വത്തിൽ ഈ രണ്ടു സ്വഭാവങ്ങളും സ്ഥിതിചെയ്യുന്നു. രണ്ടു സ്വഭാവങ്ങൾക്കു അനുയോജ്യമായി രണ്ടു വ്യക്തിത്വങ്ങൾ ക്രിസ്തുവിലില്ല.

വേറൊരു ഉദാഹരണംകൂടി ഞാൻ പറയാം. മനുഷ്യനിൽ ആത്മാവു് ശരീരം എന്നിങ്ങനെ രണ്ടു ഘടകങ്ങൾ ഉണ്ടല്ലോ. ആത്മാവിന്റേയും ശരീരത്തിന്റേയും പ്രകൃതി വിഭിന്നമാണു്. ആത്മാവു അനശ്വരമാണു്, ശരീരം നശ്വരമാണു്; ആത്മാവു് അരൂപിയാണു്, ശരീരം സ്ഥൂലമാണു്. ഇങ്ങനെ പരസ്പരവിരുദ്ധമായ ലക്ഷണങ്ങളോടുകൂടിയ ആത്മാവും ശരീരവും സംയോജിച്ചു മനുഷ്യൻ ഏക വ്യക്തിയായിത്തീരുന്നു. മനുഷ്യൻ എന്ന ഈ ഏകവ്യക്തിയിൽ വിഭിന്നലക്ഷണങ്ങളോടുകൂടിയ ആത്മാവും ശരീരവുമുണ്ടെങ്കിലും ആത്മാവിനും ശരീരത്തിനും അവയുടെ ലക്ഷണങ്ങൾക്കു അനുയോജ്യമായി വെവ്വേറെ വ്യക്തിത്വമില്ല, ആത്മാവിനും ശരീരത്തിനുംകൂടി ഒററ വ്യക്തിത്വമേ ഉള്ളൂ. ഇതുപോലെ നിത്യനും വിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആളുമായ പുത്രൻ തമ്പുരാൻ കാലത്തിന്റെ പൂർണ്ണതയിൽ മനുഷ്യത്വം സ്വീകരിച്ചപ്പോൾ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു വ്യക്തിത്വങ്ങൾ ഉണ്ടാകാതെ ഏക വ്യക്തിത്വത്തിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ഉള്ളവനായിത്തീന്നു. ആകയാൽ ക്രിസ്തു സത്യദൈവവും സത്യമനുഷ്യനുമാണു്; പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണു്.

ഏക വ്യക്തിയിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ടായിരിക്കുക എന്നതു ദുർഗ്രഹമാണെങ്കിലും യുക്തിവിരുദ്ധമല്ല. വിശുദ്ധത്രിത്വം, ദൈവപുത്രന്റെ മരണം, ഉയിർപ്പു് ആദിയായ വിശ്വാസസത്യങ്ങളെല്ലാം ദുർഗ്രഹമായി സ്ഥിതിക്കു് ഏക വ്യക്തിയിൽ രണ്ടു സ്വഭാവങ്ങൾ സ്ഥിതിചെയ്യുന്നു എന്നുള്ള വിശ്വാസസത്യവും ദുർഗ്രഹമായി തോന്നുന്നതിൽ വിസ്മയിപ്പാനില്ല.

എങ്ങനെയായാലും ക്രിസ്തുവിന്റെ ദൈവസ്വഭാവത്തിൽ മനുഷ്യസ്വഭാവം പൂർണ്ണമായി ലയിച്ചുപോയി എന്നുള്ള എവുത്തിക്കോസിന്റെ ഉപദേശം സ്വീകാരയോഗ്യമല്ല. എന്തുകൊണ്ടെന്നാൽ ക്രിസ്തു മനുഷ്യനായി അവതരിച്ചപ്പോൾ അവിടുത്തെ മനുഷ്യത്വം മുഴുവനായി നശിച്ചുപോയെങ്കിൽ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തു എന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ക്രിസ്തു മനുഷ്യനായി അവതരിച്ചപ്പോൾ പാപമൊഴിച്ചു സകലത്തിലും മനുഷ്യനെപ്പോലെ ആയിത്തീന്നു എന്നത്രെ സഭയുടെ ഉപദേശം. ദൈവസ്വഭാവംമാത്രമുള്ള ഒരാൾ മനുഷ്യനാണെന്നു പറഞ്ഞുകൂടാ. ആകയാൽ മനുഷ്യാവതാരംചെയ്ത ദൈവപുത്രനിൽ ദൈവത്വംമാത്രമേയുള്ളു എന്നു എവുത്തിക്കോസ് ഉപദേശിക്കുന്നതു് അബദ്ധമാണെന്നത്രെ നമ്മുടെ അഭിപ്രായം. (ഇരിക്കുന്നു)

വേറൊരു മെത്രാൻ (എഴുന്നേററു പറയുന്നു):—

ക്രിസ്തുവിന്റെ ദൈവത്വം മനുഷ്യത്വത്തോടു യോജിക്കുന്നതിനുമുമ്പു ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ടായിരുന്നെന്നു സമ്മതിക്കാമെന്നും, യോജിപ്പിനുശേഷം ഒരു സ്വഭാവംമാത്രമേയുള്ളു എന്നും എവുത്തിക്കോസ് പഠിപ്പിക്കുന്നതു് എത്രയും വിചിത്രമാണെന്നത്രെ നമ്മുടെ അഭിപ്രായം. വിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ മനുഷ്യത്വം സ്വീകരിക്കുന്നതിനു മുമ്പു ദൈവം മാത്രമായിരുന്നു; അപ്പോൾ അവിടുത്തേക്കു ദൈവസ്വഭാവംമാത്രമേ ഉണ്ടായിരുന്നുള്ളു. ഇതിനെ സൂചിപ്പിച്ചാണു വി. യോഹന്നാൻ "ആദിയിൽ വചനം ഉണ്ടായിരുന്നു..........ദൈവമായിരുന്നു ഈ വചനം" എന്നു സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു് (യോഹ. 1, 1). ദൈവപുത്രൻ മനുഷ്യത്വം സ്വീകരിച്ച ആ ക്ഷണത്തിലാണു മനുഷ്യസ്വഭാവം ഉള്ളവനായിത്തീന്നതു്. മനുഷ്യത്വം സ്വീകരിക്കുന്നതിനു മുമ്പുവരെ അവിടുന്നു ദൈവംമാത്രമായിരുന്നതിനാൽ ദൈവത്വം മനുഷ്യത്വത്തോടു യോജിക്കുന്നതിനുമുമ്പു ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു് എവുത്തിക്കോസ് പറയുന്നതു് അബദ്ധമാണു്. മാത്രമല്ല, ദൈവപുത്രൻ സ്വീകരിച്ച മനുഷ്യത്വം തൽക്ഷണം ദൈവത്വത്തിൽ മുഴുവനായി ലയിച്ചുപോയെങ്കിൽ അവിടുന്നു മനുഷ്യത്വം സ്വീകരിക്കേണ്ട ആവശ്യമൊന്നും ഇല്ലാഞ്ഞു. പെട്ടെന്നു നശിച്ചുപോകുന്ന ഒരു സാധനം സ്വീകരിച്ചതുകൊണ്ടു് എന്തുഫലം? ആകയാൽ യോജിപ്പിനുശേഷം ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളു എന്ന വാദവും ശരിയല്ല.

(ഇരിക്കുന്നു)

വേറൊരു മെത്രാൻ (എഴുന്നേററുപറയുന്നു):— വേദപുസ്തകത്തിലെ സാക്ഷ്യങ്ങൾ പരിശോധിച്ചാലും മനുഷ്യാവതാരംചെയ്ത ദൈവപുത്രനിൽ ദൈവികം, മനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നു മനസ്സിലാകും. മനുഷ്യാവതാരംചെയ്ത ദൈവപുത്രൻ വിശപ്പും ദാഹവും സഹിച്ചതായും, കരഞ്ഞതായും, പീഡകൾ സഹിച്ചു കുരിശിൽ മരിച്ചതായും വേദപുസ്തകത്തിൽ നാം വായിക്കുന്നു. ബേഥനിയായിൽനിന്നും പുറപ്പെട്ടപ്പോൾ ക്രിസ്തുവിനു വിശന്നെന്നും, വിശപ്പു ശമിപ്പിക്കുവാൻ ഫലങ്ങൾ നല്കാതിരുന്ന അത്തിവൃക്ഷത്തെ അവിടുന്നു ശപിച്ചു് ഉണക്കിക്കളഞ്ഞെന്നും സുവിശേഷകന്മാർ രേഖപ്പെടുത്തുന്നു. (മത്താ. 21, 17—19; മക്കാ. 11, 12—20) യാത്രചെയ്തു ക്ഷീണിച്ച യാക്കോബിന്റെ കിണററിനരികെ ഇരിക്കയിൽ വെള്ളംകോരാൻ വന്ന ശമ്രായക്കാരി സ്ത്രീയോടു് "എനിക്കു കുടിക്കുവാൻ കുറെ വെള്ളം തരിക" എന്നു ക്രിസ്തു ആവശ്യപ്പെട്ടു (യോഹ. 4, 6—7). കുരിശിൽ തൂങ്ങിക്കിടക്കയിൽ ക്രിസ്തു "എനിക്കു ദാഹിക്കുന്നു" എന്നു അരുളിച്ചെയ്തു (യോഹ. 19, 28). ജരുസലേം പട്ടണത്തിന്റെ അനുതാപരാഹിത്യം കണ്ടു അവിടുന്നു കരയുകയുണ്ടായി (ലൂക്കാ. 19,41). മരിച്ച ലാസറിനെ ഉയിർപ്പിക്കാൻ വരുകയിൽ ക്രിസ്തുവിന്റെ കണ്ണുകളിൽനിന്നു കണ്ണുനീർ പുറപ്പെട്ടുകൊണ്ടിരുന്നു (യോഹ. 11, 35) ഗത്സേമാൻ തോട്ടത്തിൽ പ്രാർത്ഥിക്കയിൽ "എന്റെ ആത്മാവു മരണംവരെ ദുഃഖിതമായിരിക്കുന്നു" എന്നു ക്രിസ്തു സ്വശിഷ്യന്മാരോടു അരുളിച്ചെയ്തു (മത്താ. 26, 38). ദുഃഖാധിക്യംനിമിത്തം അവിടുത്തെ വിയർപ്പു രക്തത്തുള്ളികൾപോലെയായി നിലത്തുവീണു (ലൂക്കാ. 22,44). ക്രിസ്തു കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു ദുസ്സഹമായ പീഡകൾ സഹിക്കയും, ഒടുവിൽ ഉയർന്നസ്വരത്തിൽ നിലവിളിച്ചു പ്രാണനെ വെടിയുകയുംചെയ്തു (മത്താ. 27, 50). ദൈവസ്വഭാവം മാത്രമുള്ള ഒരാൾക്കു വിശപ്പോ, ദാഹമോ ഉണ്ടായിരിക്കയില്ല. ദൈവസ്വഭാവം മാത്രമുള്ള ഒരാൾ കരയുകയോ, കണ്ണുനീർ പൊഴിക്കയോ, പീഡകൾ സഹിക്കയോ, മരിക്കയോ ഇല്ല. എന്തുകൊണ്ടെന്നാൽ സർവ്വശക്തനായ ദൈവം വിശപ്പിനും, ദാഹത്തിനും, പീഡകൾക്കും, മരണത്തിനും അതീതനാണു്. ആകയാൽ എവുത്തിക്കോസ് പഠിപ്പിക്കുന്നതുപോലെ ക്രിസ്തുവിൽ ദൈവത്വംമാത്രമേ ഉള്ളുവെങ്കിൽ അവിടുന്നു വിശക്കുന്നവനും ദാഹിക്കുന്നവനും ക്ഷീണിച്ചവനും മററുമായി കാണപ്പെട്ടതും, അവിടുന്നു കരഞ്ഞതും, പീഡകൾ സഹിച്ചതും, മരിച്ചതും മററും വെറും പൊള്ളവിദ്യ—ലോകത്തിലെ മനുഷ്യരെ കബളിപ്പിക്കുവാൻ വേണ്ടി നടത്തിയ ഒരു അഭിനയം—മാത്രമാണെന്നു സമ്മതിക്കേണ്ടിവരും. അങ്ങനെയെങ്കിൽ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തതു സ്വപീഡകൾമൂലം മനുഷ്യരെ രക്ഷിക്കാനല്ല, പ്രത്യുത മനുഷ്യകുലത്തെ വഞ്ചിക്കാനും തെററിദ്ധരിപ്പിക്കാനുമാണെന്നു സമ്മതിക്കേണ്ടി വരും. ഇതു നെസ്തോറിയസിന്റെ ഉപദേശത്തെക്കാൾ എത്രയോ അബദ്ധമായ ഉപദേശമാണു്. ആകയാൽ ഈ ഉപദേശത്തെ ഉപേക്ഷിക്കുന്നില്ലെങ്കിൽ എവുത്തിക്കോസിനെ ഒരു പാഷണ്ഡിയായി കരുതി വിധിപ്രസ്താവിക്കണമെന്നാണു നമ്മുടെ വിനീതമായ അഭിപ്രായം.

മാതാവിന്റെ ഒന്നാമത്തെ വ്യാകുലത



ശിമയോൻ അവരെ അനുഗ്രഹിച്ചു; അവരുടെ അമ്മയായ മറിയത്തിനോടു പറഞ്ഞതായതു്: അനേകമാളുകളുടെ ഹൃദയങ്ങളിലെ വിചാരങ്ങൾ വെളിപ്പെടുന്നതിനു ഇസ്രായേലിൽ പലരുടെയും വീഴ്ചക്കും എഴുന്നേല്പിനും മറുത്തുപറയുന്ന അടയാളത്തിനുമായി ഇവൻ ഇതാ വെച്ചുപ്പെട്ടിരിക്കുന്നു (വി. ലൂക്കാ. 2. 34-35.)

മററു മെത്രാന്മാർ എല്ലാവരും (ഏകസ്വരത്തിൽ):— എവുത്തിക്കോസ് ഒരു പാഷണ്ഡിയാണു്. അദ്ദേഹത്തെ സഭയിൽ വച്ചുകൊണ്ടിരിപ്പാൻ നിവൃത്തിയില്ല.

ഫ്ളാവിയൻ പാത്രിയർക്കീസ് (എഴുന്നേററു് എവുത്തിക്കോസിനോടു്):- ഈ മെത്രാന്മാരുടെ അഭിപ്രായങ്ങൾ നിങ്ങൾ കേട്ടല്ലോ. നിങ്ങളുടെ അബദ്ധോപദേശത്തെ ഉപേക്ഷിച്ചു സത്യവിശ്വാസം ഏററുപറയുവാൻ നിങ്ങൾക്കു സമ്മതമാണോ?

എവുത്തിക്കോസ് (എഴുന്നേററു പറയുന്നു):- എന്റെ ഉപദേശം സത്യോപദേശംതന്നെയാണു്. ഈ ഉപദേശത്തെ ഉപേക്ഷിക്കുവാൻ ഞാൻ തയ്യാറല്ല. റോമ്മാമാർപ്പാപ്പായും, അലക്സാണ്ഡ്റിയായിലെയും ജരുസലേമിലെയും പാത്രിയർക്കീസുമാർക്കും മററും ഈ വിഷയത്തെപ്പററി ഞാൻ എഴുതാൻപോകയാണു്.

ഫ്ളവിയൻ:- റോമ്മാമാർപ്പാപ്പായ്ക്കു ഞങ്ങളും എഴുതുന്നുണ്ടു്. ഈ സൂനഹദോസിലെ നിശ്ചയങ്ങൾക്കു അന്ത്യതീരുമാനം ലഭിക്കുന്നതിനുവേണ്ടി അവ മാർപ്പാപ്പാ തിരുമനസ്സിലേക്കു ഞങ്ങൾ അയച്ചുകൊടുക്കുന്നതാണു്. വി. പത്രോസിന്റെ സിംഹാസനത്തിൽനിന്നുള്ള വിധി ഒരിക്കലും അബദ്ധോപദേശത്തെ ആദരിച്ചായിരിക്കയില്ലെന്നു നിങ്ങൾക്കു അറിയരുതോ? അതുകൊണ്ടു നിങ്ങളുടെ അബദ്ധോപദേശത്തെ ഉപേക്ഷിക്കയാണു വേണ്ടതു്.

എവുത്തിക്കോസ്:- അബദ്ധോപദേശം ആരുടേതാണെന്നു റോമ്മാമാർപ്പാപ്പായുടെ വിധി വരുമ്പോൾ നമുക്കു അറിയാറാകും. ഞാനാണോ, നിങ്ങളാണോ വാസ്തവത്തിൽ പാഷണ്ഡോപദേശം പഠിപ്പിക്കുന്നതെന്നു് അപ്പോൾ നമുക്കു മനസ്സിലാകും. ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നു പഠിപ്പിക്കുന്ന നിങ്ങൾ ക്രിസ്തുവിൽ രണ്ടു വ്യക്തിത്വമുണ്ടെന്നു പഠിപ്പിച്ച നെസ്തോറിയസിന്റെ അബദ്ധോപദേശത്തെ വാസ്തവത്തിൽ ആദരിക്കയാണു ചെയ്യുന്നതു്.

ഫ്ളാവിയൻ (എഴുന്നേററു പറയുന്നു):- സഹോദരന്മാരേ, എവുത്തിക്കോസ് അബദ്ധോപദേശം ഉപേക്ഷിക്കാതെ ദുശ്ശാഠ്യപൂർവ്വം അതുതന്നെ മുറുകെ പിടിച്ചിരിക്കുന്നതായി നമുക്കു ബോദ്ധ്യംവന്നിരിക്കുന്നല്ലോ. ആകയാൽ ഈ പ്രാദേശികസൂനഹദോസിൽ സംബന്ധിച്ചിരിക്കുന്ന നാം അദ്ദേഹത്തെ ഒരു പാഷണ്ഡിയായി പ്രഖ്യാപനംചെയ്തു നിശ്ചയങ്ങൾ പാസ്സാക്കുകയല്ലേ വേണ്ടതു? ഈ നിശ്ചയങ്ങളെ നമുക്കു റോമ്മായിലേക്കു് അയച്ചുകൊടുക്കാം. റോമ്മാമാർപ്പാപ്പാ നമ്മുടെ നിശ്ചയങ്ങളെ അംഗീകരിച്ചു വിധിപ്രസ്താവിക്കുന്നെങ്കിൽ എവുത്തിക്കോസിന്റെ ഉപദേശം സാർവ്വത്രികസഭയിൽ സ്വീകാര്യമല്ലെന്നു തീർച്ചയാകുമല്ലോ.

മററു മെത്രാന്മാർ (ഏകസ്വരത്തിൽ):- അതേ, എവുത്തിക്കോസ് അബദ്ധോപദേശത്തിൽത്തന്നെ നിലനില്ക്കുന്നതുകൊണ്ടു ഒരു പാഷണ്ഡിയാണെന്നു തെളിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ അബദ്ധോപദേശത്തെ ശപിക്കുന്ന നിശ്ചയങ്ങൾ പാസ്സാക്കി അവയ്ക്കു അന്ത്യതീരുമാനം സിദ്ധിക്കുന്നതിനുവേണ്ടി നമുക്കു റോമ്മായിലേക്കു അയച്ചുകൊടുക്കാം.

(കർട്ടൻ) (തുടരും)

---

തിരുശേഷിപ്പുകൾ

## ജപ്പാനിലേക്കു്

ജപ്പാനിൽ ആററം ബോംബാക്രമണത്തിനു വിധേയമായ നഗാസക്കിയിൽ വച്ചു് 16-ാം ശതാബ്ദത്തിൽ 26 കത്തോലിക്കർ കൃശിക്കപ്പെട്ടിട്ടുള്ളതാണു്. പ്രസ്തുത രക്തസാക്ഷികളുടെ അസ്ഥികൾ ഇപ്പോൾ റോമയിലാണു്. അവ നഗാസക്കിയിൽ തിരികെ കൊണ്ടുവരുന്നതും ആ രക്തസാക്ഷികൾക്കായി പണിതുവരുന്ന സ്മാരകത്തിന്റെ അടിയിൽ നിക്ഷേപിക്കുന്നതുമാണു്. സ്മാരകത്തിനു 75 അടി ഉയരമുണ്ടായിരിക്കും. മാർബിൾ, സ്വർണ്ണം, ചെമ്പു് എന്നിവകൊണ്ടാണു് അതു നിർമ്മിക്കപ്പെടുന്നതു്. സ്മാരകത്തിന്റെ മുകളിൽ ആറടി പൊക്കമുള്ള ഒരു ക്രൂശിതരൂപം സ്ഥാപിക്കുന്നതാണു്.

വിമർശനവീഥി

# നാസ്തികത്വവും ഉത്തരവാദിത്വബോധവും പരസ്പരവിരുദ്ധങ്ങൾ

പ്രൊഫസർ ഹാൽഡെയിൻ ഇങ്ങനെ എഴുതുന്നു:—

"ലോകത്തിന്റെ ഭാവിക്കു താൻകൂടി ചുമതലക്കാരനെന്ന ഉത്തരവാദിത്വബോധം നാസ്തികനുണ്ട്. മനുഷ്യനു തന്റെ ജീവിതത്തിൽ ചില ധർമ്മങ്ങൾ നിർവ്വഹിക്കേണ്ടതുണ്ടെന്നും അതിൽ ഏറ്റവും ഉപരിയായ ധർമ്മം സാമൂഹ്യനന്മക്കുവേണ്ടിയുള്ള പ്രവൃത്തിയാണെന്നും ഞാൻ വിശ്വസിക്കുന്നു. തന്റെ അവകാശമെന്നതു മറ്റൊരു വീക്ഷണകോടിയിൽക്കൂടി നോക്കുമ്പോൾ തന്റെ ചുമതല മാത്രമാണ്. ഒരുവന്റെ ചുമതല യഥാർത്ഥത്തിൽ അന്യന്റെ അവകാശമാണെന്നുതന്നെ ധരിക്കണം."

### ഉത്തരവാദിത്വത്തിന്റെ അടിസ്ഥാനമെന്തു്?

നാസ്തികനായിരിക്കുന്ന ഒരാൾക്കു് ഉത്തരവാദിത്വത്തിന്റെയോ ചുമതലയുടെയോ, ധർമ്മനിർവ്വഹണത്തിന്റെയോ, അവകാശത്തിന്റെയോ ബോധമുണ്ടാകുക സാദ്ധ്യമല്ലെന്നു യുക്തിപൂർവ്വം ചിന്തിച്ചാൽ കാണാവുന്നതാണ്. ദൈവത്തിലും ആത്മാവിലും വിശ്വാസമില്ലാത്തവനാണല്ലോ നാസ്തികൻ. ഭൗതികപദാർത്ഥവും അതിന്റെ ശക്തികളും മാത്രമേ സ്ഥിതിചെയ്യുന്നുള്ളുവെന്നാണ് അവന്റെ വിശ്വാസം. മനുഷ്യനെ ഒരു മാംസപിണ്ഡമായിട്ടുമാത്രമേ അവൻ ഗണിക്കുന്നുള്ളു. മനുഷ്യനും മൃഗവും തമ്മിൽ പ്രകൃതിയിലും ശക്തികളിലും സാരമായ വ്യത്യാസമൊന്നും അവൻ കാണുന്നില്ല. അവന്റെ ദൃഷ്ടിയിൽ മനുഷ്യൻ മൃഗത്തിന്റെ പരിഷ്കരിച്ച പതിപ്പുമാത്രമാണ്. മനുഷ്യൻ ഇങ്ങനെയുള്ള ജീവിയാണെങ്കിൽ അവനെങ്ങനെ ഉത്തരവാദിത്വത്തിന്റെയും, ചുമതലയുടേയും, ധർമ്മനിർവ്വഹണത്തിന്റെയും, അവകാശത്തിന്റെയും ബോധമുണ്ടാകും?

ഈ ബോധമൊന്നും മൃഗവർഗ്ഗത്തിൽ ഏറ്റവും ഉയർന്ന ജാതിക്കുപോലും ഇല്ലെന്നുള്ളതു സർവ്വസമ്മതമാണല്ലോ. പശു വിളവുതിന്നാൽ അതു് ഉത്തരവാദിത്വബോധമില്ലാതെ പ്രവർത്തിച്ചുവെന്നു് ആരും പറയുകയില്ല. അന്യന്റെ വിളവു തിന്നു നശിപ്പിക്കാതിരിക്കുവാനുള്ള ചുമതലയുടെ ബോധം പശുവിനുണ്ടായിരിക്കണമെന്നു് ആരും വാദിക്കുകയില്ല. വിളവുതിന്നു് അന്യനു വരുത്തിയ നാശം പശു പരിഹരിച്ചില്ലെങ്കിൽ ധർമ്മം നിർവ്വഹിച്ചില്ലെന്നുള്ള കുറ്റം അതിന്റെമേൽ ആരും ആരോപിക്കുകയില്ല. വിളവുതിന്നുകൊണ്ടിരിക്കുമ്പോൾ പശുവിനെ കഠിനമായി ഒരു മനുഷ്യൻ അടിച്ചാൽ, ആരാലും കൈയേറ്റം ചെയ്യപ്പെടാതിരിക്കുവാനുള്ള പശുവിന്റെ അവകാശത്തിനു് ആ മനുഷ്യൻ ഭംഗം വരുത്തിയെന്നു് ആരും പഴിക്കുകയില്ല. പശു വിളവുതിന്നു നശിപ്പിച്ചാൽ അതിന്റെ ഉത്തരവാദിത്വം വഹിക്കേണ്ടതു് മനുഷ്യനാണെന്നു സകലരും സമ്മതിക്കും. പശു വിളവുതിന്നു് അന്യനു നാശം വരുത്താതിരിക്കുവാനുള്ള ചുമതല അതിന്റെ ഉടമസ്ഥനായ മനുഷ്യനുള്ളതാണെന്നു സകലർക്കും ബോദ്ധ്യമുണ്ട്. പശു വിളവുതിന്നു വരുത്തിയ നാശം പരിഹരിക്കാഞ്ഞാൽ ധർമ്മം നിർവ്വഹിച്ചില്ലെന്നുള്ള കുറ്റം അതിന്റെ ഉടമസ്ഥനായ മനുഷ്യന്റെ പേരിലായിരിക്കും സകലരും ആരോപിക്കുക. പശുവിനെ ആരും തല്ലി കേടുവരുത്താതിരിക്കുവാനുള്ള അവകാശം അതിന്റെ ഉടമസ്ഥനായ മനുഷ്യനുള്ളതായിട്ടേ ഏതൊരാളും വാദിക്കുകയുള്ളു. അതു വരുത്തിയ നാശത്തിന്റെയും സഹിച്ച ഉപദ്രവത്തിന്റെയും കാര്യത്തിലുള്ള ഉത്തരവാദിത്വവും ചുമതലയും ധർമ്മനിർവ്വഹണവും അവകാശവും പശുവിന്റേതാകാതെ അതിന്റെ ഉടമസ്ഥനായ മനുഷ്യന്റേതാകുകയാണ് ന്യായമെന്നു സർവ്വരും സമ്മതിക്കുവാൻ കാരണമെന്തു്? ഈ വിഷയത്തിൽ പശുവിനില്ലാത്തതും മനുഷ്യനുള്ളതുമായ പ്രത്യേക വൈശിഷ്ട്യമെന്തു്? ഇതിനു് ഒരേ ഒരു മറുപടിയേ മനുഷ്യവർഗ്ഗമൊട്ടുക്കു നൽകുകയുള്ളു. അതായതു്, കർത്തവ്യങ്ങളും അവകാശങ്ങളും പുരുഷാത്മകമായ (Personal) ജീവിക്കു മാത്രമുള്ളതാണ്. മൃഗം സജീവമായ ഒരു വസ്തു (Thing) മാത്രം; മനുഷ്യനാകട്ടെ ഒരു പുരുഷൻ—ആൾ (Person)—ആണ്. മൃഗവും മനുഷ്യനും തമ്മിലുള്ള സാരമായ ഈ വ്യത്യാസം എന്തിലടങ്ങിയിരിക്കുന്നു? അതിനും ഒരേ ഒരു മറുപടിയേ യുക്തിപൂർവ്വം നല്കുവാനുള്ളു. അതായതു്, മൃഗത്തിനു ആദ്ധ്യാത്മികമായ യാതൊരു സത്തയുമില്ല; മനുഷ്യനാകട്ടെ ആദ്ധ്യാത്മികമായ സത്തയുണ്ട്. മൃഗത്തിനു് ആത്മാവില്ല; മനുഷ്യനാകട്ടെ ആത്മാവുണ്ട്. മനുഷ്യനു് ആത്മാവുണ്ടെന്നുള്ള വസ്തുത, ചിന്തിക്കുക, വിധിക്കുക, അനുമാനിക്കുക, പര്യാലോചിക്കുക എന്നീ പ്രവൃത്തികൾ അവൻ ചെയ്യുന്നുണ്ടെന്നുള്ളതിൽനിന്നു സ്പഷ്ടമായി തെളിയുന്നുണ്ട്. ഈ വിഷയം ഈ പംക്തികളിൽ ഞങ്ങൾ സമർത്ഥിച്ചിട്ടുള്ളതാണ്. (22-ാം പുസ്തകം 42,43,44,45,46 ലക്കങ്ങളിലെ വിമർശനവീഥി നോക്കുക). തന്മൂലം മനുഷ്യനു് ആത്മാവില്ലെന്നു വിശ്വസിക്കുന്ന നിരീശ്വരനു് ഉത്തരവാദിത്വത്തിന്റെയും, ചുമതലയുടേയും, ധർമ്മനിർവ്വഹണത്തിന്റെയും, അവകാശത്തിന്റെയും ബോധമുണ്ടാവുക സാദ്ധ്യമല്ലെന്നാണ് യുക്തി തെളിയിക്കുന്നതു്. നിരീശ്വരത്വവും ഉത്തരവാദിത്വംമുതലായവയും പരസ്പരവിരുദ്ധങ്ങളാണ്.

### ദൈവമില്ലെങ്കിൽ ഉത്തരവാദിത്വമില്ല

ഉത്തരവാദിത്വം എന്നു പറയുമ്പോൾ അതു് ആരോടാണ് എന്നൊരു ചോദ്യം യുക്തിപൂർവ്വം ഉത്ഭവിക്കുന്നു. സകല മനുഷ്യരും സമന്മാരാണ്. മനുഷ്യരെന്ന നിലയിൽ ഒരു മനുഷ്യനും മറ്റൊരു മനുഷ്യനോടും ഒരു കടപ്പാടുമില്ല അവൻ മറ്റൊരു മനുഷ്യനും വിധേയനായിരിക്കുന്നില്ല. പ്രകൃതിദത്തമായ തന്റെ അവകാശങ്ങളെല്ലാം അനുഭവിക്കുവാൻ അവനു സ്വാതന്ത്ര്യമുണ്ട്. മറ്റാരുടേയും അവകാശങ്ങൾക്കു് അവൻ ഭംഗംവരുത്തരുതെന്നേയുള്ളു. വ്യക്തികളെ സംബന്ധിച്ചു മാത്രമല്ല, വ്യക്തികളുടെ സഞ്ചയമായ സമൂഹത്തോടും ഈ നിലയാണ്. ഏതു മനുഷ്യനുമുള്ളതു് ഉത്തരവാദിത്വം ഉണ്ടെന്നു പറയുമ്പോൾ തനിക്കു മേലായ ആരോ ഉണ്ടെന്നും, ആ ആൾ ചില ചുമതലകൾ തന്നെ ഏല്പിച്ചിട്ടുണ്ടെന്നും, ആ ചുമതലകൾ നിർവ്വഹിക്കുവാൻ താൻ ബാദ്ധ്യസ്ഥനാണെന്നും അർത്ഥമാകുന്നു. മറ്റു വ്യക്തികളും സമൂഹംതന്നെയും ഒരു മനുഷ്യന്റേയും മേലാവല്ലാത്തതുകൊണ്ടും, അവനിൽ യാതൊരു ചുമതലയും വെക്കുവാൻ അവർക്കധികാരമില്ലാത്തതുകൊണ്ടും അവരോടാരോടും അയാൾക്കുത്തരവാദമില്ല. ഒരു മനുഷ്യനു് അവനവനോടു് ഉത്തരവാദമുണ്ടെന്നു പറയുന്നതിൽ അർത്ഥവുമില്ലതാനും. കീഴുള്ള ആൾക്കു് മേലുള്ള ആളോടാണല്ലോ ഉത്തരവാദം. ഒരു മനുഷ്യൻ അവന്റെ തന്നെ മേലാവായിരിക്കുക സാദ്ധ്യമല്ല. ആകയാൽ ഏതൊരു മനുഷ്യനും ഉത്തരവാദം ഉണ്ടാകണമെങ്കിൽ അതു സകല മനുഷ്യർക്കും മേലായതും, സകല മനുഷ്യരുടേയുംമേൽ ചുമതലവച്ചിട്ടുള്ളതും ആയ ആളോടായിരിക്കണം. ആ ആളാണ് ദൈവം. തന്മൂലം ഒരു മനുഷ്യനു് ഉത്തരവാദബോധമുണ്ടെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ദൈവമുണ്ടെന്നാണ്. നിരീശ്വരൻ ദൈവത്തിൽ വിശ്വസിക്കുന്നില്ലല്ലോ. അതുകൊണ്ടുംകൂടിയാണ് നിരീശ്വരത്വവും ഉത്തരവാദബോധവും തമ്മിൽ പരസ്പരവൈരുദ്ധ്യമുണ്ടെന്നു യുക്തിപൂർവ്വം ചിന്തിച്ചാൽ കാണാമെന്നു പറഞ്ഞതു്.

### നിരീശ്വരന്മാർക്കു് ഉത്തരവാദബോധമുണ്ടാകാൻ കാരണമെന്തു?

എന്നുവരികിലും നിരീശ്വരന്മാർ ഉത്തരവാദബോധമുള്ളവരായി കാണപ്പെടുന്നുണ്ടെന്നു് സമ്മതിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ കാരണം, അവർ വ്യക്തിപരമായി ദൈവവിശ്വാസമില്ലാത്തവരാണെങ്കിലും ദൈവവിശ്വാസമുള്ള അന്തരീക്ഷത്തിൽ അവർ ജനിക്കുകയും, വളരുകയും, ജീവിക്കുകയും ചെയ്യുന്നുവെന്നുള്ളതാണ്. മനുഷ്യവർഗ്ഗം മൊത്തത്തിൽ ദൈവവിശ്വാസമുള്ളവരാണെന്നു് ചരിത്രം സാക്ഷീകരിക്കുന്നു എല്ലാക്കാലത്തും മനുഷ്യസമുദായത്തിന്റെ ഗതിവിഗതികളെ നിയന്ത്രിച്ചിട്ടുള്ളവരുടേയും വിജ്ഞാനത്തെ പോഷിപ്പിച്ചിട്ടുള്ളവരുടേയും സംസ്കാരത്തെ പ്രചരിപ്പിച്ചിട്ടുള്ളവരുടേയും അങ്ങനെ മനുഷ്യനാഗരികതയെ കെട്ടിപ്പൊക്കിയിട്ടുള്ളവരുടേയും ബഹുഭൂരിഭാഗം ദൈവവിശ്വാസമുള്ളവരായിരുന്നു. അങ്ങനെയാണ് ദൈവവിശ്വാസത്തോടുകൂടിയ അന്തരീക്ഷം ലോകചരിത്രത്തിൽ എന്നും എവിടെയും നിലനില്ക്കുവാൻ ഇടവന്നിട്ടുള്ളതു്. സൂര്യൻ അസ്തമിച്ചശേഷവും സന്ധ്യാവെളിച്ചം കുറെ സമയത്തേക്കു നിലനില്ക്കുന്നതുപോലെ, ഒരു മനുഷ്യന്റെ ദൈവവിശ്വാസം അസ്തമിച്ചുപോയാലും അതിനെ ആധാരമാക്കിയുള്ള ഉത്തരവാദബോധം കുറെക്കാലത്തേക്കെങ്കിലും നിലനില്ക്കുന്നതാണ്. അയാളെ ചുറ്റിയിരിക്കുന്ന ദൈവവിശ്വാസത്തോടുകൂടിയ അന്തരീക്ഷം ആ ഉത്തരവാദബോധത്തെ പിന്താങ്ങിക്കൊണ്ടിരിക്കും. ഇങ്ങനെയാണ് നിരീശ്വരന്മാരിലും ഉത്തരവാദബോധം ഉണ്ടായിരിക്കുന്നതായി കണ്ടുവരുന്നതു്.

എന്നാൽ സൂര്യാസ്തമനത്തിനു ശേഷമുള്ള സന്ധ്യാവെളിച്ചം നീണ്ടു നില്ക്കാത്തതുപോലെ, ക്രമേണ രാത്രിയുടെ അന്ധകാരം ഭൂമിയെ ആവരണം ചെയ്യുന്നതുപോലെ, ദൈവവിശ്വാസം ഭൂമിയിൽ ഒട്ടാകെ തലമുറകൾ തലമുറകളായി അസ്തമിച്ചുകഴിഞ്ഞാൽ ധർമ്മനിർവ്വഹണവും അതിനെപ്പറ്റിയുള്ള ഉത്തരവാദബോധവും നിശ്ശേഷം അപ്രത്യക്ഷപ്പെടുമെന്നും അധർമ്മനിർവ്വഹണത്തിന്റെയും ഉത്തരവാദബോധരാഹിത്യത്തിന്റെയും അന്ധകാരം ഭൂമിയിൽ ആകമാനം വ്യാപിക്കുമെന്നും തീർച്ചയാണ്. ഇതിനേതാണ്ടൊരു തെളിവ് റഷ്യയിലെ അനുഭവം നമുക്കു നല്കുന്നുണ്ട്.

### റഷ്യ ഇതിനു തെളിവാണ്

നിരീശ്വരത്വം ഒരു സിദ്ധാന്തമായി സോവ്യറ്റ് രാഷ്ട്രംതന്നെ ആ രാജ്യത്തു സ്വീകരിച്ചിരിക്കുന്നു; രാഷ്ട്രത്തിന്റെ സകല കഴിവുകളും ഉപയോഗിച്ചു് അവിടെ നിരീശ്വരത്വം പ്രചരിപ്പിക്കുവാൻ സമരപ്രസക്തമായ പ്രസ്ഥാനം ആദ്യംമുതൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടൊന്നും റഷ്യയിലെ ബഹുജനങ്ങളുടെ ഹൃദയങ്ങളിൽ പ്രകൃതിദത്തമായിത്തന്നെ വേരൂന്നിപ്പോന്നിട്ടുള്ള ദൈവവിശ്വാസത്തെ പിഴുതുകളയുവാൻ സാധിച്ചിട്ടില്ല. എന്നുവരികിലും ആ നിരീശ്വരപ്രസ്ഥാനത്തിന്റെ ഏറ്റവും ശക്തിയേറിയ സ്വാധീനപ്രയോഗങ്ങൾക്കു വിധേയരാക്കപ്പെട്ട ബാലികാബാലന്മാരുടേയും യുവതീയുവാക്കന്മാരുടേയും ഹൃദയങ്ങളിൽ ദൈവവിശ്വാസത്തിനു സ്ഥാനമില്ലാതാക്കപ്പെട്ടു. അതിന്റെ ഫലമോ? ധർമ്മനിർവ്വഹണത്തിന്റെയും അതു സംബന്ധിച്ചുള്ള ഉത്തരവാദബോധത്തിന്റെയും ഭയങ്കരമായ രാഹിത്യം മാത്രമായിരുന്നു. സ്വതന്ത്രപ്രേമം, ഭ്രൂണഹത്യ മുതലായി ശബ്ദിക്കുവാൻപോലും കൊള്ളാത്തതായ അസാന്മാർഗ്ഗികനടപടികൾ അവരുടെയിടയിൽ വളർന്നുവന്നതായും, അതിലേക്കു് അവരുടെ വിദ്യാഭ്യാസത്തിന്റെ ചുമതലവഹിച്ചിരുന്ന നിരീശ്വരന്മാർ അവരെ പ്രേരിപ്പിച്ചിരുന്നതായും സോവ്യറ്റു റഷ്യയിലെ ഔദ്യോഗിക പത്രങ്ങൾതന്നെ സാക്ഷീകരിച്ചിട്ടുള്ളതാണ്. ഒരു ഔദ്യോഗിക പത്രത്തിൽ ഒരു വിദ്യാഭ്യാസ പ്രവർത്തക ചെയ്ത പ്രസ്താവം ഇങ്ങനെയായിരുന്നു:- "പ്രേമത്തിന്റെ കാര്യങ്ങളിൽ തങ്ങളെ കഴിയുന്നിടത്തോളം കുറച്ചുമാത്രമേ നിയന്ത്രിക്കേണ്ടു എന്നുള്ളതു് ഓരോ വിദ്യാർത്ഥിനിയും ഒരു പ്രമാണമായിട്ടാണ് ഗണിക്കേണ്ടതു്." തുടർന്നുള്ള വാക്യങ്ങൾ ഇവിടെ പകർത്തിയാൽ ഈ പംക്തി മലിനസമാകും. അപ്രകാരംതന്നെ ഭ്രൂണഹത്യയെപ്പറ്റിയുള്ള ഔദ്യോഗികമായ തെളിവുകളും ഞങ്ങളുടെ മുമ്പിലിരിക്കുന്നതു് ഇവിടെ ഉദ്ധരിക്കുവാൻ ഞങ്ങൾക്കു വൈമനസ്യമുണ്ട്. "ഇസ്വെസ്റ്റിയാ" എന്ന മോസ്കോയിലെ ഔദ്യോഗികപത്രത്തിന്റെ 1924 ഡിസംബർ 25-ാംനു- ലക്കത്തിൽ സഖാവു ഗൊസ്റ്റർ എഴുതിയിരുന്ന ഒരു ലേഖനത്തിൽ അക്കൊല്ലം മോസ്കോയിൽ പരിത്യക്തരായിരുന്ന കുട്ടികളുടെ സ്ഥിതി വിവരിച്ചിരിക്കുന്നതിങ്ങനെയാണ്: "പതിനാലുവയസ്സിനു കീഴോട്ടുള്ള ഈ കുട്ടികളിൽ 50 ശതമാനം സ്വയം വരുത്തിക്കൂട്ടിയ സിഫിലിസ് രോഗത്താലും, വിഷബീജങ്ങളാലും, മദ്യപാനത്താലും, മറ്റു സകലവിധ പകർച്ചവ്യാധികളാലും ബാധിക്കപ്പെട്ടിരുന്നു." ഒരനാഥശാലയിലെ നിവാസികളെക്കുറിച്ചു് ഈ സഖാവുതന്നെ ഇപ്രകാരം സമ്മതിച്ചുപറയുന്നു: "കുട്ടികൾ പുകവലിക്കുന്നു; പരസ്പരം ചീത്തപറയുകയും തല്ലുപിടിക്കുകയും ചെയ്യുന്നു. ഡയറക്ടറന്മാരുടെനേരെ അവർക്കു ലേശംപോലും ബഹുമാനമില്ല. അവർ അദ്ധ്യാപകന്മാരെ ബഹുമാനിക്കുന്നുമില്ല. അവർ വേല ചെയ്യുന്നില്ല; വേല ചെയ്യാൻ മനസ്സുള്ളവരുമല്ല. അനേകം കുട്ടികൾ കറുപ്പും കഞ്ചാവും ഉപയോഗിക്കുന്നവരാണ്." ഉദ്ധരിക്കാൻ ധൈര്യപ്പെടാത്തതിനാൽ ബാലന്മാരും ബാലികമാരും തമ്മിലുള്ള പെരുമാറ്റത്തെപ്പറ്റി പറയുന്നഭാഗം ഞങ്ങൾ വിട്ടുകളയുന്നു.

ദൈവവിശ്വാസം അസ്തമിക്കുന്നതോടുകൂടി ധർമ്മനിർവ്വഹണവും അതിനെപ്പറ്റിയുള്ള ഉത്തരവാദബോധവും ക്രമേണ നശിക്കാതെ നിവൃത്തിയില്ല. അടിസ്ഥാനം തട്ടിയാൽ അതിന്മേൽ പണിതിരിക്കുന്ന സൗധം നിലംപതിക്കാതിരിക്കുമോ? ദൈവവിശ്വാസമില്ലാത്തവനു ധർമ്മനിരതനാകുവാനും അതിനുവേണ്ട ഉത്തരവാദബോധമുണ്ടാകുവാനും യുക്തിപൂർവ്വകമായ പ്രേരണയില്ല. മനുഷ്യന്റെ സ്വാഭാവികമായ വാസന സ്വാർത്ഥം തൃപ്തിപ്പെടുത്താനാണ്. അതു പിടിച്ചടക്കിയെങ്കിൽമാത്രമേ ഉത്തരവാദബോധത്തോടുകൂടി ധർമ്മം നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളു. താൻ അതെന്തിനു പിടിച്ചടക്കണം, എന്തിനു സ്വാ

(ശേഷം 10-ാം പേജിൽ)



രണ്ടാമത്തെ വ്യാകുലത

അവർ (ജ്ഞാനികൾ) പോയശേഷം കർത്താവിന്റെ ദൂതൻ ഔസേപ്പിനു ഉറക്കത്തിൽ പ്രത്യക്ഷനായി പറയുന്നു: നീ എഴുന്നേററു ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ടു് ഈജിപ്തുനാട്ടിലേക്കു ഓടിപ്പോയി, ഞാൻ നിന്നോടു പറയുന്നതുവരെ അവിടെ പാർക്കുക; എന്തെന്നാൽ നശിപ്പിക്കുന്നതിനുവേണ്ടി ഹേറോദേശ് ശിശുവിനെ അന്വേഷിക്കാൻ ഇടയാകും.

അയാൾ എഴുന്നേററു രാത്രിയിൽ തന്നെ ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ടു് ഈജിപ്തിലേക്കു പിന്മാറി, ഹേറോദേശിന്റെ മരണംവരെ അയാൾ അവിടെ വസിച്ചു. (മത്തായി 2. 13-14)



# ബോസ്കോ ബാലരംഗം

പ്രയത്നം പ്രാർത്ഥന പ്രസന്നത

## Bosco Children's Club (ബി. സി. സി.)

# ഇന്നത്തെ സലേഷ്യൻസഭ

"ഒരു കടുകു മുളച്ചു സത്വരം വൻ-
തരുവിനുതുല്യമിതാ വളന്നിടുന്നു
പുരുമുദമൊടു പത്രിവൃന്ദമെങ്ങും
മരുവിടുമേറിന ശാഖയോടുകൂടി"

പ്രിയകുഞ്ഞുങ്ങളേ,

വിശുദ്ധ ജോൺബോസ്കോ മരിക്കുന്നതിനു രണ്ടു കൊല്ലം മുമ്പ് അദ്ദേഹത്തിന് ഒരു ദർശനമുണ്ടായി. ദൈവജനനി അദ്ദേഹത്തിനു ഉറക്കത്തിൽ പ്രത്യക്ഷയായി ഒരു വലിയ ആട്ടിൻകൂട്ടത്തെ കാണിച്ചു

"എത്രവലിയ അജവൃന്ദമാണിതെന്നു നീ കാണുന്നുവോ?"

"ഉവ്വ്. ഞാൻ കാണുന്നു."

"ഒൻപതുവയസ്സിൽ നീനക്കുണ്ടായ സ്വപ്നം നീ ഓർമ്മിക്കുന്നില്ലേ?...ഇതാ ഈ ഭാഗത്തേക്കു നോക്കുക. എന്താണു കാണുന്നതു്?"

"പവ്വതങ്ങളും, കടലുകളും, കുന്നുകളും. വാൽപ്പരീസോ, സാൻറിയാഗോ എന്ന പേരുകൾ ഏകദേശം തിരിച്ചുകാണാനുണ്ട്."

"ഇനി മറേറഭാഗത്തേക്കു നോക്കിയാൽ കാണുന്നതെന്താണ്?"

"വീണ്ടും കടലുകളും, മലകളും. "പെക്കിങ്ങ്" എന്നൊരു ലേഖമാത്രം തിരിച്ചറിയാനുണ്ട്."

"കൊള്ളാം, പെക്കിങ്ങിൽനിന്നു സാൻറിയാഗോയിലേക്ക് ഒരു വരവരയ്ക്കുക. തെക്കേ ആഫ്രിക്കയിലുള്ള ഒരു ബിന്ദുവിലേക്ക് ഈ വരയുടെ രണ്ടററങ്ങളും യോജിപ്പിക്കുമ്പോൾ ഒരു ത്രികോണം ഉണ്ടാകുന്നില്ലേ? സലേഷ്യൻകാരുടെ മിഷൻപ്രവത്തനരംഗമാണ് അതിനകം."

"അയ്യോ! ഞങ്ങൾ എങ്ങനെ ഇതെല്ലാം നോക്കി അന്വേഷിക്കും?"


"പേടിക്കേണ്ട; നിൻെറ മക്കൾ പരിശുദ്ധ കന്യകയുടെ സുകൃതങ്ങൾ അഭ്യസിച്ചുവരുന്ന കാലത്തോളം ഇതും ഇതിലധികവും അവർ നിവ്വഹിക്കും."

വിശുദ്ധ ജോൺബോസ്കോയുടെ സലേഷ്യൻസഭ മേല്പറഞ്ഞ ദർശനത്തെ അന്വത്ഥമാക്കിക്കൊണ്ടു് ഇന്നും അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 18 അംഗങ്ങളോടുകൂടി 90 കൊല്ലംമുമ്പു ആരംഭിച്ച അദ്ദേഹത്തിൻെറസഭയിൽ ഇന്നു പതിനയ്യായിരത്തിൽപ്പരം സന്യാസികളാണുള്ളതു്. ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലുമായി 840 ൽപ്പരം ആശ്രമങ്ങൾ അവക്കുണ്ടു്. അതുപോലെതന്നെ 15 അംഗങ്ങളോടുകൂടി 77 കൊല്ലങ്ങൾക്കുമുമ്പു സമാരംഭിച്ച അവരുടെ കന്യാസ്ത്രീവിഭാഗത്തിൽ പതിനോരായിരം അംഗങ്ങളും 670-ൽ അധികം മഠങ്ങളുമുണ്ടു്. മേൽക്കാണിച്ച ത്രികോണത്തിലുൾപ്പെട്ട രാജ്യങ്ങളിലും അതിനു പുറത്തും ഇന്നു സലേഷ്യൻകാരുടെ സ്ഥാപനങ്ങൾ തിരുസ്സഭാകിരീടത്തിലെ രത്നങ്ങൾപോലെ പ്രശോഭിക്കുന്നു.

1841-ൽ ആരംഭിച്ച വിനീതമായ ഓറട്ടറിയുടെ അനന്തരഗാമികളായി ഇപ്പോൾ കാട്ടുമൃഗങ്ങളെ കുഞ്ഞാടുകളാക്കുന്ന 848-ൽപ്പരം ഓററ്റികളാണുള്ളതു്. സന്യാസികളുടെ മേൽനോട്ടത്തിൽ 435, കന്യാസ്ത്രീകളുടെ വക 413, അഞ്ഞൂറോളം വിദ്യാലയങ്ങൾ, ഒരുന്നൂറിൽപ്പരം സാങ്കേതികപാഠശാലകൾ, 39 കാർഷികപരിശീലനകേന്ദ്രങ്ങൾ, ഇരുന്നൂറിലധികം അനാഥശാലകളും ആസ്പത്രികളും, 168 യോഗാത്ഥിമന്ദിരങ്ങൾ,70അച്ചുക്കൂടങ്ങൾ, 12മിഷൻപരിശീലനശാലകൾ ആദിയായവ അവർ നടത്തുന്നതായിട്ടാണു നാലുകൊല്ലം മുമ്പുള്ള ഒരു കണക്കിൽ കാണുന്നതു്. വൽഡോക്കോയിലെ ചെറുകപ്പേളയുടെ അനുഗാമികളായി ഇപ്പോൾ ഇരുന്നൂറിൽപ്പരം ഇടവകപ്പള്ളികളുൾപ്പെടെ അഞ്ഞൂറോളം പള്ളികളും അനവധി കപ്പേളകളും ഭൂമുഖത്തെ അലങ്കരിക്കുന്നു.

സലേഷ്യൻപ്രവത്തനങ്ങൾ നടക്കാത്ത ഒരു ഭൂഖണ്ഡവും ഇനി ശേഷിച്ചിട്ടില്ല. യൂറോപ്പിലും, ഏഷ്യയിലും, ആഫ്രിക്കയിലും, അമേരിക്കയിലും, ഓഷ്യാനിയായിലും അവർ ക്രിസ്തുരാജനുവേണ്ടി ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. പതിനഞ്ചുലക്ഷം ചതുരശ്രമൈൽ സ്ഥലത്തായി ഒരുകോടി അമ്പതുലക്ഷത്തിൽപ്പരം ആത്മാക്കൾ അവരുടെ സംരക്ഷണയിൽ ഉൾപ്പെടുന്നതായി കണക്കാക്കിയിരിക്കുന്നു. ഇനിയും ശതാബ്ദപൂത്തി പ്രാപിച്ചിട്ടില്ലാത്ത ഈ സന്യാസസംഘം, അനേകശതാബ്ദങ്ങൾ പഴക്കമുള്ള പല മിഷൻസഭകളെയും പിമ്പിലാക്കിക്കൊണ്ടു്, തിരുസ്സഭയിലെ വമ്പിച്ച മിഷൻസേനകളിൽ മൂന്നാംസ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. ഈ ജോലികളിലെല്ലാം തങ്ങളെ സഹായിക്കുന്നതിലേക്കു "സലേഷ്യൻ സഹകാരികൾ" എന്ന പേരിൽ ഒരു വിപുലമായ അൽമായസേനയെ വിശുദ്ധ ജോൺബോസ്കോ പിന്നണിയിൽ സജ്ജീകരിച്ചിരിക്കുന്നതാണ് ഈ വിജയത്തിനെല്ലാം ഒരു പ്രധാനകാരണമെന്നു പറയാം. സന്യാസികൾക്കു പുരുഷസഹകാരികളും, കന്യാസ്ത്രീകൾക്കു സ്ത്രീസഹകാരിണികളുമുണ്ടു്. ഇവരുടെ സംഖ്യ ഇന്നു നാലുലക്ഷത്തിൽപ്പരം വരും. പ്രാത്ഥനകൊണ്ടും പണംകൊണ്ടും സലേഷ്യൻ പ്രവത്തനങ്ങളെ പുരോഗമിപ്പിക്കുന്നതിൽ അവർ അശ്രാന്തപരിശ്രമംചെയ്തുവരുന്നു. പൂവ്വവിദ്യാത്ഥിസംഘം, ക്രിസ്ത്യാനികളുടെ സഹായമാതാവിൻെറ ദാനസംഘം, വൈദികപഠന സഹായസഖ്യം, യുവമിഷനറി സഹായസംഘടന ആദിയായി വേറേയും പല അൽമായ "അഞ്ചാംപത്തിക്കാർ" സലേഷ്യൻസഹകാരികളായി പ്രവത്തനം നടത്തിപ്പോരുന്നുണ്ടു്.

മൂന്നാമത്തെ വ്യാകുലത



(തിരുന്നാൾ) ദിവസങ്ങൾ കഴിഞ്ഞു അവർ മടങ്ങിപ്പോരുമ്പോൾ ബാലനായ ഈശോ ഓർസലേമിൽ താമസിച്ചു. മാതാപിതാക്കന്മാർ അതറിഞ്ഞതുമില്ല. അദ്ദേഹം സഹയാത്രക്കാരുടെകൂടെയുണ്ടായിരിക്കുമെന്നു വിചാരിച്ചു് അവർ ഒരുദിവസത്തെ വഴി പോന്നു. അനന്തരം തങ്ങളുടെ ബന്ധുക്കളുടേയും പരിചയക്കാരുടേയും ഇടയിൽ അദ്ദേഹത്തെ അന്വേഷിച്ചു. കുട്ടിയെ കാണായ്കയാൽ അദ്ദേഹത്തെ അന്വേഷിച്ചു അവർ ഓർസലേമിലേക്കു മടങ്ങിപ്പോയി. (വി. ലൂക്കാ 2.43-45)

നമ്മുടെ ഭാരതത്തിൽ സലേഷ്യൻ സഭക്കാർ പ്രവത്തനം ആരംഭിച്ചതു് 1922-ൽ മാത്രമാണു്. ഒന്നാമത്തെ സലേഷ്യൻ സംഘത്തെ ഇവിടേക്കു ആനയിച്ചതു് ഇന്നു മദ്രാസിലെ സലേഷ്യൻ മെത്രാപ്പോലീത്തായെന്നപേരിൽ വിഖ്യാതനായിരിക്കുന്ന മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ ലൂയിസ് മത്തിയാസ് തിരുമേനിയത്രെ. തിരുവിതാംകൂറിലെ വിദ്യാഭ്യാസ പ്രക്ഷോഭണകാലത്തു സർ സി. പി. യുടെ മതവിദ്വേഷകസംരംഭങ്ങളോടു സധീരം പോരാടുന്നതിൽ മുന്നിട്ടുനിന്നു പ്രവത്തിച്ച ഈ സലേഷ്യൻ പടയാളിയെ കേരളീയർ ഒരുകാലത്തും വിസ്മരിക്കാവുന്നതല്ല. മദ്രാസ്, ആസ്സാം, കൃഷ്ണഗാർ എന്ന മദ്രാസനങ്ങളിൽ ഇപ്പോൾ സലേഷ്യൻ വൈദികാദ്ധ്യക്ഷന്മാർ ഭരണം നടത്തുന്നു. സലേഷ്യൻ സന്യാസികളുടെയും കന്യാസ്ത്രീകളുടെയും വകയായി നിരവധി വിദ്യാലയങ്ങളും ധമ്മസ്ഥാപനങ്ങളും മിഷൻകേന്ദ്രങ്ങളും ഭാരതത്തിൽ വിജയകരമായി പ്രവത്തനം നടത്തിക്കൊണ്ടിരിക്കുന്നു. ഏതദ്ദേശീയയുവാക്കന്മാരെയും യുവതികളേയും അവർ സഭയിലേക്കു ക്ഷണിച്ചുകൊണ്ടാണിരിക്കുന്നതു്. അവരുടെ പരിശീലനത്തിനു വേണ്ട സ്ഥാപനങ്ങൾ അവിടവിടെയായി ആരംഭിച്ചിട്ടുണ്ടു്. കേരളത്തിൽനിന്നുതന്നെ ഇതിനകം പല ചെറുപ്പക്കാർ അവിടെ എത്തി മിഷൻപ്രവത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്നറിയുന്നതു നിങ്ങൾക്കു ഉന്മേഷജനകമായിരിക്കുമല്ലോ. നമ്മുടെ ബാലരംഗാംഗങ്ങൾതന്നെ കത്താവിൻെറ പടയാളികളായി അവിടെ എത്തിക്കഴിഞ്ഞിരിക്കുന്നു. സ്കൂൾഫൈനൽ പാസ്സായ യുവജനങ്ങളെ അവർ സസന്തോഷം സ്വീകരിക്കും. ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്നവരെ അവരുടെ വിദ്യാലയങ്ങളിൽ ചേത്തു പഠിപ്പിക്കുന്നതിനും തയാറുണ്ടു്. അതിലേക്കുള്ള ചെലവുകളിൽ ഒരുഭാഗമെങ്കിലും നിവൃത്തിയുണ്ടെങ്കിൽ നിങ്ങൾ വഹിക്കണമെന്നേ അവർ ആവശ്യപ്പെടുന്നുള്ളു. നല്ല പ്രസന്നസ്വഭാവവും പ്രയത്നസന്നദ്ധതയുമുള്ളവരായിരിക്കണമെന്നു നിർബന്ധമാണു്. The Salesian Provincial 2 Armenian St. G. T. Madras എന്നോ, The Salesian Provincial Catholic Mission, Assam, Gauhati എന്നോ ഉള്ള മേൽവിലാസത്തിലാണു് അപേക്ഷിക്കേണ്ടതു്. മാമ്മോദീസായുടെയും മുമ്പിലത്തെ ഒപ്പുശുശ്രൂഷയുടെയും സാക്ഷിപത്രങ്ങളും, ന്യായമായ വിവാഹത്തിൽ ജനിച്ചയാളാണെന്നുള്ളതിനു വികാരിയച്ചൻെറ ഒരു സാക്ഷിയും, വിദ്യാലയാധികൃതന്മാരുടെയോമറേറാ ഒരു കോൺഡക്ററു സർട്ടിഫിക്കററും അയച്ചുകൊടുക്കേണ്ടിയിരിക്കുന്നു.

പ്രിയകുഞ്ഞുങ്ങളേ, ദൂരെ ദൂരെ ഇററലിയിലെ ബെച്ചിയിലുള്ള കൊച്ചുജോണിയുമായി നാം പരിചയപ്പെട്ടുതുടങ്ങി. ഇപ്പോഴിതാ ആ ജോണിക്കുട്ടിയുമായി നാം അടുത്തുവന്നിരിക്കുന്നു. ആ ജോണി വി. ജോൺ ബോസ്കോ ആയി നമ്മുടെ ബാലരംഗത്തിൻെറ നാമകാരണനും മദ്ധ്യസ്ഥനുമായിത്തീന്നിരിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട ഭാരതഭൂമിയിൽത്തന്നെ പത്തമ്പതു സ്ഥലങ്ങളിൽ ആ വി. ബോസ്കോയുടെ മക്കൾ പ്രശസ്തമായ ജോലികൾ നിവ്വഹിച്ചുവരുന്നതായിട്ടും നാം കാണുന്നു. കേരളീയരായ നമ്മുടെ സഹോദരീസഹോദരന്മാർ അവരുടെ സേനാവിഭാഗത്തിൽ ചേന്നു നമ്മുടെ മാതൃരാജ്യത്തിൻെറ മാനസാന്തരത്തിനായി വേലചെയ്യുന്നതായും നാം അറിയുന്നു. പോരാ, നമ്മുടെ ബാലരംഗത്തിലെ അംഗങ്ങൾതന്നെയും സലേഷ്യൻ സഭാ കവാടത്തിങ്കലെത്തിയിട്ടുള്ളതായി നമ്മെ അറിയിച്ചിരിക്കുന്നു. ഇതിൽക്കൂടുതൽ ബന്ധം നമ്മുടെ പ്രിയപ്പെട്ട പുണ്യവാനോടു ഇനി നമുക്കു എന്താണുണ്ടാകാനുള്ളതു്? ഇനി വിശുദ്ധനെ നമുക്കു് അനുകരിക്കാം. അദ്ദേഹത്തെ അനുഗമിക്കാം. അദ്ദേഹം സ്വഗ്ഗത്തിൽ നമ്മെ കാത്തിരിക്കും എന്നല്ലേ അന്ത്യവാഗ്ദാനം? ഹാ! വി. ജോൺബോസ്കോ! അവിടേക്കു ഞങ്ങളും തത്രപ്പെട്ടുവരുന്നു. സദാ ഞങ്ങളെ സഹായിച്ചുകൊള്ളണമേ. ആമ്മേൻ.

### അടുത്തലക്കംമുതൽ

അമേരിക്കനായ ഫാദർ ഇസിദോർ ഓബ്രീയൻ എന്ന പണ്ഡിതൻ നമ്മുടെ കത്താവിൻെറ ഒരു ജീവചരിത്രം ഈയിടെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. കത്തോലിക്കാലോകത്തിൻെറ മുക്തകണ്ഠമായ പ്രശംസയ്ക്കു് അതു പാത്രീഭവിച്ചിരിക്കുന്നു. സുവിശേഷം ദിവ്യരക്ഷകൻെറ ജീവചരിത്രമാണു്. പക്ഷേ അതു സംക്ഷേപമായ ഒരു കുറിപ്പുമാത്രമേയാകുന്നുള്ളു. സുവിശേഷത്തിലെ പല ഭാഗങ്ങളും വേണ്ടപോലെ ഗ്രഹിക്കുന്നതിനു്, അതിനുമുമ്പും പിമ്പുമുള്ള ചരിത്രങ്ങൾ, സാമുദായികസ്ഥിതിഗതികൾ, ആളുകളുടെയും സ്ഥലങ്ങളുടെയും വിവരങ്ങൾ മുതലായവ ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഈ വിഷയങ്ങളെല്ലാം സംബന്ധിച്ചു് ഫാദർ ഓബ്രീയൻ ഒരു പ്രമാണകൃത്തായിട്ടാണു് ഇന്നു അറിയപ്പെടുന്നതു്. ആകയാൽ അദ്ദേഹത്തിൻെറ കൃതിയിൽനിന്നു നിങ്ങൾക്കു പ്രയോജനപ്പെടുന്ന ചില ഭാഗങ്ങൾ അടുത്തലക്കംമുതൽ പ്രസിദ്ധപ്പെടുത്തുന്നതിനാണു് നിശ്ചയിച്ചിരിക്കുന്നതു്. നമ്മുടെ സ്നേഹം നിറഞ്ഞ കത്താവിനെ കൂടുതൽ അറിയുന്നതിനും സ്നേഹിക്കുന്നതിനും നിങ്ങൾക്കു അതു പ്രയോജനപ്പെടും. സുവിശേഷങ്ങൾ പൂവ്വാധികം ഫലസിദ്ധിയോടെ വായിച്ചു ധ്യാനിക്കുന്നതിനും ഉപയോഗപ്പെടും. ഹൃദയപൂവ്വം അതിനായി പ്രാത്ഥിക്കുക.

### പദ്യരചനക്ലാസ്

നമ്മുടെ പ്രസിദ്ധകത്തോലിക്കാ സാഹിത്യകാരനായ അന്തപ്പായിയെപ്പററി നിങ്ങൾ കേട്ടിരിക്കുമല്ലോ. പതിമൂന്നുകൊല്ലമേ ആയിട്ടുള്ളു അദ്ദേഹം കാലഗതിപ്രാപിച്ചിട്ടു്. പത്തറുപതുകൊല്ലം മുമ്പു് അദ്ദേഹം ഒരു ചെറിയ നോവൽ എഴുതിയിട്ടുണ്ടു്. അക്കാലത്തെ നാടകമെഴുത്തുഭ്രമക്കാരെ കണക്കിനു പ്രഹരിച്ചിട്ടുള്ള ഒരു ചാട്ടയാണു് "നാടകാന്ത്യം കവിത്വം" എന്ന ആ ഹാസ്യകൃതി. ഒരു ഗവമ്മെൻറു ജോലിക്കാരനായിരുന്ന കരുണാകരമേനോനെ നാടകഭ്രമം പിടികൂടി. കച്ചേരിക്കുപോകാൻ നേരമായിട്ടും പുറത്തേക്കു കാണുന്നില്ല. വേലക്കാരൻ ശങ്കരൻ ചെന്നു് ഊണിനു ക്ഷണിച്ചതിൽ അക്ഷമനായ മേനോൻ ഒരു തള്ളുകൊടുത്തിട്ടു സാധു കോവണിയുടെ താഴത്തെ പടിയിലാണു ചെന്നുകിടന്നതു്. ഒരിഞ്ചാക്കുട്ടി കിട്ടണമെന്നു യജമാനൻ ഇടയ്ക്കിടെ പറയുന്നതു കേട്ട ആ വിഡ്ഢി ഒരുകെട്ടിഞ്ചി വേഗം മുകളിൽ കൊണ്ടുപോയിക്കൊടുത്തു. നല്ല പ്രഹരം സമ്മാനമായിട്ടു് അപ്പോഴും കിട്ടിയെന്നു പറയേണ്ടതില്ലല്ലോ. മേനോൻ അന്വേഷിച്ച ആ "ഞ്ച"യെന്താണെന്നു നിങ്ങൾക്കു മനസ്സിലായോ? നാടകത്തിലേക്കുള്ള ഒരു കവിത ചമച്ചതിൻെറ മൂന്നു പാദങ്ങൾ ഒരുവിധം തീത്തെടുത്തു. ഓരോ പാദത്തിൻെറയും രണ്ടാമത്തെ അക്ഷരം "ഞ്ചാ" എന്ന അക്ഷരമായിരുന്നു. നാലാമത്തെ പാദത്തിനും ഒരു "ഞ്ചാ" കിട്ടാൻ കിടന്നു തലപുകയുമ്പോഴാണു് ഗ്രഹപ്പിഴയ്ക്കു ശങ്കരൻ കയറിച്ചെന്നതു്. ഈ ദ്വിതീയാക്ഷരപ്രാസം ഭാഷാകവിതയിൽ ഇപ്പോൾ ഒരു പ്രമാണമെന്നപോലെ ആയിത്തീന്നിട്ടുണ്ടു്.

"വാസന്തിമധുവാന്നോ വാക്കിനു സജാ
തീയ ദ്വിതീയാക്ഷര-
പ്രാസം ചേപ്പതു കൈരളീമഹിളതൻ
മാംഗല്യമാണോക്കണം."

എന്നുള്ള കേരളവമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ അഭിപ്രായപ്രകടനത്തോടേ ഇതൊരു മമ്മലായിപ്പരിണമിച്ചു. സ്വരവ്യഞ്ജനങ്ങൾക്കു ഐകരൂപ്യമുള്ള ഈ പ്രാസപ്രയോഗത്തിനു ഒരു പ്രത്യേക ഭംഗിയുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതായതു്, "ഞ്ചാ" വന്നാൽ നാലും "ഞ്ചാ"തന്നെ ആയിരിക്കുക. "ഞ്ചി"യാണെങ്കിൽ നാലും "ഞ്ചി"യാകുക. ചട്ടി, പട്ടി, കുട്ടി, ഞെട്ടി; ചട്ടം, പട്ടം, വട്ടം, തട്ടം ഇത്യാദി. മററു ഭാഷകളിലും ഇതു നടപ്പുണ്ടു്. ഇംഗ്ലീഷിൽ Rhyme എന്നു പറയുന്നതും ഇതുതന്നെ. അവക്കു പാദത്തിൻെറ അവസാനത്തിലാണു്.

Twinkle twinkle little star
How I wonder what you are.

star—are ഒടുവിൽ പ്രാസമായിട്ടുവരുന്നു. ലററിൻ സുറിയാനി ഭാഷകളി

ചെറുകഥ

# വിദ്യാർത്ഥി

(എ. കൊയ്യൂാരംപറമ്പിൽ)

അന്ന് ആപ്പീസ് ഒഴിവായിരുന്നു. ഒഴിവുദിവസങ്ങളിലും തോമാച്ചനെ വീട്ടിൽ കാണുകയില്ല. അന്നാണ് ബന്ധുക്കളേയും സ്നേഹിതന്മാരേയും മററും സന്ദർശിക്കുന്നത്. പോരെങ്കിൽ, അവിടത്തെ ഒരു പൊതുവായനശാലയുടെ സെക്രട്ടറികൂടെയാണ്. ഒരിടത്തും പോകുവാനില്ലെങ്കിൽ ആ വായനശാലയിൽ കയറിയിരിക്കും. വായിച്ച പത്രങ്ങൾതന്നെയെടുത്തു മറിച്ചും തിരിച്ചും വായിക്കും. മററാരെങ്കിലുമുണ്ടെങ്കിൽ സംഭാഷണമായി—വീട്ടുകാര്യംമുതൽ രാഷ്ട്രീയകാര്യംവരെ—അങ്ങനെ സമയം തള്ളിവിടും. പക്ഷെ, അന്നേരം, ഒരിടത്തും പോയില്ല. ഉച്ചയൂണു കഴിഞ്ഞു സുഖമായങ്ങനെ കസേരയിലിരിക്കുമ്പോൾ പതിവിലും കാലമേ പത്രവുമായി ഒരാൾ ഓടിയെത്തി. സ്റ്റെയിററിലെ ഏഴാംക്ലാസ് പരീക്ഷാഫലം! തോമാച്ചൻ ജോർജ്ജിൻെറ നമ്പർ മറന്നുപോയിരുന്നു.

"ജോർജ്ജ്!...എടാ ജോർജ്ജുട്ടി—" തോമാച്ചൻ മകനെ വിളിച്ചു.

"എന്താണപ്പച്ചാ!"

"ദേടാ! റിസൽട്ട് ഔട്ടായി. നിൻെറ നമ്പർ എത്രയാണ്?"

"756."

അപ്പനും മകനുംകൂടി ഒന്നുരണ്ടു മിനിററിനകം കണ്ടുപിടിച്ചു ആ നമ്പർ. ജോർജ്ജ് പാസ്സായി. "അമ്മേ, അമ്മച്ചീ! ഞാൻ പാസ്സായി കേട്ടോ." അവിടെനിന്നുതന്നെ അവൻ ജയഭേരി മുഴക്കി. റോസമ്മയും തൽക്ഷണം അവിടെ എത്തി.

"ഓ! സന്തോഷമായി." അമ്മയും അവൻെറ സന്തോഷത്തിൽ പങ്കുകൊണ്ടു.

"അപ്പച്ചാ! ഒരു കാര്യം. സെൻറ് തോമസ് സ്കൂളിൽനിന്നു സർട്ടിഫിക്കററ് വേഗം വാങ്ങിച്ചു കൊണ്ടുകൊടുത്തില്ലെങ്കിൽ രാമവർമ്മഹൈസ്കൂളിൽ സ്ഥലം നിറഞ്ഞുപോകും."

"എന്ത്യേ? കത്തോലിക്കാ സ്കൂളല്ലേ ഒള്ളേ? പിന്നെന്തിനി രാമൻെറം കൃഷ്ണൻെറം സ്കൂളന്വേഷിച്ചു പോകുന്നേ?" റോസമ്മ നീരസത്തോടെ പറഞ്ഞു.

"എന്തു വല്ല്യ സ്കൂളാണമ്മച്ചീ അത്! മിക്ക കുട്ടികളും അവിടേല്ലേ പോകുന്നതു്. അവിടെ നല്ലവണ്ണം പഠിപ്പിക്കുന്ന സാറന്മാരുണ്ടെന്നാണ് അവരൊക്കെ പറയുന്നതു്."

"അതെയതെ. ആ കമ്മലിത്താച്ചന്മാരെപ്പോലെ നിസ്സ്വാർത്ഥമായി പഠിപ്പിക്കുന്ന സാറന്മാരെ കാണില്ല.—എന്തിനതെല്ലാം പറയുന്നു. കത്തോലിക്കാ കുട്ടികളെയെല്ലാം കത്തോലിക്കാ സ്കൂളുകളിൽ അയക്കണമെന്ന മെത്രാനച്ചൻെറ കല്പന പള്ളിയിൽ വായിച്ചതു മറന്നുപോയോ? രാമവർമ്മസ്കൂളിൽ പോയാൽ നിനക്കു തോന്ന്യാസംപോലെ കൂട്ടംകൂടി തുള്ളിച്ചാടി നടക്കാമല്ലേ?" റോസമ്മയ്ക്കു കോപമാണുവന്നതു്.

ജോർജ്ജിനെ രാമവർമ്മസ്കൂളിൽത്തന്നെ അയക്കണമെന്നു പുരോഗമനവാദിയെന്നു അഭിമാനിക്കുന്ന തോമാച്ചൻ പണ്ടേ നിശ്ചയിച്ചുകഴിഞ്ഞു. റോസമ്മയുടെ സംസാരം ഇത്രയുമായപ്പോൾ അയാൾ ഏററു പിടിച്ചു.

"കുട്ടികൾക്കു ശരിയായ വിദ്യാഭ്യാസവും സംസ്കാരവും ലഭിക്കണമെങ്കിൽ പട്ടണത്തിൻെറ നടുവിലുള്ള രാമവർമ്മ സ്കൂളിൽത്തന്നെ പോകണം."

"നേരാ! ശരിയായ വിദ്യാഭ്യാസവും സംസ്കാരവും!! മതബോധത്തേയും സന്മാർഗ്ഗബോധത്തേയും പററി പഠിപ്പിക്കാത്തിടത്തല്ലെ സംസ്കാരം!! അവിടെ പഠിച്ചുവന്ന ചിലരെല്ലാം നടക്കുന്നതു കണ്ടില്ലേ? താന്തോന്നികളായിട്ട്. അതും ഒരുവക സംസ്കാരമായിരിക്കുമല്ലേ?"

ഇതിനെല്ലാം ശരിയായ ഉത്തരം തോമാച്ചനു കിട്ടിയില്ല. അയാൾക്കു കോപം വന്നു.

"സംസ്കാരമില്ലെങ്കിൽ വേണ്ടാ! അവനെ അവിടെത്തന്നെ പഠിപ്പിക്കുവാനാണു പോകുന്നതു്."

"ഓ! കൊള്ളാം! ഇഷ്ടംപോലെയായിക്കോ! ഞാൻ ഉള്ളതു നേരത്തെ പറഞ്ഞുവെന്നുമാത്രം."

* * *

ജോർജ്ജ് അങ്ങനെ രാമവർമ്മസ്കൂളിൽ എട്ടാം ക്ലാസിൽ ചേർന്നു പഠിക്കുകയാണ്. പഠനത്തിൽ വലിയ ഉത്സാഹമാണവനു്. കാലമേ എഴുന്നേല്ക്കും. ഇംഗ്ലീഷും മലയാളവും മാറി മാറി ഉറക്കെ വായിച്ചുവിടും. ഒരു ദിവസമെങ്കിലും സ്കൂളിൽ പോകുവാൻ മടികാണിച്ചില്ല.

തോമാച്ചനു സന്തോഷമായി. ഇങ്ങനെയങ്ങു പോകുകയാണെങ്കിൽ തൻെറ മകൻ ഉയർന്നനിലയിൽ എത്തിച്ചേരുമെന്നു അയാൾ സ്വപ്നം കണ്ടു.

റോസമ്മ ജോർജ്ജിനോടു് എന്നും പറയും: "മോനേ, സ്കൂളിലേക്കു പോകുന്നവഴിക്കു പള്ളി കേറി പ്രാർത്ഥിച്ചിട്ടു വേണം കെട്ടോ പോവാൻ. ദൈവാനുഗ്രഹമില്ലെങ്കിൽ നിൻെറ പഠനമെല്ലാം വെറുതെയാണ്."

ജോർജ്ജ് അപ്രകാരം ചെയ്തുപോന്നു. സ്കൂളിലേക്കു പോകുന്ന വഴിയരികിൽത്തന്നെയാണ് പള്ളി. പള്ളിയിൽ കയറി കൈകൾകൂപ്പിനിന്നവൻ ഈശോയോടും മാതാവിനോടും പ്രാർത്ഥിക്കും, തൻെറ ബുദ്ധിയെ തെളിയിക്കണമെന്നു്. പ്രാർത്ഥന കഴിഞ്ഞാൽ അവനു സന്തോഷമായി; ഒരുത്സാഹമായി. പഠിക്കുവാൻ ഒരു ചൊടിയും ചുണയും തോന്നും.

പക്ഷേ, ആ സ്കൂളിലെ ചില സംഗതികളെല്ലാം അവനെ അമ്പരപ്പിച്ചു. ക്ലാസ്സു തുടങ്ങുന്നതിനുമുമ്പും അതിനുശേഷവും പ്രാർത്ഥിക്കുന്ന ഏർപ്പാടു് അവിടെയില്ല. എങ്കിലും ജോർജ്ജ് ആരും കാണാതെ നെററിയിൽ കുരിശുവരച്ചിട്ടേ പുസ്തകം തുറക്കുകയുള്ളൂ. അടുത്തിരുന്നിരുന്ന സുകുമാരൻ അതു കാണുന്നുണ്ടായിരുന്നു. അവൻ ചോദിച്ചു:

"ജോർജ്ജെന്താണ് ക്ലാസ്സ് തുടങ്ങുമ്പോൾ നെററിയിൽ പോറുന്നത്?"

"കുരിശുവരച്ചതാണ്. സെൻറ് തോമസ് സ്കൂളിൽ എല്ലാവരും അങ്ങനെ ചെയ്യുമല്ലോ."

"പരിഷ്കാരമില്ലാത്തവരൊക്കെ അതൊക്കെ ചെയ്യും. ഇവിടെ ആരെങ്കിലും ഇങ്ങനെ ഗോഷ്ടികാട്ടുന്നുണ്ടോ?"

അതിനു ജോർജ്ജ് ഉത്തരമൊന്നും പറഞ്ഞില്ല. അവനറിയാമായിരുന്നു പ്രാർത്ഥിക്കുന്നതു നല്ലതാണെന്നു്. എങ്കിലും അവരുടെ പരിഹാസത്തോടു് അവനു ഭയമായിരുന്നു. അന്നുമുതൽ അവൻ നെററിയിൽ കുരിശുവരയ്ക്കാറില്ല. മനസ്സുകൊണ്ടു പ്രാർത്ഥിക്കും.

ഒരുദിവസം ജോർജ്ജ് സ്കൂളിലേക്കു പോകുവാനായി പുസ്തകവുമെടുത്തു് വഴിയിലേക്കിറങ്ങി അല്പം നടന്നപ്പോൾ വഴിയരികിലുള്ള ഒരു വീട്ടിൽനിന്നു് സുകുമാരനും ഇറങ്ങി.

"സുകുമാരൻെറ വീടിതാണോ?" ജോർജ്ജ് ചോദിച്ചു.

"അതേ."

"ഞാനിപ്പോഴാണറിയുന്നതു് നമ്മൾ രണ്ടുപേരും അടുത്തടുത്താണെന്നു്."

"കുറച്ചുകൂടി നേരത്തെ പോരാമെങ്കിൽ ദിവസവും നമുക്കു് ഒന്നിച്ചുപോകാം."

ജോർജ്ജ് സമ്മതിച്ചു. ഒരു കൂട്ടുള്ളതു രസമാണല്ലോ.

കുറച്ചുകൂടി ചെന്നപ്പോൾ രാമകൃഷ്ണനും ഒരു ഇടവഴിയിലൂടെ കടന്നുവന്നു് അവരെ സമീപിച്ചു. സുകുമാരനും രാമകൃഷ്ണനും പണ്ടേ കൂട്ടുകാരാണ്. ഒന്നിച്ചാണവർ സ്കൂളിലേക്കു പോകുന്നതു്. ജോർജ്ജിനെക്കൂടി ലഭിച്ചതിൽ അവർ സന്തോഷിച്ചു

അവർ പള്ളിയുടെ മുൻവശത്തെത്തി. പതിവനുസരിച്ചു് പള്ളിയിൽ കയറുകയാണെങ്കിൽ സുകുമാരനും രാമകൃഷ്ണനും എന്തു വിചാരിക്കും? അവർ തന്നെ കാത്തു നില്ക്കുമോ?......അമ്മയുടെ ആജ്ഞ നിറവേററുവാൻതന്നെ ജോർജ്ജ് നിശ്ചയിച്ചു.

"പള്ളിയിൽ കയറാതെ പോയാൽ അമ്മ പിണങ്ങും." ജോർജ്ജ് അവരോടു് ക്ഷമാപണരൂപത്തിൽ പറഞ്ഞു.

പള്ളിയുടെ മുൻവശത്തുവച്ചായിരുന്നതുകൊണ്ടായിരിക്കണം അവർ യാതൊന്നും പറയാഞ്ഞതു്.

ജോർജ്ജ് പള്ളിയിൽ കയറി മുട്ടുകുത്തി. പക്ഷേ അന്നവൻ പ്രാർത്ഥിച്ചില്ല. അവൻെറ മനസ്സ് അവൻെറ കൂട്ടുകാരുടെ പുറകേപോയി. അല്പം കഴിഞ്ഞു് ജോർജ്ജ് പുറത്തിറങ്ങി. കൂട്ടുകാർ അധികദൂരം എത്തിയിട്ടില്ലായിരുന്നു. അവൻ ഒരോട്ടത്തിനു് അവരുടെ ഒപ്പമെത്തി.

ജോർജ്ജിനെ കേൾപ്പിക്കുവാൻവേണ്ടി സുകുമാരൻ രാമകൃഷ്ണനോടു പറയുകയാണ്: "ഈ ജോർജ്ജ് ഒരു പാവത്താനാണ്. അമ്മ പിണങ്ങുമെന്നു്! വീട്ടികുത്തിയിരുന്നു കഞ്ഞിം കറിം വയ്ക്കുന്ന അമ്മയുണ്ടോ ഇതുവല്ലതും അറിയാൻ പോണ്?"

അതിൽ കുറെ വാസ്തവമുണ്ടെന്നു ജോർജ്ജ് ധരിച്ചു. അതിൽപ്പിന്നെ അവൻ സ്കൂളിൽ പോകുന്നവഴി പള്ളിയിൽ കയറാറില്ല. അമ്മയെ എങ്ങനെയെങ്കിലും പറഞ്ഞു പററിക്കാമെന്നു് അവൻ തീരുമാനിച്ചു. അപ്പച്ചൻ അതിനെപ്പററി ചോദിക്കുകയോ അന്വേഷിക്കുകയോ ചെയ്യുകയില്ലെന്നു് അവനറിയാം.

സുകുമാരനുമായുള്ള ജോർജ്ജിൻെറ കൂട്ടു് ദൃഢതരമാകുവാൻ ചില കാരണങ്ങളുണ്ടു്. സുകുമാരൻ ഒരു തമാശക്കാരനാണ്. ഒരിക്കൽ അവൻ സ്കൂളിലേക്കു പോകുമ്പോൾ സരസനായ ഒരു യുവാവു് സൈക്കിൾ ചവിട്ടി വരുന്നുണ്ടായിരുന്നു. അവൻെറ ചവിട്ടുകണ്ടാലറിയാം അവനു സൈക്കിൾ ചവിട്ടി വലിയ പരിചയമില്ലെന്നു്. അടുത്തെത്തിയപ്പോൾ സുകുമാരൻ പുസ്തകം താഴെയിട്ടു് ഒച്ചയെടുത്തുകൊണ്ടു് സൈക്കിളിനുമുറവും ഒരോട്ടം. സൈക്കിൾ ബാലൻസ് തെററി ഒരു പാലുകാരനെച്ചെന്നുതട്ടി അവിടന്നും തെറിച്ചു് ആ കാണയിലേക്കു്. യുവാവു് സൈക്കിളിൽനിന്നും തെറിച്ചു് ആ മതിലിന്നരികിലേക്കും. കുട്ടികൾ പൊട്ടിച്ചിരിച്ചു. ഒടുവിൽ ചോരയൊലിക്കുന്ന സൈക്കിൾക്കാരനും പാൽക്കപ്പിതകന്ന പാലുകാരനുംകൂടി തർക്കമായപ്പോൾ സുകുമാരനോടിച്ചെന്നു് സൈക്കിൾക്കാരൻെറ ഭാഗംനിന്നു് വാദിച്ചു. പാലുകാരനാണ് സൈഡ് തെററിച്ചതെന്നും അയാൾ പരിഹാരം ചെയ്യേണ്ടതാണെന്നും മററും ഒടുവിൽ പറഞ്ഞു് രണ്ടുപേരേയും സമാധാനപ്പെടുത്തിവിട്ടു.

സുകുമാരനും രാമകൃഷ്ണനും ജോർജ്ജും ഒരു കൂട്ടാണ്. ആ സ്കൂളിലെ കുട്ടികളിൽ വച്ചു് പ്രമാണികളാണവർ. പഠനമൊഴിച്ചുള്ള ഏതുകാര്യത്തിലും ഇവരെ മുന്നണിയിൽക്കാണാം. ഇവരുടെ പരിശ്രമംകൊണ്ടു് ആ സ്കൂളിൽ ഒരു വിദ്യാർത്ഥിയൂണിയൻപോലും രൂപംപ്രാപിച്ചുകഴിഞ്ഞു. അങ്ങനെ അവർ വിദ്യാർത്ഥികളുടെ അവകാശങ്ങളെന്നുപറഞ്ഞു പലേ തോന്ന്യാസങ്ങളും പ്രവർത്തിച്ചുകൊണ്ടിരുന്നു.

സ്കൂളിലെ അദ്ധ്യാപകന്മാർക്കു് ഇതെല്ലാം അറിയാം. അവർ വിചാരിച്ചാൽ ഇവരുടെ ദുർനടപ്പിനെ കുറെയെല്ലാം ശരിപ്പെടുത്തുവാൻ സാധിക്കുമായിരുന്നു. പക്ഷേ, ജോർജ്ജോ രാമനോ കൃഷ്ണനോ എവിടെയെങ്കിലും പോയി തുലഞ്ഞാൽ അവർക്കെന്താണ്? സ്കൂളിൽ മുടങ്ങാതെവന്നു് അവർ പഠിപ്പിക്കും; അതിനു ശമ്പളവും വാങ്ങും. അത്രമാത്രം. അതിൽ കൂടുതലായ ഉത്തരവാദിത്വം കുട്ടികളുടെ മേൽ ഉള്ളതായി ആ അദ്ധ്യാപകന്മാർ കരുതിയിരിക്കയില്ല.

കുറച്ചുദിവസമായിട്ടു് ജോർജ്ജ് സന്ധ്യമയങ്ങുമ്പോഴാണ് വീട്ടിലെത്തുന്നതു്. റോസമ്മ ചോദിച്ചു: "എന്ത്യേ നീ ഇന്നിത്ര താമസിച്ചതു്?"

"ഒരു ചോദ്യത്തിൻെറ ഉത്തരം ആ സാറിൻെറ വീട്ടിൽപ്പോയിരുന്നു എഴുതിയെടുക്കുകയായിരുന്നു."

റോസമ്മ എന്താണു പറയുക. ചോദ്യവും ഉത്തരവുമെല്ലാം എഴുതിയെടുക്കേണ്ടെന്നു പറയാമോ? റോസമ്മ വേറൊന്നും ചോദിച്ചുമില്ല, പറഞ്ഞുമില്ല.

തോമാച്ചൻ വന്നപ്പോൾ റോസമ്മ പറഞ്ഞു:

"രാമവർമ്മസ്കൂളിൽ അവനെക്കൊണ്ടേ ചേർത്തതിൻെറ ഗുണം കണ്ടുതുടങ്ങി. പഠനം മൂത്തുമൂത്തു രാത്രിയായാൽപ്പോലും വീട്ടിൽ വന്നെത്താൻ മേലെന്നായി. പ്രാർത്ഥനയുമില്ല, നമസ്കാരവുമില്ല. ഇങ്ങനെ അവിടേയും ഇവിടേയും അലഞ്ഞുനടക്കുമ്പോൾ അവൻ നന്നാകുമല്ലേ?"

ഭാര്യയുടെ പരിഭവിച്ചുള്ള സംസാരം കേട്ടിട്ടു് തോമാച്ചനു് ഒരു തമാശ്. "ഇതെന്തു്? കൊച്ചുപിള്ളയോ മറെറാ ആണോ ജോർജ്ജ്? ഒമ്പതാംക്ലാസിലല്ലേ പഠിക്കുന്നതു്? ചിലപ്പോഴൊക്കെ വല്ല കാര്യവശാലും അല്പം താമസിച്ചെന്നുവച്ചു നീങ്ങളിങ്ങനെയൊക്കെ ക്ഷോഭിച്ചാലോ?"

"അതെ, അതെ. കുട്ടികൾ അല്പം മുതിർന്നാൽപ്പിന്നെ തോന്ന്യപോലെ രാത്രിയും പകലുമില്ലാതെ എവിടെയെങ്കിലും നടന്നേക്കുക! ഇങ്ങനെ തുടങ്ങിയാൽ എവിടെച്ചെന്നവസാനിക്കുമെന്നെനിക്കറിഞ്ഞുകൂടാ. നീങ്ങൾ അന്വേഷിച്ചോ, അവൻ എവിടെയെല്ലാമാണു പോകുന്നതു്, എന്തെല്ലാമാണു ചെയ്യുന്നതു് എന്നു്?"

"പിന്നേ. എനിക്കു് അവൻെറ പിറകെ നടക്കാനുണ്ടോ സമയം!"

"എന്നാൽപ്പിന്നെ ഞാൻ പോകണമോ? അപ്പനായാൽ അതൊക്കെ വേണം. വെറുതെ കഴിയുമോ?"

"അവൻ മിടുക്കനായിത്തീരുമെന്നേയ്. നീങ്ങൾ നോക്കിക്കോ."

"മിടുക്കനായ്ത്തിന്നെങ്കിൽ മതിയായിരുന്നെൻെറ ദൈവമേ!"


റോസമ്മ അടുക്കളയിലേക്കു പോയി.

* * *

ദിവസങ്ങൾ പിന്നേയും കടന്നുപോയി. സ്റ്റെയിററിലൊട്ടാകെയുള്ള എം. എൽ. എ. മാരുടെ തിരഞ്ഞെടുപ്പു് അടുത്തുവരുന്നു. ഓരോ പാർട്ടിക്കാരും കൂടുതൽ അനുയായികളെ കരസ്ഥമാക്കുവാൻവേണ്ടി പരക്കംപാഞ്ഞുനടക്കുകയാണ്. എലക്ഷൻ പ്രസംഗങ്ങൾകൊണ്ടു് അന്തരീക്ഷം പ്രക്ഷുബ്ധമായി. തോമാച്ചനും പിടിപ്പതു ജോലിയായി.

(ശേഷം 8-ാം പേജിൽ)

നാലാമത്തെ വ്യാകുലത



അദ്ദേഹത്തെക്കുറിച്ചു വിലപിക്കുകയും സഹതപിക്കുകയും ചെയ്തിരുന്ന സ്ത്രീകളുൾപ്പെടെയുള്ള ഒരു വലിയ ജനസമൂഹം അദ്ദേഹത്തെ അനുഗമിച്ചു. (വി. ലൂക്കാ 23-27.)

---

ലും ഈ അന്ത്യപ്രാസമാണുള്ളതു്.

ഏതായാലും നമ്മുടെ ഭീതിയാക്ഷരപ്രാസത്തിനുവേണ്ടി, കരുണാകരമേനോനെപ്പോലെ കിടന്നു തലപുകയാനും, അർത്ഥമില്ലാത്ത വാക്കുകളെടുത്തുവച്ചു അനർത്ഥമുണ്ടാക്കാനും ഇടയാകരുതെന്നു മാത്രം ഇതിനിടയ്ക്കു ഒന്നനുസ്മരിപ്പാൻ വേണ്ടി ഇത്രയും പ്രസ്താവിച്ചതാണ്. നമ്മുടെ തിരുസ്സഭാവിജയംപോലെ സ്ഥലങ്ങളുടെയും ആളുകളുടെയും പേരുകൾ ധാരാളമായി ഉപയോഗിക്കാനാവശ്യപ്പെടുന്ന കൃതികളിൽ പ്രാസത്തിനുവേണ്ടി അർത്ഥം ബലികഴിക്കാതിരിക്കയാണുത്തമം,

എഴുത്തുകൾക്കുള്ള മറുപടികൾ സ്ഥലച്ചുരുക്കത്താൽ നീക്കിവയ്ക്കേണ്ടിവരുന്നതു കുഞ്ഞുങ്ങൾ സദയം ക്ഷമിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

അർത്ഥം വിശദമാക്കുക:

1 അഹറോൻെറ പുഷ്പിച്ചവടി.

2 ഗദയോൻെറ ആട്ടുരോമം.

(ഉത്തരങ്ങൾ 9-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ
എം. എ., പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 ‖ ERNAKULAM, SEPTEMBER 21, 1949 ‖ No 6


# വത്തിക്കാൻപത്രം ഡിക്രിയെ വിശദീകരിക്കുന്നു

കമ്മ്യൂണിസത്തെ പുരസ്കരിച്ച റോമയിലെ തിരുസ്സംഘം പ്രസിദ്ധം ചെയ്ത ഡിക്രിയുടെ സംക്ഷിപ്തമായ വിശദീകരണം ഞങ്ങൾ നൽകിയിരുന്നല്ലോ. വത്തിക്കാനിലെ അർദ്ധഔദ്യോഗികപത്രമായ "ഒസെർവത്തോരെ റൊമാനോ" പ്രസ്തുതഡിക്രിയുടെ ഒരു വിശദീകരണം അതിന്റെ ജൂലൈ 27-ാംനു- ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഞങ്ങളുടെ വിശദീകരണത്തിൽ ഉൾപ്പെടാത്തതും, എന്നാൽ അവശ്യം അറിഞ്ഞിരിക്കേണ്ടതുമായ ചില കാര്യങ്ങൾ അതിലുണ്ട്. അവയെ ഈ ലേഖനത്തിൽ ഉൾക്കൊള്ളിക്കുന്നു.

## കൂദാശകൾ സ്വീകരിക്കുവാൻ അയോഗ്യർ

പ്രസ്തുത ഡിക്രി രണ്ടു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തേതിൽ കമ്മ്യൂണിസത്തിനു നേരിട്ടോ, പരോക്ഷമായോ പിൻതാങ്ങു നൽകുന്ന പ്രവൃത്തികൾ ചെയ്യാൻ പാടില്ലെന്നു വിധിച്ചിരിക്കുന്നു. ആ പ്രവൃത്തികൾ ചെയ്യുന്നവർ കമ്മ്യൂണിസത്തിന്റെ ഭൗതികമാത്രവും ക്രിസ്തുമതവിരുദ്ധവുമായ സിദ്ധാന്തങ്ങൾ സ്വീകരിക്കുന്നില്ലായിരിക്കാം. എന്നുവരികിലും ആ പ്രവൃത്തികൾ അറിവോടും സമ്മതത്തോടുംകൂടി ചെയ്യുന്നവർ കൂദാശകൾ സ്വീകരിക്കുവാൻ തങ്ങളെ അയോഗ്യരാക്കുകയാണു ചെയ്യുന്നത്. ഈ പ്രവൃത്തികൾ എന്തൊക്കെയെന്നു ഡിക്രിയിലെ ഒന്നും രണ്ടും അക്കങ്ങളിൽ വിവരിച്ചിരിക്കുന്നു. ഒന്നാമത്തെ അക്കത്തിൽ പറഞ്ഞിരിക്കുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ ചേരുകയോ അവയോട് അനുഭാവം പ്രദർശിപ്പിക്കുകയോ ചെയ്യുന്നതിനെപ്പററിയാണല്ലോ. "പാർട്ടികൾ" എന്നാണു പറഞ്ഞിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ കമ്മ്യൂണിസ്റ്റുകാർ ഒന്നിലധികം പാർട്ടികളായി പിരിഞ്ഞിട്ടുണ്ടാകാം. യൂഗോസ്ലാവിയായിലെ സ്ഥിതി ഇതിനൊരുദാഹരണമാണ്. ഇൻഡ്യയിൽത്തന്നെയും കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായി പിരിഞ്ഞിരിക്കുന്നുവെന്ന് സെപ്തംബർ 2-ാംനു-യിലെ "ഹിന്ദു"വിൽ കാണുകയുണ്ടായി. മി. പി. സി. ജോഷി ജനറൽ സിക്രട്ടറിയായിരിക്കുന്ന പുതിയ പാർട്ടി ഇൻഡ്യയിലെ ദേശീയ ഗവണ്മെന്റിനെതിരായുള്ള വിപ്ലവപ്രസ്ഥാനത്തിൽ വിശ്വസിക്കുന്നില്ലെന്നും കമിൻഫോം എന്ന റഷ്യൻ പിടിയിലുള്ള പരമാധിപത്യ കമ്മ്യൂണിസ്റ്റ് സംഘടനയോടു വിധേയത്വമുള്ളതല്ലെന്നും പറയപ്പെടുന്നു. ഇങ്ങനെ വിവിധ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുപുറമെ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിൽ നേരിട്ടു സംഘടിപ്പിക്കപ്പെടുകയും നടത്തപ്പെടുകയും ചെയ്യുന്ന സംഘങ്ങളുണ്ട്. ഉദാഹരണമായി, കമ്മ്യൂണിസ്റ്റ് യുവജനസംഘം, കമ്മ്യൂണിസ്റ്റ് ട്രെയിഡ്യൂണിയനുകൾ മുതലായവ. ഈ സംഘടനകളിൽ അംഗമായി ചേരുകയോ അവയോട് അനുഭാവം പ്രദർശിപ്പിക്കുകയോ ചെയ്തുകൂടെന്നാണ് ആജ്ഞാപിച്ചിരിക്കുന്നത്.

വിലക്കപ്പെട്ടിരിക്കുന്ന വേറൊരുതരം പ്രവൃത്തികൾ കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണങ്ങൾ സംബന്ധിച്ചാണല്ലോ. ഇതിനെപ്പററിയാണ് ഡിക്രിയുടെ രണ്ടാമക്കത്തിൽ പറയുന്നത്. തിരുസ്സഭയുടെ കാനോൻനിയമസംഹിതയിൽ 1399-ാം കാനോനിൽ കത്തോലിക്കർ വായിച്ചുകൂടെന്നു വിലക്കപ്പെട്ടിരിക്കുന്ന പുസ്തകങ്ങൾ ഏവയെന്നു വിവരിച്ചിട്ടുണ്ട്. "മനഃപൂർവ്വം മതത്തേയോ സന്മാർഗ്ഗതത്വങ്ങളേയോ ആക്രമിക്കുന്ന പുസ്തകങ്ങൾ......കത്തോലിക്കാ വിശ്വാസസത്യങ്ങളിൽ ഏതിനെയെങ്കിലും ആക്രമിക്കുകയോ അപഹസിക്കുകയോ ചെയ്യുന്നവ; തിരുസിംഹാസനത്തിൽനിന്നും അപലപിക്കപ്പെട്ടിട്ടുള്ള അബദ്ധപഠനങ്ങൾക്കായി വാദിക്കുന്നവ; ദൈവാരാധനയെ അധിക്ഷേപിക്കുന്നവ; തിരുസ്സഭയുടെ ശിക്ഷണക്രമങ്ങളെ തകിടംമറിക്കുവാൻ ശ്രമിക്കുന്നവ; വൈദികാദ്ധ്യക്ഷന്മാരേയോ വൈദികവും സന്യാസപരവുമായ ജീവിതാവസ്ഥയേയോ മനഃപൂർവ്വം ആക്ഷേപിക്കുന്നവ... വിവാഹമോചനം അനുവദനീയമെന്നു സമ്മതിക്കുന്നവ." ഈ ജാതിയിലുള്ള ഏതുതരം പ്രസിദ്ധീകരണവും പുറപ്പെടുവിക്കുകയോ, പരത്തുകയോ, വായിക്കുകയോ ചെയ്യരുതെന്നുള്ള പ്രസ്തുത കാനോനിലെ വിലക്ക് കമ്മ്യൂണിസത്തിന്റെ കാര്യത്തിലും ബാധകമാണല്ലോ. കാരണം, കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണങ്ങൾ പ്രസ്തുത കാനോനിൽ വിവരിച്ചിരിക്കുന്ന പുസ്തകങ്ങൾ ചെയ്യുന്ന മതവിരുദ്ധങ്ങളായ കൃത്യങ്ങൾതന്നെയാണു നിർവഹിക്കുന്നത്.

കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണങ്ങളിൽ "ലേഖനങ്ങൾ എഴുതുവാനും" പാടുള്ളതല്ലെന്നു ഡിക്രിയിൽ പ്രസ്താവിച്ചിട്ടുണ്ട്. മതവിരുദ്ധമായ വിഷയങ്ങളെപ്പററി മാത്രമല്ല, നാടകത്തിന്റേയോ, സാഹിത്യത്തിന്റേയോ, വിനോദത്തിന്റേയോ പംക്തികളിലേക്കും ലേഖനങ്ങളെഴുതുവാൻ പാടുള്ളതല്ല. എന്തുകൊണ്ടെന്നാൽ അങ്ങനെ എഴുതുന്നയാൾ തന്റെ അപദാനങ്ങളേയും പ്രശസ്തിയേയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സേവനത്തിനായി വിനിയോഗിക്കുന്നു; തദ്വാരാ പാർട്ടിയോടു ലേഖനംവഴിയായി സഹകരിക്കുകയും ചെയ്യുന്നു.

## വായനയെപ്പററി ഒരു ചോദ്യം

കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണങ്ങളുടെ വായനയെ സംബന്ധിച്ച് ഇങ്ങനെ ചോദിച്ചേക്കാം: ഞാൻ കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണം വായിക്കുന്നത് അതിൽ എന്തൊക്കെയുണ്ടെന്ന് നോക്കാൻവേണ്ടി മാത്രമാണ്; അതിൽ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നവിവിധാഭിപ്രായങ്ങൾ അറിയാൻവേണ്ടി മാത്രമാണ്. യാതൊരുതരം ഭൗതികസിദ്ധാന്തവും സ്വീകരിക്കണമെന്ന് എനിക്കുദ്ദേശമില്ല. പ്രായപൂർത്തിവന്നവരെ കാര്യങ്ങൾ വായിച്ചറിയുന്നതിനും, സാമുദായികവും രാഷ്ട്രീയവുമായ ആശയങ്ങൾ സ്വന്തമായി രൂപീകരിക്കുന്നതിനും വിരോധിക്കുന്നതെന്തിന്? ഇതിനു ചുരുക്കത്തിൽ മറുപടി പറയാം. മുകളിൽ വിലക്കപ്പെട്ടിരിക്കുന്നതരം പ്രസിദ്ധീകരണങ്ങൾ പതിവായി വായിച്ചുകൊണ്ടിരിക്കുന്നവരുടെ മനസ്സിൽ ക്രമേണ ആശയക്കുഴപ്പമുണ്ടാകുമെന്ന് അനുഭവംതന്നെ തെളിയിക്കുന്നു. വേണ്ട പഠനമോ പക്വതയോ ഇല്ലാത്തവരും അബദ്ധങ്ങളായ ആശയങ്ങളെ ചെറുത്തുനില്ക്കുവാൻമാത്രം ശക്തിയുള്ള സംസ്കാരസമ്പന്നത ഇല്ലാത്തവരുമായ ആളുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും ഇങ്ങനെ സംഭവിക്കുന്നുണ്ടെന്ന് സ്പഷ്ടമായിട്ടുണ്ട്. പ്രസ്തുത പ്രസിദ്ധീകരണങ്ങളുടെ വായന അവരുടെ മനസ്സിൽ വിഷം കുത്തിവയ്ക്കുകയും അവരുടെ മതവിശ്വാസത്തെ അപകടത്തിലാക്കുകയും ചെയ്യുന്നു. ഈ വായനയുടെ ഫലമായി പലരും വിശ്വാസം ത്യജിക്കുകയോ മതാനുഷ്ഠാനം കൈവെടിയുകയോ ചെയ്തിട്ടുണ്ടെന്നറിയാം.

എന്നാൽ അത്തരം പ്രസിദ്ധീകരണങ്ങൾ വായിക്കുവാൻ തക്കതായ ന്യായമുള്ള കത്തോലിക്കർക്ക്, ഉദാഹരണമായി അവയിലെ അബദ്ധങ്ങളെ ഖണ്ഡിക്കണമെന്നു തങ്ങൾ സ്വീകരിച്ചിരിക്കുന്ന ഉദ്യോഗത്താലോ മററു കാരണങ്ങളാലോ ആഗ്രഹമുള്ളവർക്ക്, അവ വായിക്കുവാനുള്ള അനുവാദം വൈദികാധികാരികളിൽനിന്നു ലഭിക്കാവുന്നതാണ്. അങ്ങനെയുള്ള അനുവാദം നല്കുവാൻ മെത്രാന്മാർക്ക് അധികാരമുണ്ട്. എന്നാൽ അവ വായിക്കുവാൻ യഥാർത്ഥത്തിൽ ആവശ്യമുണ്ടെന്നു ബോദ്ധ്യമുള്ളവർക്കും, അപകടങ്ങൾ ഒഴിച്ചുവയ്ക്കാനുള്ള മുൻകരുതലുകൾ ചെയ്യണമെന്നുള്ള വ്യവസ്ഥയോടുകൂടിയും മാത്രമേ പ്രസ്തുതാനുവാദം നല്കുവാൻ മെത്രാന്മാർക്കു പാടുള്ളു.

## വ്യത്യസ്തസാഹചര്യം

ചില കത്തോലിക്കർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗങ്ങളാകുവാൻ കാരണമാകുന്ന ചില പ്രത്യേകസാഹചര്യങ്ങൾ ഉണ്ടായേക്കാമെന്നു തിരുസ്സഭയ്ക്കറിയാം. കമ്മ്യൂണിസത്തേയും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗങ്ങളാകുന്നതിനേയും അവർ യഥാർത്ഥത്തിൽ ഹൃദയപൂർവ്വം വെറുക്കുന്നുണ്ട്. എന്നുവരികിലും ധാർമ്മികമോ ബലപ്രയോഗത്തോടുകൂടിയതോ ആയ നിർബന്ധത്താൽ മനസ്സില്ലാതെതന്നെ അവർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗങ്ങളാകാൻ ഇടവരുന്നു. ഇത്തരം സാഹചര്യങ്ങളിൽ പെട്ടിരിക്കുന്ന കത്തോലിക്കർ ആരൊക്കെയാണെന്നും അവരോരോരുത്തരുടേയും ആത്മപരിപാലനയുടെ ചുമതലവഹിക്കുന്ന വൈദികർ പ്രത്യേകം പ്രത്യേകം അന്വേഷിച്ചറിയുകയും കൂദാശ സ്വീകരിക്കുവാൻ തടസ്സമില്ലാത്തമനസ്ഥിതി അവർക്കുണ്ടോയെന്നു വിധിക്കുകയും ചെയ്യേണ്ടതാണ്. കമ്മ്യൂണിസ്റ്റുകാരുടെ പ്രചാരണസാമർത്ഥ്യം സുവിദിതമാണല്ലോ. കമ്മ്യൂണിസം മതവിരുദ്ധമല്ലെന്നോ, മതവിരുദ്ധമായ സിദ്ധാന്തങ്ങളിൽ പങ്കുകൊള്ളാതെതന്നെ കമ്മ്യൂണിസത്തിന്റെ സാമുദായികവും രാഷ്ട്രീയവുമായ പരിപാടിയെ പിൻതാങ്ങാൻ കഴിയുന്നതാണെന്നോ അനേകം കത്തോലിക്കരെ തെററിദ്ധരിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റ് പ്രചരണത്തിനു സാധിച്ചിട്ടുണ്ട്. ഈ തെററിദ്ധാരണയിൽനിന്നു വിശ്വാസികളെ വിമോചിക്കണമെന്നുംകൂടിയാണ് ഈ ഡിക്രി ഉദ്ദേശിച്ചിട്ടുള്ളത്. ആകയാൽ വിശ്വാസികളോട് കമ്മ്യൂണിസത്തിന്റെ ശരിയായ സ്വഭാവത്തെപ്പററി തെളിച്ചുപറയണം. സുബദ്ധവും രക്ഷാകരവുമായ സമുദായികപരിപാടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രസിദ്ധീകരണങ്ങളിലല്ല, പ്രത്യുത തിരുസ്സഭയുടെ സുവ്യക്തങ്ങളായ പ്രബോധനങ്ങളിലാണ് അന്വേഷിക്കേണ്ടതെന്നു അവരെ ധരിപ്പിക്കണം.

## മഹറോനിൽ പതിക്കുന്നവർ

ഒന്നും രണ്ടും അക്കങ്ങളിൽ വിലക്കപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ "അറിവോടും സമ്മതത്തോടും" ചെയ്യുന്ന കത്തോലിക്കർക്കു കൂദാശകൾ നല്കുവാൻ പാടുള്ളതല്ലെന്നു 3-ാം അക്കത്തിൽ പ്രസ്താവിച്ചശേഷം, തങ്ങളുടെ പ്രവൃത്തിയാൽത്തന്നെ മഹറോനിൽ സ്വയം നിപതിക്കുന്നവർ ആരാണെന്നു 4-ാമക്കത്തിൽ വിവരിക്കുന്നു. കമ്മ്യൂണിസത്തിന്റെ ഭൗതികമാത്രവും ക്രിസ്തുമതവിരുദ്ധവുമായ സിദ്ധാന്തം സ്വീകരിക്കുകയും, അതിലും വിശേഷിച്ച് അതിനായി വാദിക്കുകയും അതു പ്രചരിപ്പിക്കുകയും ചെയ്യുന്നവരാണവർ. അങ്ങനെയുള്ളവർ ആ പ്രവൃത്തികളാൽത്തന്നെ തിരുസിംഹാസനത്തിലേക്കുമാത്രം പോക്കാവുന്ന മഹറോനിൽ സ്വയം ചെന്നു ചാടുന്നു. ചില കത്തോലിക്കർ തിരഞ്ഞെടുപ്പുകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വോട്ടുകൊടുത്ത് കമ്മ്യൂണിസത്തെ ആദരിക്കുന്നുണ്ടാകാം; കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണങ്ങൾക്കു ധനസഹായം ചെയ്യുന്നുണ്ടാകാം; രാഷ്ട്രീയവും സാമുദായികവുമായ തർക്കവാദങ്ങളിൽ കമ്മ്യൂണിസ്റ്റുകാരെ പിൻതാങ്ങുന്നുണ്ടാകാം. ഇങ്ങനെയൊക്കെ ചെയ്യുന്നുണ്ടെങ്കിലും കമ്മ്യൂണിസത്തിന്റെ ഭൗതികമാത്രവും ക്രിസ്തുമതവിരുദ്ധവുമായ സിദ്ധാന്തത്തെ സ്വീകരിക്കുവാൻ അവർക്കുദ്ദേശമില്ലെന്നുവരാം. ആ ഉദ്ദേശം ഇല്ലെന്നുള്ള കാരണത്താൽ അവർ പ്രസ്തുത മഹറോനിൽ നിപതിക്കുന്നില്ല. എന്നുവരികിലും ദൈവത്തിനും നമ്മുടെ കർത്താവിശോമിശിഹാക്കും, കത്തോലിക്കാതിരുസ്സഭയ്ക്കും ശത്രുക്കളായി വർത്തിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കു നേരിട്ടോ പരോക്ഷമായോ പിൻതാങ്ങു നല്കുന്നത് ഏററവും ഗൗരവമായ പാതകമാണെന്നു കത്തോലിക്കരെ തിരുസ്സഭ ഉദ്ബോധിപ്പിക്കുന്നു.

'അവസാനമായി സോഷ്യലിസത്തെപ്പററി വത്തിക്കാൻപത്രം പ്രസ്താവിക്കുന്നുണ്ട്. അതിനെക്കുറിച്ച് അടുത്തലക്കത്തിൽ.

## അടുത്ത ആഴ്ചയിൽ

സെപ്റ്റംബർ
- 25 ഞാ: പന്തക്കുസ്താ 16-ാം ഞായർ
- 26 തി: കുപ്രിയാനോസ്
- 27 ചൊ: കോസ്മോസും ദാമിയനും
- 28 ബു: വെഞ്ചസ്ലാവോസ്
- 29 വ്യാ: മിഖായേൽ മാലാഖാ
- 30 വെ: ഈറാനിമ്മോസ്

ഒക്ടോബർ
- 1 ശ: റെമിജിയോസ്


സത്യദീപം

വരിസംഖ്യ

| | |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഒററപ്രതി | 0—2—0 |


## ചോദ്യോത്തരപംക്തി

**ചോ:** "വേദപുസ്തകം (Holy Bible) ദൈവപ്രേരിതമായ തിരുവെഴുത്തുകളാണോ? Explanation: വേദപുസ്തകം ദൈവത്തിന്റെ മാററംകൂടാത്ത വെളിപാടുകളാണോ? അതു ഏതളവോളം ഒരു ക്രൈസ്തവനു് അംഗീകാരയോഗ്യമാണ്?"

**ഉ:** വേദപുസ്തകം ദൈവപ്രേരിതമായ അഥവാ ദൈവനിവേശിതമായ (Divinely inspired) തിരുവെഴുത്തുകളാണ്. അതായതു വേദപുസ്തകം, അതിന്റെ കർത്താക്കൾക്കു ദൈവം നല്കിയ ആന്തരികപ്രചോദനം അനുസരിച്ച് എഴുതപ്പെട്ടിട്ടുള്ളതാണ്. വിശുദ്ധഗ്രന്ഥം എഴുതുന്നതിനു ദൈവം അവരെ പ്രേരിപ്പിച്ചു; രേഖപ്പെടുത്തേണ്ട കാര്യങ്ങൾ തിരഞ്ഞെടുക്കുന്നതിൽ അവിടുന്നു അവരെ നിയന്ത്രിച്ചു; പ്രമാദരഹിതമായ വിധത്തിൽ അവ രേഖപ്പെടുത്തുന്നതിനു അവിടുന്ന് അവരെ സഹായിക്കയും ചെയ്തു. ആകയാൽ വേദപുസ്തകം ദൈവവചനമാണെന്നും, വത്തിക്കാൻ സൂനഹദോസ് പ്രസ്താവിക്കുംവണ്ണം വിശുദ്ധഗ്രന്ഥത്തിന്റെ കർത്താവു ദൈവമാണെന്നും പറയാം. എന്നാൽ, ഗ്രന്ഥത്തിലെ ഭാഷാശൈലിയും രചനാരീതിയും അതു് എഴുതിയവർക്കു പ്രത്യേകമായുള്ളതാണ്. (കൂടുതൽ വിവരങ്ങൾക്കു സത്യദീപം 22-ാം പുസ്തകം 40-ാം ലക്കം 7-ാം പേജ് നോക്കുക.)

പക്ഷേ, വേദപുസ്തകം മുഴുവൻ ദൈവത്തിന്റെ വെളിപാടുകളാണെന്നു പറഞ്ഞുകൂടാ. ദൈവനിവേശനവും (Divine inspiration) ദൈവവെളിപാടും (ദൈവാവിഷ്കരണം Divine revelation) തമ്മിൽ വ്യത്യാസമുണ്ട്. ആവിഷ്കരണം അഥവാ വെളിപാട് എന്നു പറയുന്നതു മനുഷ്യബുദ്ധികൊണ്ട് കണ്ടുപിടിക്കാൻ സാധിക്കാത്ത ദൈവികരഹസ്യങ്ങളും വിദൂരഭാവിയിൽ നടക്കാൻ പോകുന്നസംഭവങ്ങളും മററും ദൈവം അറിയിച്ചുകൊടുക്കുന്നതിനെ ഉദ്ദേശിച്ചാണ്. വേദപുസ്തകത്തിൽ ഇത്തരം കാര്യങ്ങൾ ധാരാളമുണ്ട്. ഉദാഹരണമായി, ത്രിത്വത്തിന്റെ രഹസ്യം; മിശിഹായെപ്പററിയുള്ള പ്രവചനങ്ങൾ ആദിയായവ. മേൽപ്പറഞ്ഞവ കൂടാതെ എഴുത്തുകാർക്കു സ്വന്തം അനുഭവത്താലോ അന്വേഷണത്താലോ അറി

യാൻ സാധിച്ച കാര്യങ്ങളും വേദപുസ്തകത്തിൽ സുലഭമാണ്. ഉദാ: ക്രിസ്തുവിന്റെ പീഡാനുഭവം. (സത്യദീപം 22-ാം പു 42-ാം ലക്കം, 8-ാം പേജ് കാണുക)

വേദപുസ്തകം ദൈവവചനമാകയാൽ അതു പ്രമാദരഹിതമാണെന്നതു് അനിഷേധ്യമായ ഒരു വാസ്തവമാണ്. ഏതത്സംബന്ധമായി, താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധാർഹങ്ങളായിരിക്കുന്നു:—

1) വേദപുസ്തകത്തിന്റെ ചില ഭാഗങ്ങൾമാത്രമാണ ദൈവനിവേശിതങ്ങളെന്നു പറഞ്ഞുകൂടാ.

2) വിശ്വാസവും സന്മാൎഗ്ഗവും സംബന്ധിച്ച കാര്യങ്ങൾ മാത്രമാണ ദൈവനിവേശിതങ്ങളെന്ന പ്രസ്താവവും ശരിയല്ല.

3) വേദപുസ്തകം പ്രകൃതിശാസ്ത്രം പഠിപ്പിക്കുന്നതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമല്ലാത്തതുകൊണ്ട്, കൃത്യമായുള്ള ശാസ്ത്രീയ നിൎവ്വചനങ്ങൾ അതിൽ നമുക്ക പ്രതീക്ഷിക്കാവുന്നതല്ല. എന്നുവരികിലും പ്രകൃതിശാസ്ത്രത്തിനു വിരുദ്ധമായ യാതൊന്നും അതിന്റെ പക്ഷങ്ങളിൽ കാണാൻ സാധിക്കയില്ല; കാരണം സ്വാഭാവികസത്യങ്ങളുടേയും അതിസ്വാഭാവിക സത്യങ്ങളുടേയും കൎത്താവായ ദൈവം ഒരാൾതന്നെയാണ്. പക്ഷെ പ്രകൃതിശാസ്ത്രസംബന്ധമായ കാര്യങ്ങളെ വേദപുസ്തകകൎത്താക്കൾ പരാമർശിക്കുമ്പോൾ, അവരുടെ കാലത്തു സാധാരണമായി ഉപയോഗിച്ചിരുന്ന ഭാഷാരീതിയാണ പ്രയോഗിക്കുന്നതു്; ചിലപ്പോഴെല്ലാം ആലങ്കാരികഭാഷയും പ്രയോഗിക്കുന്നുണ്ട്.

4) വേദപുസ്തകത്തിലെ ചില വാക്യങ്ങൾ മററു ഗ്രന്ഥങ്ങളിൽനിന്നുമുള്ള പരോക്ഷമായ ഉദ്ധരണികളായിരിക്കാമെന്നും അവയുടെ വാസ്തവികതയെപ്പററി വിശുദ്ധലിഖിതകൎത്താക്കൾ ഉറപ്പുതരുന്നില്ലെന്നും വിശ്വസിക്കുന്നതിനു വിരോധമുണ്ടോ എന്ന ചോദ്യത്തിനു ബിബ്ലിക്കൽ കമ്മീഷൻ (വേദപുസ്തകം ഔദ്യോഗികമായി വ്യാഖ്യാനിക്കുന്നതിനു പരിശുദ്ധ സിംഹാസനത്താൽ നിയമിതമായിരിക്കുന്ന പണ്ഡിതസമിതിയാണതു്) "വിരോധമില്ല" എന്നു മറുപടി നല്കിയിട്ടുണ്ട്. പക്ഷെ അപ്രകാരം പ്രസ്തുത വാചകങ്ങൾ ഉദ്ധരണികളാണെന്നും അവയുടെ വാസ്തവികതയെപ്പററി ഉറപ്പുതരുന്നതിനു വിശുദ്ധ ഗ്രന്ഥലേഖിതാവു് ഉദ്ദേശിക്കുന്നില്ലെന്നും വിചാരിക്കാൻ മതിയായ കാരണമുണ്ടായിരിക്കണമെന്നും "കമ്മീഷൻ" തുടൎന്നു പ്രസ്താവിക്കുന്നു.

5) വേദപുസ്തകം ദൈവനിവേശിതഗ്രന്ഥമാണെങ്കിലും, അതു മനുഷ്യരാൽ എഴുതപ്പെട്ടതും മാനുഷികമായ രീതിയിൽ, അനേക തലമുറകളിൽക്കൂടി കടന്നു നമ്മുടെ കൈവശം വന്നുചേൎന്നിട്ടുള്ളതുമായ ഒരു ഗ്രന്ഥമാണെന്നുള്ള വസ്തുത വിസ്മരിച്ചുകൂടാ. ഏതൽകാരണത്താൽ, അതിന്റെ പകൎപ്പുകളിലും വിവൎത്തനങ്ങളിലും ചില എററക്കുറച്ചിലുകളും വ്യതിയാനങ്ങളും സംഭവിച്ചിട്ടുണ്ടെന്നുവരാവുന്നതാണ്. ആകയാൽ മൂലഗ്രന്ഥത്തിലെ ആശയമെന്തെന്നു കണ്ടുപിടിക്കുന്നതിനു വ്യാഖ്യാതാക്കൾ കൂലങ്കഷമായി പഠനം നടത്തേണ്ടതായിരിക്കുന്നു. വി. ആഗസ്തീനോസ് വി. ജെറോനിമോസിനെഴുതിയ കത്തിലെ ഒരു വാചകം ശ്രദ്ധേയമാണ്. "വിശുദ്ധലിഖിതത്തിൽ സത്യത്തിനു വിരുദ്ധമായ എന്തെങ്കിലുംകണ്ടുമുട്ടിയാൽ, ആ പാഠം പ്രമാദാത്മകമാണെന്നും, വിവൎത്തകൻ ശരിയായ അൎത്ഥം പ്രകാശിപ്പിച്ചിട്ടില്ലെന്നും ഞാൻ വിധിക്കും. അല്ലെങ്കിൽ എനിക്കതു മനസ്സിലാകുന്നില്ലെന്നു മാത്രം ഞാൻ തീരുമാനിക്കും." ഇപ്രകാരമാണെങ്കിലും, വേദപുസ്തകം സാരമായ വ്യത്യാസമൊന്നും കൂടാതെ നമുക്കു ലഭിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. (സ. ദീ പു 22, ല 44, പേജ് 9; ല. 45 പേജ് 4)

6) പ്രവചനങ്ങൾ, സങ്കീൎത്തനങ്ങൾ, വെളിപാടു് മുതലായ ഭാഗങ്ങളിലുള്ള കാവ്യോചിതമായ ചിത്രീകരണങ്ങളും സാദൃശ്യങ്ങളും അലങ്കാരപ്രയോഗങ്ങളായി പരിഗണിക്കണം. എന്നുവരികിലും, അവ യാഥാൎത്ഥ്യങ്ങളെ ചമല്ക്കാരദ്യോതകവും സജീവവുമായ രീതിയിൽ പ്രകാശിപ്പിക്കുന്നതിനുള്ള ഉപാധികളാണെന്നു മനസ്സിലാക്കണം. (Vide Question Box by Conway, 2nd (edition P. 67.)

വേദപുസ്തകം ഏതളവോളം ഒരു ക്രൈസ്തവനു അംഗീകാരയോഗ്യമാണ് എന്ന ചോദ്യത്തിനു പൂൎണ്ണമായ സമാധാനം ആകുന്നതിനു്, "വേദപുസ്തകം വിശ്വാസത്തിന്റെ ഏകാധാരമാണോ" എന്ന ചോദ്യംകൂടി ചൎച്ചചെയ്യേണ്ടിയിരിക്കുന്നു. സ്ഥലച്ചുരുക്കത്താൽ അതു അടുത്തലക്കത്തിലേക്കു മാററിവച്ചിരിക്കുന്നു.


## തയ്യാർ

തിരുഹൃദയാനുകരണം ക. 3-8-0
51 ഞായറാഴ്ച്ച പ്രസംഗങ്ങൾ. 0 14-0
തിരുസഭാചരിത്രം (ചോദ്യോത്തരങ്ങൾ) 0-14-0
അടുക്കളക്കാരി 0-12-0

S. H. ഡിപ്പോ, എൽത്തുരുത്തു് പ്രസ്സ്
എറണാകുളം. തൃശ്ശൂർ


## കൊ-തി. വാൎത്തകൾ

വ്യയന്യൂനീകരണത്തെ ലക്ഷ്യമാക്കി ഐക്യസംസ്ഥാനത്തെ ഉദ്യോഗസ്ഥനിയമനങ്ങൾ കഴിയുന്നത്ര നിയന്ത്രിക്കുന്നതിനും, ഉദ്യോഗസ്ഥന്മാരുടെ പെൻഷൻ വയസ്സു 53 ആയി കുറയ്ക്കുന്നതിനും ആലോചനയുള്ളതായറിയുന്നു.

—ഐക്യസംസ്ഥാന ഇൻഫർമേഷൻ ഡയറക്ടർ മി. എൻ. പി. ഹരിഹരൻ പ്രസ്തുത ഉദ്യോഗം രാജിവച്ചിരിക്കുന്നു. അദ്ദേഹത്തിനുപകരം കൊച്ചി ഇൻഫർമേഷൻ ഡയറക്ടറായിരുന്ന മി. എം. കെ. ദേവസ്സി ബി. എ. ബി. എൽനെ നിയമിക്കുന്നതാണെന്നറിയുന്നു. ശ്രീഹരിഹരൻ ഉദ്യോഗം രാജിവച്ചതിനുശേഷം പോലിസ് അധികാരികൾ അദ്ദേഹത്തിന്റെ ഭവനം പരിശോധിച്ചു 5 കാമാകളു 30 000ക. ആസ്തിയുള്ള ഒരു കമ്പനിററിക്കാർഡും കണ്ടെടുത്തു. തുടൎന്നു ശ്രീ ഹരിഹരനെ അറസ്റ്റുചെയ്തു പാലയം ലോക്കപ്പിൽ സൂക്ഷിച്ചിരിക്കുന്നു.

—കന്നി 1-ാംനു മുതൽ ഐക്യസംസ്ഥാനാതിൎത്തിയിലുള്ള എല്ലാ കരച്ചുങ്കങ്ങളും നിൎത്തലാക്കിക്കൊണ്ടു് രാജപ്രമുഖൻ ഓർഡിനൻസ് പ്രസിദ്ധംചെയ്തിരിക്കുന്നു.

—കൊച്ചിയിലെയും തിരുവിതാംകൂറിലെയും റേഷൻതോതിൽ ഐകരൂപ്യം വരുത്തി ആളൊന്നിനു ദിവസേന 12 ഔൺസുവീതം ധാന്യം നല്കുന്നതിനു ആലോചനയുള്ളതായറിയുന്നു.

—തിരുവിതാംകൂർ വിദ്യാഭ്യാസഡയറക്ടർ ഡോക്ടർ ടി കെ. കോശിയെ യൂണിവേഴ്സിററി കോളെജ് പ്രിൻസിപ്പാളായും, കൊച്ചി വിദ്യാഭ്യാസഡയറക്ടർ മി. ഐ എൻ. മേനോനെ ഐക്യസംസ്ഥാന വിദ്യാഭ്യാസഡയറക്ടറായും നിയമിച്ചിരിക്കുന്നു മി. മേനോൻ കന്നി 4-ാംനു ചാൎജ്ജെടുക്കുകയുണ്ടായി. ഡോക്ടർ കോശിക്കു കന്നി 3-ാംനു മുതൽ രണ്ടുമാസത്തെ അവധി അനുവദിച്ചിരിക്കുന്നു.

—ഡോക്ടർ ജേക്കബ് തളിയത്തിനെ തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാന സർജൻജനറലായി നിയമിച്ചിരിക്കുന്നു.

—ഇൻഡ്യാഗവമ്മെൻറു രൂപീകരിച്ചിട്ടുള്ള കേന്ദ്ര അഡ്സ്റ്റുകമ്മിററിയുടെ പ്രാരംഭയോഗം കന്നി 3-ാംനു എറണാകുളത്തുവച്ചു കൂടിയിരിക്കുന്നു.

—സ്റ്റെർലിങ്ങുവില കുറച്ചതിനെതുടൎന്നുണ്ടാകാവുന്ന സാമ്പത്തികപ്രത്യാഘാതങ്ങളെ പരിഗണിച്ചു് സെപ്തംബർ 19, 20, 21 എന്നി തീയതികളിൽ ഗവമ്മെൻറുട്രഷറികൾക്കും പോസ്റ്റൽ വകുപ്പിനും ഒഴിവുദിനങ്ങളായി ഐക്യസംസ്ഥാനഗവമ്മെൻറു പ്രഖ്യാപിച്ചിരിക്കുന്നു.

—ചോദ്യക്കടലാസുകൾ ചോൎന്നുപോയതുനിമിത്തം നീട്ടിവയ്ക്കപ്പെട്ടിരിക്കുന്ന ഇൻറർമീഡിയററ് പരീക്ഷയുടെ ഒന്നും രണ്ടും പാർട്ടുകൾ ഒക്ടോബർ 4, 5, 6 തീയതികളിൽ നടത്തപ്പെടുന്നതാണ്. മുൻപരീക്ഷയ്ക്കുപയോഗിച്ച ഹാൾടിക്കററുകൾ തന്നെ ഇതിനും മതിയാകുന്നതാണ്.

## ഇൻഡ്യാവാൎത്തകൾ

കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് സെക്രട്ടറി റൈററ് റവ. ഡോ പി. തോമസ് തിരുമേനി അധഃകൃത ക്രിസ്ത്യാനികളുടെ അവകാശങ്ങളെ പുരസ്കരിച്ചു ഇൻഡ്യൻ നാഷനൽ കോൺഗ്രസ് പ്രസിഡണ്ടിനയച്ചിരുന്ന കത്തിനു് കോൺഗ്രസ് പ്രസിഡണ്ടു് ഡോക്ടർ പട്ടാഭി സീതാരാമയ്യ അയച്ച മറുപടിയിൽ, ക്രിസ്ത്യൻ ഹരിജനങ്ങളുടെ അവശസ്ഥിതികൾ എല്ലാവൎക്കും നല്ലപോലെ അറിയാമെന്നും പ്രസ്തുതവിഷയം അനുഭാവപൂൎവ്വകമായ ഉപരിചിന്തനത്തിനു വിധേയമാക്കേണ്ടതാണെന്നും പ്രസ്താവിച്ചിരിക്കുന്നു.

—വിദ്യാൎത്ഥി സംഘടനകൾ രാഷ്ട്രീയകാൎയ്യങ്ങളിൽ പങ്കെടുക്കരുതെന്നാണ് ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററു് ജവഹരിലാൽ നെഹ്റു അംബാലവച്ചു് പൂൎവ്വപഞ്ചാബു് വിദ്യാൎത്ഥി കോൺഗ്രസ് യോഗത്തിൽ ചെയ്ത ഒരു പ്രസംഗത്തിൽപ്രസ്താവിച്ചതു്. വ്യക്തിപരമായ നിലയിൽ വിദ്യാൎത്ഥികൾ രാഷ്ട്രീയകാൎയ്യങ്ങളിൽ തൽപര്യം പ്രദൎശിപ്പിക്കുന്നതിനു വിരോധമില്ലെന്നു് അദ്ദേഹംപറഞ്ഞു. എന്നാൽ വിദ്യാൎത്ഥിസംഘടനകൾ രാഷ്ട്രീയകാൎയ്യങ്ങളിൽ തലയിടുകയാണെങ്കിൽ രാഷ്ട്രീയസംഘടനകൾ അവയെ ചൂഷണംചെയ്യുന്നതാണെന്നു് നെഹ്റു തുടൎന്നു പ്രസ്താവിച്ചു.

—സ്വരാജിന്റെ അസ്തിവാരം ദേശീയമായ ആത്മവിശ്വാസത്തിന്റെ സംപ്രാപ്തിയാണ്, രാഷ്ട്രീയമോ സാമ്പത്തികമോ ആയ സ്വാതന്ത്ര്യമല്ല എന്നത്രെ സെപ്ററംബർ 19-ാംനു കോയമ്പത്തൂർവച്ചു കൂടിയ എൻജിനീയറന്മാരുടെ ഒരു സമ്മേളനത്തിൽ സർ സി. വി. രാമൻ പ്രസ്താവിച്ചതു്.

—ഇൻഡ്യയുടെ കിഴക്കുഭാഗത്തുസ്ഥിതിചെയ്യുന്ന 1318 ചതുരശ്രമൈൽ വിസ്തീൎണ്ണം വരുന്ന കൂച്ച്ബിഹാർ സംസ്ഥാനം ഇൻഡ്യാ യൂനിയനിൽ ലയിച്ചിരിക്കുന്നു.

—ഇൻഡ്യയിലെ അഭയാൎത്ഥികളുടെ സംരക്ഷണാൎത്ഥം അമേരിക്കയിലെ കത്തോലിക്കർ ഇപ്പോൾ 6,000 ചാക്കു ഗോതമ്പും 3 000 പെട്ടി ചോക്ക്ലേററും പാൽപ്പൊടിയും വളരെയധികം പയറുവൎഗ്ഗങ്ങളും അയച്ചുതന്നിരിക്കുന്നു.

—ദക്ഷിണേൻഡ്യൻ കത്തോലിക്കാ വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു യോഗത്തിൽ മദ്രാസ് മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോക്ടർ എൽ. മത്തിയാസ് തിരുമേനി ചെയ്ത പ്രസംഗത്തിൽ മദ്രാസ് ഗവമ്മെൻറിന്റെ വിദ്യാഭ്യാസനയത്തെ നിശിതമായി വിമർശിക്കുകയും വിദ്യാഭ്യാസരംഗത്തു് കത്തോലിക്കർ നിൎവ്വഹിച്ചിട്ടുള്ള നിസ്സ്വാൎത്ഥസേവനങ്ങൾ ഇന്നു അവഗണിക്കപ്പെട്ടിരിക്കുന്നതിൽ ശക്തിയായ പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്യുകയുണ്ടായി. നിഷ്പക്ഷവും ജനാധിപത്യപരവും മതേതരവുമെന്നഭിമാനിക്കുന്ന രാഷ്ട്രം പക്ഷപാതപരവും പ്രോത്സാഹനരഹിതവുമായ ഇത്തരം നയം സ്വീകരിക്കുന്നതു ഭരണഘടനയിലെ വ്യവസ്ഥകൾക്കും ദേശീയനേതാക്കന്മാർ ആവൎത്തിച്ചാവൎത്തിച്ചു ചെയ്തിട്ടുള്ള പ്രഖ്യാപനങ്ങൾക്കും കടകവിരുദ്ധമത്രെ എന്നദ്ദേഹം ഉദ്ബോധിപ്പിക്കുകയുണ്ടായി.

—സെപ്ററംബർ 14-ാംനു കൂടിയ കോൺസാംബ്ളിയോഗത്തിൽ ഇൻഡ്യയിലെ ഔദ്യോഗികഭാഷ ദേവനാഗരിലിപിയിലുള്ള ഹിന്ദിയായിരിക്കണമെന്നും, യൂനിയനിലെ ഔദ്യോഗികാവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്ന അക്കങ്ങൾ സൎവ്വരാജ്യരൂപമുള്ളവയായിരിക്കണമെന്നും തീരുമാനിച്ചു.

—പുതിയ ഭരണഘടനയിൽ ഇൻഡ്യാ "ഭാരത്" എന്ന പേരിലായിരിക്കണം അറിയപ്പെടേണ്ടതെന്നു് കോൺഗ്രസ് അസംബ്ലിപാൎട്ടി തീരുമാനിച്ചിരിക്കുന്നു.

—ഇൻഡ്യയിലെ ഹൈക്കോടതികളിൽ നിന്നുള്ള അപ്പീലുകൾ കേൾക്കുന്നതിനു കഴിഞ്ഞ 175 കൊല്ലമായി പ്രിവികൗൺസിലിനുണ്ടായിരുന്ന അധികാരം നിൎത്തലാക്കിക്കൊണ്ടുള്ള ബിൽ കോൺസംബ്ളി പാസ്സാക്കിയിരിക്കുന്നു. ഒക്ടോബർ 10-ാംനു മുതൽ ഇതു നടപ്പിൽവരുന്നതാണ്.

## പ്രാദേശിക വാൎത്തകൾ

കൊല്ലത്തു ഒരു കോളെജ് സ്ഥാപിക്കുന്നതിനുവേണ്ട അനുമതിക്കായി കൊല്ലം മെത്രാൻ തിരുമനസ്സുകൊണ്ടു് സൎവ്വകലാശാലയോടു വീണ്ടും അഭ്യൎത്ഥിച്ചിരിക്കുന്നതായറിയുന്നു.

—കോടിക്കുളം കത്തോലിക്കാ കോൺഗ്രസ് ശാഖയുടെ ഒരു പ്രചരണയോഗം സെപ്തംബർ 25-ാംനു ഞായറാഴ്ച രാവിലെ റവ. ഫാ. റെയിനോൾഡ് സി. ഡി., എം. എ. യുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ് ശ്രീ പി. ടി. അഗസ്റ്റിൻ ബി. എ. ബി. ററി, ശ്രീമതി ത്രേസ്യാമ്മ ജോസഫ് ബി. എ. എന്നിവരുടെ പ്രസംഗങ്ങളുണ്ടായിരിക്കും.

—നെടുങ്ങാടു് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം കഴിഞ്ഞ ഞായറാഴ്ച റവ. ഫാ. തോമസ് വെള്ളത്തേടത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയിരിക്കുന്നു കഴിഞ്ഞ വർഷത്തിൽ പ്രസ്തുത സംഘത്തിൽനിന്നും 680 പേക്കു റേഷൻ സൗജന്യമായി കൊടുത്തതായും 100 ക. യുടെ വസ്ത്രങ്ങൾ സാധുക്കളുടെ ഇടയിൽ വിതരണം ചെയ്തതായും വർഷികറിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു.

—ചാലക്കുടി ഫൊറോനപ്പള്ളിയിൽ നവമായി സ്ഥാപിച്ചിരിക്കുന്ന രണ്ടു ബലിപീഠങ്ങളുടെ ആശീൎവ്വാദകൎമ്മം തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു് സെപ്തംബർ 10-ാംനു നിൎവ്വഹിച്ചിരിക്കുന്നു. പ്രസ്തുത ബലിപീഠങ്ങളിൽ ഒന്നു് ചാലക്കുടി ഇടവകക്കാരനായ റവ. ഫാ. ജോസഫ് കല്ലുങ്കൽ എം. എ. യുടെ പൗരോഹിത്യജൂബിലിസ്മാരകവും, മറേറതു് ആ ഇടവകക്കാരനായ ശ്രീ കണിച്ചിക്കാട്ടിൽ ലോനപ്പൻ വാറു അവർകളുടെ സംഭാവനയുമാണ്.

## ചരമങ്ങൾ

ഇരിങ്ങാലക്കുട സെൻറ് ജോൎജ്ജ്സ് വിൻസെൻറ് ഡി പോൾ സംഘം വൈസ് പ്രസിഡണ്ടു് മി പി. വി. ജേക്കബ് ചിങ്ങം 28-ാംനു നിൎയ്യാതനായിരിക്കുന്നു.

—കോടിക്കുളം തോയലിൽ ചാക്കു ആഗസ്തി സെപ്തംബർ 15-ാംനു 68-ാമത്തെ വയസ്സിൽ നിൎയ്യാതനായിരിക്കുന്നു.

R. I. P.


## റെഡി ഫാർ സെയിൽ

22-ാം പുസ്തകം സത്യദീപം കുത്തിക്കെട്ടിയോ അല്ലാതെയോ, വി. പി. ചാൎജ്ജുകൂടാതെ ക. 6-8-0 ക. 6-0-0 ഈ നിരക്കിൽ വില്പാൻ തയ്യാർ.
ഉടനെ എഴുതുവിൻ
X C/o
കെ. പി. പി., തോട്ടകം ചച്ച്
വൈക്കം.


## വിദേശവാൎത്തകൾ

ചെക്കോസ്ലോവാക്യയിലെ കത്തോലിക്കസഭാധികാരികളുടെ നേതൃത്വത്തിൽ തങ്ങൾക്കു പൂൎണ്ണവിശ്വാസമുള്ളതായി കത്തോലിക്ക അദ്ധ്യാപകന്മാർ പ്രഖ്യാപിച്ചിരിക്കുന്നു.

—പശ്ചിമ ജമ്മനിയിലെ കമ്മ്യൂണിസ്റ്റ് നേതാവായ മാക്സ് റെയിമന്റെ പുത്രൻ ജോസഫ് റെയിമൻ സോവ്യററു മേഖലയിലെ പോലിസ്സേനയിൽനിന്നും ഒളിച്ചോടി ബ്രിട്ടീഷ് അധികാരികളുടെ പക്കൽ അഭയംതേടിയിരിക്കുന്നു.

—കാശ്മീർ പ്രശ്നം വീണ്ടും ഐക്യരാഷ്ട്രസമിതിയുടെ തീരുമാനത്തിനായി സമൎപ്പിക്കുന്നതാണെന്നറിയുന്നു.

—പവന്റെ (സ്റ്റെർലിങ്ങിന്റെ) വില 4.03 ഡോളറിൽനിന്നു 2.80 ഡോളറായി കുറച്ചിരിക്കുന്നുവെന്നു് ബ്രിട്ടീഷ് ധനകാൎയ്യമന്ത്രി സർ സ്റ്റാഫോർഡ് ക്രിപ്സ് പ്രസ്താവിച്ചിരിക്കുന്നു. കഴിഞ്ഞ തിങ്കളാഴ്ചമുതൽ അതു നടപ്പിൽവന്നിരിക്കുന്നു. സ്വൎണ്ണത്തിന്റെ വിലയും തദനുസരണം കുറയ്ക്കുന്നതാണ്. ഉറുപ്പികയുടെ വില സ്റ്റെർലിങ്ങിന്റെ തോതിൽ കുറയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി ഇൻഡ്യാഗവമ്മെൻറ് വിജ്ഞാപനം ചെയ്തിട്ടുണ്ടു്

## വിദ്യാർത്ഥി

(5-ാംപേജ് തുടർച്ച)

പോട്ടപിടിക്കാൻ അയാളും ഓട്ടംതുടങ്ങി.

അന്ന് ഒഴിവുദിവസമായിരുന്നു. പകൽ മുഴുവൻ "കാൻവസിങ്ങ്" നടത്തിയതിനുശേഷം സന്ധ്യയോടുകൂടി തോമാച്ചൻ വീട്ടിലെത്തി. ജോർജ്ജ് അപ്പോഴും സ്കൂളിൽനിന്നും തിരിച്ചുവന്നിട്ടില്ല. കുറച്ചുനേരം കാത്തിരുന്നതിനുശേഷം അവർ കൊന്തചൊല്ലി. എന്നിട്ടും അവൻ വന്നില്ല. മണി 10 അടിച്ചു. തോമാച്ചനും വിഷമമായി. കുറേശ്ശ കോപവും വന്നുതുടങ്ങി. റോസമ്മ യാതൊന്നും പറഞ്ഞില്ല. എങ്കിലും അവർ പണ്ടു പറഞ്ഞിട്ടുള്ളതെല്ലാം അയാൾ ഓർത്തു. അതിൽ കുറെ വാസ്തവമുണ്ടെന്ന് അയാൾക്ക് അനുഭവപ്പെട്ടുതുടങ്ങി. "ജോർജ്ജ് ചിലപ്പോഴെല്ലാം സ്കൂളിൽ ചെല്ലാറില്ലെന്നു കേട്ടതും വാസ്തവമായിരിക്കുകയില്ലേ? സന്ധ്യക്കുമുമ്പ് അവനോട് വീട്ടിൽ എത്തണമെന്ന് ഇന്നലെ ഞാൻ പറഞ്ഞതല്ലേയുള്ളു. അപ്പനേയും അനുസരിക്കയില്ലെന്നായോ?........." തോമാച്ചൻ പല്ലുകളിറുമി. വരാന്തയിൽ ദൃഷ്ടിയും താഴ്ത്തി അങ്ങോട്ടുമിങ്ങോട്ടും അയാൾ നടന്നു. ഗൗരവമായി എന്തെങ്കിലും ചിന്തിക്കുമ്പോൾ അയാൾ അങ്ങനെ നടക്കാറുണ്ട്.

ആരോ ഓടിവരുന്ന ശബ്ദം കേട്ട് അയാൾ തല ഉയർത്തിനോക്കി.

"ജോർജ്ജൂട്ടിടെ തല തല്ലിപ്പൊളിച്ചുകളഞ്ഞെൻറ തോമാച്ചാ! ആസ്പത്രിയിലേക്കു കൊണ്ടുപോയിട്ടുണ്ട്." ആഗതൻ ഒരു ശ്വാസത്തിൽ പറഞ്ഞു.

തോമാച്ചൻറ കോപം എങ്ങോ പമ്പകടന്നു. വികാരങ്ങൾ അയാളെ വീർപ്പുമുട്ടിച്ചു. വാവിട്ടയാൾ കരഞ്ഞില്ലെങ്കിലും കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. എന്തെല്ലാമായാലും മകൻ എന്നും മകൻതന്നെയാണല്ലോ?

തോമാച്ചനും റോസമ്മയും ആ രാത്രി തന്നെ ആസ്പത്രിയിലെത്തി. ഒരു കട്ടിലിൽ ജോർജ്ജ് കിടപ്പുണ്ട് ഒരു ജീവച്ഛവംപോലെ. അഴുക്കുപിടിച്ച ഒരു തുണികൊണ്ട് തലയിലെ മുറിവ് കെട്ടിയിട്ടുണ്ട്. എങ്കിലും അതെല്ലാം കുത്തിത്തുളച്ച് ചോര പ്രവഹിച്ചുകൊണ്ടിരുന്നു. റോസമ്മ പൊട്ടിക്കരഞ്ഞുപോയി. ബോധരഹിതയായി അവൾ നിലം പതിച്ചില്ലെങ്കിൽ അതു അവളുടെ അസാമാന്യമായ മനഃസ്ഥൈര്യംകൊണ്ടു മാത്രമായിരുന്നു.

രണ്ടു മണിക്കൂർ കഴിഞ്ഞു ജോർജ്ജിനെ അവിടെ കൊണ്ടുവന്നിട്ട്. ഒരു ഡോക്ടറോ നേഴ്സോ ഇതുവരെയും അവിടെ എത്തിയിട്ടില്ല. ഒന്നുരണ്ടു മണിക്കൂറുകൂടി അങ്ങനെ കടന്നുപോയാൽപ്പിന്നെ മരുന്നേ ആവശ്യമില്ലെന്നാകും.

തോമാച്ചൻ ഓടിപ്പിടഞ്ഞു രണ്ടുമൂന്നു ഡോക്ടർമാരേയും നേഴ്സുമാരേയുമെല്ലാം കണ്ടു. കൈമടക്കി അവരെയെല്ലാം ഒന്നു പ്രസാദിപ്പിച്ചു. അപ്പോൾ രോഗിയെ ശുശ്രൂഷിക്കാൻ ആളുകളായി. അവർ വന്നു മൂന്നുനാലിഞ്ചുനീളത്തിൽ തലയുടെ വലതുഭാഗത്തുള്ള മുറിവ് തുടച്ചുവൃത്തിയാക്കിയിട്ട് പഞ്ഞിയും മരുന്നും കുത്തിച്ചെലുത്തി; മുറിവുകെട്ടിയടച്ചു; വേണ്ട നിർദ്ദേശങ്ങളും നല്കി.

കുറച്ചുകഴിഞ്ഞപ്പോൾ ജോർജ്ജിനു ബോധം വീണു. അവൻ കണ്ണുകൾ തുറന്ന് അപ്പനേയും അമ്മയേയും നോക്കി.

ഡോക്ടർ പരിശോധനയുംമററും കഴിച്ചുതിരിച്ചുപോയപ്പോൾ തോമാച്ചൻ ആരാഞ്ഞു: "എൻെറ കുഞ്ഞു രക്ഷപെട്ടുപോരില്ലേ?"

"അതൊന്നും പറയാറായിട്ടില്ല. കാര്യം കുറെ കടന്നതാണെന്ന് കണ്ടാലറിഞ്ഞുകൂടെ. എന്നാൽ ആവതു ശ്രമിക്കാം. ഒരു മൂന്നുനാലാഴ്ചയെങ്കിലും ചികിത്സിക്കണം." നടക്കുന്നവഴി പറഞ്ഞുകൊണ്ടയാൾ ഗവമ്മെണ്ടുഡോക്ടറുടെ ഗൗരവത്തോടുകൂടി അങ്ങുപോയി. ഒരു ചെറിയ തുകകൂടെ ആ ഡോക്ടറെ ഏല്പിക്കണമെന്നു തോമാച്ചനു തോന്നി. പക്ഷെ, കൊണ്ടുവന്ന പണമെല്ലാം തീർന്നുപോയിരുന്നു.

റോസമ്മയുടെ വാസം ആസ്പത്രിയിൽ തന്നെ. തോമാച്ചനും ആപ്പീസ് സമയമൊഴിച്ചാൽ മററുസമയമെല്ലാം അവിടെയുണ്ടായിരിക്കും.

ഒരു ദിവസം ആസ്പത്രിയിൽനിന്നും മടങ്ങുമ്പോൾ രാമവമ്മ സ്കൂളിലെ കുമാരൻകുട്ടി സാറിനെ കണ്ടുമുട്ടി. അയാളിൽനിന്നും ജോർജ്ജിനെപ്പററി പലതും അറിയുവാൻ സാധിച്ചു. — രാമകൃഷ്ണനും സുകുമാരനുമായുള്ള ജോർജ്ജിൻെറ കൂട്ടുകെട്ട്, അവരുടെ വിദ്യാർത്ഥിയൂണിയൻ, ക്ലാസിൽ കയറാതെയുള്ള ചുററിനടപ്പ്, അദ്ധ്യാപകന്മാരോട് എടഞ്ഞുള്ള സംസാരം, രാത്രിസമ്മേളനങ്ങൾ,—മുതലായവ. സോഷ്യലിസ്റ്റ് പാർട്ടിക്കാരോടുകൂടെ കരിംകൊടിപ്രയോഗം നടത്താൻ പോയ പോലീസിൻെറ ലാത്തിയേററാണ് തലപൊളിഞ്ഞതെന്നും അയാൾ പറഞ്ഞു.

കഷ്ടം! ഇതെല്ലാം നേരത്തേ അറിഞ്ഞിരുന്നെങ്കിൽ.................അല്ലാ, അറിയുവാൻ ശ്രമിച്ചിരുന്നെങ്കിൽ ഈ അത്യാഹിതം വന്നു ഭവിക്കുമായിരുന്നോ? ............തോമാച്ചൻ ആലോചിച്ചു. എന്തിനതെല്ലാം പറയുന്നു. വന്നതു വന്നു. അതിൻെറ ഭവിഷ്യത്തുകൾ അനുഭവിക്കുകതന്നെ.

പത്തു ദിവസമായി ജോർജ്ജ് കിടപ്പുതുടങ്ങിയിട്ട്. ആസ്പത്രിയെപ്പററി ചിന്തിക്കുമ്പോൾ തോമാച്ചനു ഭയം തോന്നിത്തുടങ്ങി. സാധുസംരക്ഷണത്തിൻെറ പേരിലാണ് ഗവമ്മെണ്ട് അതു സ്ഥാപിച്ചിരിക്കുന്നതു്. പക്ഷേ, അവിടെ കയറിപ്പററണമെങ്കിൽ പണം വേണം; അങ്ങോട്ടോയിങ്ങോട്ടോ തിരിഞ്ഞാൽ പണം വേണം. പത്തു പതിനെട്ടുകൊല്ലം നിരന്തരം ജോലിചെയ്ത് സ്വരുക്കൂട്ടിയ സമ്പാദ്യം ആ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ തകർന്നു. ധർമ്മാസ്പത്രി! അധർമ്മം വിളയാടുന്ന ധർമ്മാസ്പത്രി! എങ്കിലും കാര്യം നടക്കേണ്ടേ? പതിനെട്ടുകൊല്ലത്തോളം ആരുടെ പണസഞ്ചി വീർപ്പിക്കുവാൻവേണ്ടി ജോലിചെയ്തുവോ ആ മാനേജരോടുതന്നെ തോമാച്ചൻ പണം ആവശ്യപ്പെട്ടു.

"മക്കളെ കണ്ടമാനം വിട്ട് കഴുവിന്മേൽ കയററിയതിനു് ഞങ്ങളെന്തു പിഴച്ചു?" ഒരു ചാടിക്കയററം ആ മാനേജർ.

അയാൾ പറഞ്ഞതിൽ ചില വാസ്തവമില്ലെന്നില്ല. എങ്കിലും തോമാച്ചൻ വീണ്ടും അപേക്ഷിച്ചു. മാനേജർ 50 ക. എടുത്തുകൊടുത്തിട്ടു പറഞ്ഞു:

"വരുന്ന 5 മാസത്തെ ശമ്പളത്തിൽ ഇതു പിടിക്കും കേട്ടോ? പലിശ എളവുചെയ്തിരിക്കയാണ്."

തോമാച്ചൻെറ അപ്പോഴത്തെ ആവശ്യം നടന്നു.


രണ്ടു ദിവസം കൂടെ കഴിഞ്ഞു. അന്നു രാത്രി ജോർജ്ജ് ഒരുപോള കണ്ണടച്ചിട്ടില്ല. പൊള്ളുന്ന പനി. ഹൃദയം കിലുങ്ങുന്ന ചുമ. നേരം മിനുങ്ങിമിനുങ്ങിത്തുടങ്ങിയപ്പോൾ അവൻെറ കണ്ണുകൾ എന്നന്നേക്കുമായി അടഞ്ഞു.........

* * *

ജോയി! ജോർജ്ജിനോടുകൂടെ ഒരുമിച്ച് ഏഴാംക്ലാസുവരെ പഠിച്ചതാണ്. അല്പം ദൂരെനിന്നു നോക്കിയാൽ ഒരു വിധക്കാർക്കു രണ്ടുപേരേയും തിരിച്ചറിയുവാൻ സാധ്യമല്ല. അത്രയ്ക്ക് സാമ്യമുണ്ടായിരുന്നു അവർതമ്മിൽ. ജോയി കാലമേ ഉടുത്തണിഞ്ഞ് പുസ്തകവും കൈയിൽപ്പിടിച്ച് ആ കൊവേന്തഹൈസ്കൂളിലേക്കു പോകുന്നതു കാണുമ്പോൾ തോമാച്ചൻെറ കണ്ണുകൾ നിറയാറുണ്ട്.

— —

### അഞ്ചാമത്തെ വ്യാകുലത



അവർ അദ്ദേഹത്തെ കുരിശിൽ തറച്ചു. അപ്പോൾ ഈശോയുടെ കുരിശിൻെറ അടുത്ത് തൻെറ മാതാവു നിന്നിരുന്നു. താൻ സ്നേഹിച്ചിരുന്ന സ്വമാതാവിനേയും ശിഷ്യരേയും ഈശോ കണ്ടപ്പോൾ തൻെറ അമ്മയോടു അദ്ദേഹം ഇപ്രകാരം പറയുന്നു: സ്ത്രീ, ഇതാ നിൻെറ മകൻ. പിന്നീടു ശിഷ്യനോടു പറയുന്നു: ഇതാ നിൻെറ അമ്മ. (വി. യോഹന്നാൻ 29-18-25-26-27.)


## ഏകാന്തധ്യാനം

യുവതികൾക്കായുള്ള ഏകാന്തധ്യാനം സെപ്റ്റംബർ 28-ാംനു വൈകുന്നേരം ആരംഭിച്ചു ഒക്ടോബർ 2-ാംനു കാലത്തു് അവസാനിക്കും. ധ്യാനപ്രസംഗകൻ റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

ഭക്ഷണച്ചെലവ് 6 ക. ശയ്യോപകരണങ്ങൾ കൊണ്ടുവരണം.

Mother Superior
St. Mary's Convent
Ernakulam


കുടുംബപംക്തി

## വായനയിലും നിയന്ത്രണം വേണം

(കുടുംബമിത്രം)

ഈയിടെ ഒരു സ്ഥലത്തു ഒരു പബ്ളിക്കു ലൈബ്രറി സ്ഥാപിക്കുന്നതിനെക്കുറിച്ചു ഒരു സ്നേഹിതനോടു ഞാൻ അഭിപ്രായം ചോദിച്ചു. അയാളുടെ മറുപടി ഇതായിരുന്നു: "വായനശാല വേണ്ട നിയന്ത്രണത്തോടുകൂടി നടത്തുകയും നാട്ടുകാർ അതുകൊണ്ടു യഥാർത്ഥത്തിൽ പ്രയോജനമുണ്ടാക്കണമെന്നു കരുതി അതുപയോഗിക്കയും ചെയ്യുന്നപക്ഷം വളരെ നല്ലകാര്യമാണ്. എന്നാൽ എൻെറ അനുഭവത്തിൽപ്പെട്ടിട്ടുള്ളിടത്തോളം പ്രസ്തുത രണ്ടു സംഗതികളും പ്രായോഗികമാക്കാൻ വളരെ വിഷമമുള്ളതുകൊണ്ടു നമ്മുടെ വായനശാലകളിൽ പലതും ഗുണത്തെക്കാൾ കൂടുതൽ ദോഷമാണു ചെയ്യുന്നതു്. എൻെറ ചെറുപ്പത്തിൽ, ചില മാന്യന്മാരുടെ ഉത്സാഹത്താൽ ഇവിടെ ഒരു സി. വൈ. എം. എ. വായനശാല സ്ഥാപിച്ചു കുറെനാൾ നടത്തിവന്നിരുന്നതായി എനിക്കറിയാം. വികാരിയച്ചൻെറ നിയന്ത്രണത്തിലായിരിക്കണം പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പ് എന്നൊരു നിയമവുമുണ്ടായിരുന്നു. എന്നിട്ടും ഞാൻ ഒരിക്കൽ നോക്കുമ്പോൾ അന്നു പ്രചാരത്തിലിരുന്ന അശ്ലീല നോവലുകൾ മിക്കതും അവിടെ സ്ഥലം പിടിച്ചിരുന്നെന്നും ഏററവും അധികം ഉപയോഗത്തിലിരുന്നതു അവയായിരുന്നുവെന്നും കാണ്മാൻ കഴിഞ്ഞു. ശാസ്ത്രീയമായും മതപരമായും മററും ഏതാനും നല്ല പുസ്തകങ്ങൾ ഉണ്ടായിരുന്നെങ്കിലും അവ ഏറെക്കുറെ ആരും തൊടാതെ തനിപ്പുത്തനായിട്ട് അവിടെ ഇരിക്കുന്നുണ്ടായിരുന്നു. കുറെക്കഴിഞ്ഞപ്പോൾ "മിടുക്കന്മാർ" ഓരോ പുസ്തകവും കൈക്കലാക്കി. അവസാനം ഒരു അൾമാരിയും ഏതാനും പഴയ മാസികകളുംമാത്രം ശേഷിച്ചു. അങ്ങനെ ആ വായനശാല അസ്തമിച്ചുപോയതിൽ എനിക്കു സന്തോഷമേ ഉണ്ടായിരുന്നുള്ളു. ആ സ്ഥിതിക്കു മറെറാന്നു തുടങ്ങുന്നതിനെക്കുറിച്ചു, പ്രത്യേകിച്ചു പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പുകാര്യത്തിൽ നമുക്കു പറയത്തക്ക യാതൊരു നിയന്ത്രണവും ചെയ്വാൻ സാദ്ധ്യമല്ലാത്ത ഒരു പബ്ളിക്കു ലൈബ്രറി തുടങ്ങുന്നതിനെക്കുറിച്ചു എനിക്കഭിപ്രായമില്ല. അന്യമതസ്ഥരും അതിസ്വതന്ത്രബുദ്ധികളായ കത്തോലിക്കർതന്നെയും അംഗങ്ങളായുള്ള പ്രവർത്തകസമിതി പുസ്തകങ്ങൾ തെരഞ്ഞെടുക്കുമ്പോൾ മഹാമനസ്കത എന്ന ന്യായം പറഞ്ഞുകൊണ്ടു നാട്ടിലുള്ള കൊള്ളരുതാത്ത സമസ്ത പുസ്തകങ്ങളും മാസികകളും പത്രങ്ങളും ലിസ്റ്റിൽ പെടുത്തും. ജോലിയില്ലാത്ത നമ്മുടെ ചെറുപ്പക്കാർ അവ മുഴുവൻ വായിച്ചു കടുത്ത കമ്മ്യൂണിസ്റ്റുരും മതദ്രോഹികളും ആയിത്തീരുകയും ചെയ്യും. അതിനാൽ എൻെറ അഭിപ്രായത്തിൽ നമ്മുടെ ഈ കരയ്ക്കു ചെയ്യാവുന്നതിൽ ഏററം വലിയ ഒരു ദ്രോഹമായിരിക്കും ഇങ്ങനെയൊരു വായനശാല സ്ഥാപിക്കുന്നതു്."

എൻെറ സ്നേഹിതൻെറ അഭിപ്രായത്തിനു് എന്തുമാത്രം വിലകൊടുക്കണമെന്നുള്ള കാര്യം വായനക്കാരുടെ വിധിക്കായി ഞാൻ വിട്ടുകൊള്ളുന്നു. എനിക്കു പറയാനുള്ളതു നമ്മുടെ കുടുംബഗ്രന്ഥശേഖരത്തിൽ അനാശാസ്യമായ യാതൊരു ഗ്രന്ഥവും—അവ പക്ഷേ പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്നതിനു നിർദ്ദേശിക്കപ്പെട്ടവയായിരുന്നാലും ശരി—കയറിപ്പററാതിരിക്കാൻ പ്രത്യേകസൂക്ഷ്മംവേണം. എന്നുതന്നെയല്ല നമ്മുടെ കുട്ടികൾ വളരെ താല്പര്യമായി വായിക്കുന്ന പുസ്തകങ്ങളും മാസികകളും മററും എന്തുതരത്തിൽ പെട്ടവയാണെന്ന് ഇടയ്ക്കിടക്കു ഒന്നു പരിശോധിക്കുന്നതു നന്നായിരിക്കും. ചിലപ്പോൾ ക്ലാസ്സിലേക്കുള്ള സകല പാഠങ്ങളും മാററിവച്ചുകൊണ്ടു് അവരുടെ സന്മാർഗ്ഗബോധത്തേയും വിശ്വാസത്തേയും അപകടകരമായവിധത്തിൽ ക്ഷതപ്പെടുത്തുന്ന പുരോഗമനസാഹിത്യഗ്രന്ഥങ്ങളോ മറോ ആയിരിക്കും അവർ വായിക്കുന്നതു്. അങ്ങനെയുള്ള പുസ്തകങ്ങൾ കണ്ടുകിട്ടുന്നപക്ഷം യാതൊരു ദാക്ഷിണ്യവുംകൂടാതെ അവരെ ശിക്ഷിക്കയും, പുസ്തകം എവിടെനിന്നു കിട്ടിയതാണെങ്കിലുംശരി, നശിപ്പിക്കയുമാണു ചെയ്യേണ്ടതു്. നമ്മുടെ ഒരു കുട്ടി വിഷമെടുത്തു തിന്നുന്നതു കണ്ടാൽ എങ്ങനെ സ്വസ്ഥമായിരിക്കാൻ നമുക്കു സാധിക്കും?




"ആ സ്ത്രീ നല്ല ധൈര്യവതിതന്നെ. പെട്ടെന്നുണ്ടായ ആ ഇടിവെട്ടു കേട്ടവരെല്ലാം ഞെട്ടിപ്പോയി. അവർക്ക് അതു കേട്ട ഭാവംപോലുമുണ്ടായില്ല."

"ശരിയാണു്. ഇന്നലെ ഘോഷയാത്രസ്ഥിടയ്ക്കു് അവരുടെ തൊട്ടുപുറകിലായി കുറേ കുട്ടവെടിവെച്ചപ്പോൾ അവർ ചോദിക്കയാണു്, "ആരാണിത്ര ശക്തിയായി ചുമയ്ക്കുന്നതു്" എന്നു്."

* * *

"പടപൊരുതും ദമ്പതികൾ" എന്ന എൻെറ പുതിയ ഗ്രന്ഥം നിങ്ങൾ വായിച്ചിട്ടുണ്ടോ?"

"ഇല്ല. നിങ്ങൾ വീട്ടിൽവച്ച് അതു അഭിനയിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്."

* * *

അദ്ധ്യാപകൻ പുതുതായി സ്കൂളിൽ വന്നുചേർന്ന പൗലോസിനോടു്: "ഞാനൊരു കണക്കു പറയാം. പൗലോസിൻെറ അപ്പൻ 8 ക. ചായക്കടയിലും 4 ക. മുറുക്കാൻകടയിലും 10 ക. ഇറച്ചിക്കാരനും 5 ക. ബോറമ്പക്കാരനും 20 ക. തുണിക്കടയിലും കൊടുക്കാനുണ്ടെന്നു വിചാരിക്കുക."

ചോദ്യം അവസാനിച്ചെന്നു കരുതി പൗലോസ് കയറിപ്പറഞ്ഞു: "എന്നാൽ ഞങ്ങൾ അവിടന്നു താമസം മാറും."

* * *

അന്തപ്പൻ: "ഈ മാറാട്ടി ഞാനിന്നലെ കൊണ്ടുപോയതിലും ചെറുതാണല്ലോ."

ബോറമ്പക്കാരൻ: "അതുകൊണ്ടു നിനക്കു ചുമക്കേണ്ട ഭാരം കുറഞ്ഞുകിട്ടിയില്ലേ?"

അന്തപ്പൻ: "എന്നാൽ നിങ്ങൾക്കു പണം എണ്ണാനുള്ള ഭാരവും കുറച്ചേക്കാം. രണ്ടേകാലണയ്ക്കുപകരം ഇതാ രണ്ടണവച്ചുപണം പിടിച്ചോ."

# ശബ്ദബ്രഹ്മം മുതലായവ

(ഫാദർ തോമസ് കൊച്ചുമ്യൂക്കൻ)

പരിശുദ്ധതമത്രിത്വത്തിലെ രണ്ടാമത്തെ ആളിനെ നിർദ്ദേശിക്കുന്നതിനു നമ്മുടെ പൂർവ്വന്മാർ ഉപയോഗിച്ചുവന്നിരുന്ന വചനശബ്ദം പര്യാപ്തമാണെന്നു സത്യദീപത്തിന്റെ അടുത്തുകഴിഞ്ഞ നാലാം ലക്കത്തിൽ സമർത്ഥിച്ചിരുന്നല്ലോ. പ്രസ്തുതശബ്ദത്തെ നീക്കംചെയ്തുകൊണ്ടു തൽസ്ഥാനത്തു പ്രയോഗിക്കപ്പെട്ടിരിക്കുന്ന ശബ്ദബ്രഹ്മം പാഷണ്ഡമാണെന്നും അതേലക്കത്തിൽത്തന്നേ ഞാൻ പ്രസ്താവിച്ചിരുന്നു. ഈ പ്രസ്താവന ചെയ്യുന്നതിനു എന്നെ പ്രേരിപ്പിച്ച യുക്തികളിൽ ചിലതിനെ ഇവിടെ അവതരിപ്പിക്കുവാനാണു ഞാൻ വിചാരിക്കുന്നതു്.

മതവിരുദ്ധസിദ്ധാന്തമാണു പാഷണ്ഡം. ക്രിസ്തുനാഥനെ നിർദ്ദേശിക്കുന്നതിനുവേണ്ടി പ്രയോഗിച്ചിരിക്കുന്ന ശബ്ദബ്രഹ്മം എന്ന പര്യായം എങ്ങനെയാണു പാഷണ്ഡമാകുന്നതെന്നു വെളിപ്പെടണമെങ്കിൽ ഇതിന്റെ അർത്ഥം പരിശോധിക്കേണ്ടിയിരിക്കുന്നു. ശബ്ദബ്രഹ്മം ഒരു സമസ്തപദമാണല്ലോ. ആകയാൽ അതിനെ വ്യസ്തമാക്കി ബ്രഹ്മത്തിന്റെ അർത്ഥമെന്താണെന്നുതന്നേ ആദ്യമായി പരിശോധിക്കാം.

ബ്രഹ്മം അനേകാർത്ഥങ്ങളുള്ള ഒരു പദമാണു്. ഇതിന്റെ വ്യുൽപത്തിയെക്കുറിച്ചു് സംസ്കൃതസാഹിത്യത്തെ കൂലംകഷമായി പരിശോധിച്ചിട്ടുള്ള മാക്സ്മുള്ളർ ആദിയായ മഹാപണ്ഡിതന്മാർക്കുപോലും നിശ്ചിതാഭിപ്രായം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ല. വൈയാകരണപ്രകാണ്ഡമായ പാണിനിതന്നേയും ഇതിനെ ഉണാദിയെന്നു പറയപ്പെടുന്ന അപവാദഗണത്തിലാണു ചേർത്തിരിക്കുന്നതു്. വേദങ്ങളിലും പുരാണങ്ങളിലും ഉപനിഷത്തുകളിലും വിഭിന്നങ്ങളായ അർത്ഥങ്ങൾ പ്രകാശിപ്പിക്കുന്നതിനുവേണ്ടി ഈ പദം പ്രയോഗിക്കപ്പെട്ടിരിക്കുന്നതായി കാണ്മാൻ പാടുണ്ടു്. ദേവന്മാർക്കു സമർപ്പിക്കപ്പെടുന്ന പ്രാർത്ഥന, യാഗം, അവയുടെ ഫലങ്ങൾ, അവയിൽ അന്തർഹിതമായിരിക്കുന്ന ശക്തി, പ്രപഞ്ചത്തിന്റെ ഉപാദാനകാരണം, നിമിത്തകാരണം മുതലായവയാണു് അവയിൽ ചിലതു്.

ഈ ബ്രഹ്മശബ്ദം കണ്ടുപിടിച്ച സന്ദർഭം ഏതാണെന്നു പറയാം. അതിപുരാതനകാലങ്ങളിൽ ജീവിച്ചിരുന്ന ആര്യന്മാർ ഏകദേവതാവാദികളായിരുന്നുവെന്നാണല്ലോ വേദങ്ങൾ സാക്ഷ്യം നല്കുന്നതു്. ആ ദേവത ദ്യൗസോ, ദ്യൗസ്പിതാവോ പ്രജാപതിയോ അഗ്നിയോ വരുണനോ ആയിരിക്കാമെന്നു് അവർ ഊഹിക്കയും ഓരോരോ നാമങ്ങൾ യഥാക്രമം അവർ അവയ്ക്കു കല്പിച്ചുകൊടുക്കയും ചെയ്തു. ആ ഊഹംകൊണ്ടും ധാരണകൊണ്ടും അവർക്കു തൃപ്തി വന്നില്ല. വിശ്വോൽപത്തി, ജീവോൽപത്തി, അവയുടെ ഉദ്ദേശ്യം ഭാവി എന്നിവയെക്കുറിച്ചു് സകലമനുഷ്യർക്കുമുള്ള സഹജമായ ജിജ്ഞാസ അവർക്കും ഉണ്ടായിരുന്നുവല്ലോ. അതിനെ ശമിപ്പിക്കുന്നതിനുവേണ്ടിയുള്ള ഗവേഷണത്തിൽ അവർ ഏർപ്പെടുകയും ആ ഘട്ടത്തിൽ കണ്ടുപിടിക്കയും ചെയ്ത സത്വമാണു ബ്രഹ്മം. ഇതിനെക്കുറിച്ചു് ഓരോരോ മഹർഷികൾ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ ഉപനിഷത്തുകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്. അവയിൽ ഏതാനും ചിലതിനെ താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

“ഇതു് (ബ്രഹ്മം) മുമ്പു് സജാതീയമായി വേറെ ഒന്നില്ലാത്തതും വിജാതീയമായി വേറൊന്നില്ലാത്തതുമായ സത്തു് മാത്രമായിരുന്നു” (ഛാന്ദോഗ്യ. ഉപ. 6—2—1) “യഥാർത്ഥത്തിൽ ആരംഭത്തിൽ ഈ വിശ്വം മുഴുവനും ബ്രഹ്മമായിരുന്നു” (തൈത്തരീയോപനിഷത്തു 2—6) “ഇവിടെയുള്ള സമസ്തവും ബ്രഹ്മമാകുന്നു” (മാണ്ഡൂക്യം. 2) പിന്നീടു് എങ്ങനെയാണു് ഈ ജഗത്തെല്ലാം ബ്രഹ്മത്തിൽനിന്നു് ഉത്ഭവിച്ചതെന്നു ചോദ്യംചെയ്യുന്നെങ്കിൽ ഒരു എട്ടുകാലിയിൽനിന്നു് അതിന്റെ തന്തു എന്നപോലെയോ അഗ്നിയിൽനിന്നു അതിന്റെ സ്ഫുലിംഗമെന്നപോലെയോ എന്നു മറുപടി (ബ്ഋഹദാരണ്യം. 2. 1-20)

ദൃശ്യവസ്തുക്കളെല്ലാം ബ്രഹ്മമാണെന്നു സമ്മതിച്ചതിന്റെ ശേഷം അദൃശ്യമായ ആത്മാവിന്റെ കാര്യം എങ്ങനെയെന്നു ചോദിക്കുന്നവർക്കു നല്കപ്പെടുന്ന പ്രമാണങ്ങളിൽ ചിലതാണു താഴേ ചേർക്കുന്നതു്. “സമസ്തവസ്തുക്കളിലും വ്യാപിച്ചിരിക്കുന്ന ആത്മാവു് ബ്രഹ്മമാകുന്നു” (ശ്വേതാശ്വതരം 1—16) നമ്മുടെ ആത്മാവും ബ്രഹ്മവും ഒന്നുതന്നേ എന്നു പറഞ്ഞു അവയ്ക്കു താദാത്മ്യവും കല്പിക്കുന്നു (ഛാന്ദോഗ്യം. 111—14, 3) “അഹം ബ്രഹ്മാസ്മി” “തത്ത്വമസി” എന്ന മഹാവാക്യങ്ങളുമുണ്ടല്ലോ

ഇത്രയും പ്രസ്താവിച്ചതിൽനിന്നു, സകലത്തിന്റെയും കാരണം കണ്ടുപിടിക്കുവാനുള്ള അന്വേഷണത്തിൽ സമസ്തവും നമ്മളിൽ ഓരോരുത്തരുംപോലും ബ്രഹ്മമാണു് എന്നുള്ള അനുമാനത്തിലേക്കാണു് ഉപനിഷത്തുകൾ നമ്മെ എത്തിക്കുന്നതെന്നു വിശദമായെന്നു വിശ്വസിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, കത്തോലിക്കാ സാഹിത്യത്തിലേക്കു നവമായി ബ്രഹ്മത്തെ അവതരിപ്പിച്ചവരും, അതിനെ പ്രതിഷേധിച്ചവരും, എഴുതുന്നവരും വായിക്കുന്നവരും എല്ലാം ബ്രഹ്മം തന്നെ എന്നു താൽപര്യം.

ആത്മീയവും ശാരീരികവുമായ വസ്തുക്കളെല്ലാം ഒന്നാണെന്നും അതു ബ്രഹ്മമാണെന്നും വൈവിധ്യം ഇല്ലെന്നും പറഞ്ഞാൽ ആത്മാവിനേയും ശരീരത്തേയും വേർതിരിച്ചറിയുന്നവരുടേയും അനേകവസ്തുക്കളെ ഇന്ദ്രിയഗോചരമാക്കിക്കൊണ്ടിരിക്കുന്നവരുടേയും ഇടയിൽനിന്നു് ആരാണു് അതിനെ വിശ്വസിക്കുവാൻ പോകുന്നതു്. ഈ വൈഷമ്യത്തെ തരണംചെയ്യുന്നതിനും ഒരു ഉപായം കണ്ടുപിടിച്ചിട്ടുണ്ടു്. അതാണു് അവിദ്യാവാദം. ഇതനുസരിച്ചു, നമ്മൾ കാണുന്ന വസ്തുക്കൾ ഒന്നിനും യാഥാർത്ഥ്യം ഇല്ല. “ബ്രഹ്മം സത്യം ജഗന്മിഥ്യാ” എന്നുള്ളതുകൊണ്ടു ബ്രഹ്മത്തിനു മാത്രമെ സത്തയുള്ളു. നമ്മളൊക്കെ വ്യാവഹാരികസത്തയിലാണുപോലും. ബഹുത്വവും വൈവിധ്യവും ഒരു തോന്നൽമാത്രമാണത്രേ. ഈ തോന്നലിനും ഒരു കാരണം വേണമല്ലോ; അതു് ഏതാണെന്നു വല്ലവരും ചോദിച്ചാൽ, മായ എന്നൊരു സാധനമുണ്ടെന്നും അതിന്റെ കളിയാണെന്നും മറുപടി പറയും. കൂടുതൽ ചോദ്യം ചെയ്താൽ മായ എന്നുള്ളതു് അനിർവ്വചനീയമാണെന്നോ അജ്ഞേയമാണെന്നോ സമാധാനം നല്കുന്നതിനും വേണ്ട പ്രമാണങ്ങൾ ഉപനിഷത്തുകളിൽ കിടപ്പുണ്ടു്. മേല്പറഞ്ഞ ചോദ്യങ്ങളെല്ലാററിലും നിന്നു രക്ഷപെടുന്നതിനു് ചെയ്ത ശ്രമങ്ങളുടെ കൂട്ടത്തിൽ സഗുണബ്രഹ്മം, നിർഗ്ഗുണബ്രഹ്മം, പരബ്രഹ്മം, അപരബ്രഹ്മം, ശബ്ദബ്രഹ്മം, അശബ്ദബ്രഹ്മം എന്ന പ്രസ്താവനകളും കാണാം.

ദൈർഘ്യഭയംനിമിത്തം ഈ ലേഖനം ഞാൻ ഉപസംഹരിച്ചുകൊള്ളട്ടെ. സാമാന്യജ്ഞാനം വന്നുകഴിഞ്ഞാൽ വിശേഷജ്ഞാനം വന്നുകൊള്ളുമെന്നുള്ള ന്യായത്തെ ആസ്പദമാക്കി ബ്രഹ്മശബ്ദം തനിച്ചെടുത്തു് അതിനെ കണ്ടുപിടിക്കയും അതിന്റെ ലക്ഷണമെന്തെന്നു പ്രസ്താവിക്കയും ചെയ്തിട്ടുള്ള മഹർഷികളുടെ അഭിപ്രായങ്ങളിൽ ചിലതിനെ ഞാൻ അവതരിപ്പിച്ചുകഴിഞ്ഞു. ബ്രഹ്മം മായാവിയും അനിർവ്വചനീയവുമാണെന്നുള്ളതിൽ കൂടുതലായി യാതൊന്നും അവർക്കു പറവാൻ സാധിച്ചിട്ടില്ലെന്നു നാം കാണുകയുണ്ടായി. അവരുടെ അഭിപ്രായത്തിൽ പുരുഷാത്മകതപോലും ഇല്ലാത്ത ഒരു സത്വമാണു ബ്രഹ്മം. ശബ്ദബ്രഹ്മത്തിൽ ഒരു വിശേഷണംകൂടി ചേർന്നിട്ടുണ്ടെന്നുള്ള വൈശിഷ്ട്യമേയുള്ളു. വിശ്വദേവതാവാദത്തെ സ്ഥാപിക്കുന്ന പാഷണ്ഡബോധനങ്ങൾ ബ്രഹ്മശബ്ദത്തിന്റെ ലക്ഷണത്തിൽ അടങ്ങിയിട്ടുണ്ടെന്നു് കണ്ടുപിടിക്കുവാൻ ആർക്കാണു സാധിക്കയില്ലാത്തതു്?

——

## വ്യാകുലമാതാവ്

മങ്കമാർമൗലിയാം മേറിയംബ
തൻകുമാരന്റെ നിർജ്ജീവഗാത്രം
അങ്കത്തിൽ ചേർത്തിരു കൈകളാലെ
താങ്ങിപ്പുണർന്നു കരഞ്ഞിരിപ്പൂ.
അന്തികേ കൂടിക്കിടന്നു പോകും
പാന്ഥരേ, നോക്കുകി ശോകരംഗം.
പാർത്തല പാർക്കുകിലമ്മമാർക്കു്
ആർത്തിയിമ്മട്ടിലണഞ്ഞിടുമോ?
സന്താപവഹ്നിയിൽ താണു മാതാ-
വന്തമില്ലാതെ കരഞ്ഞിടുന്നു
ചങ്കുപിളർന്നുപോയ് സങ്കടത്താൽ
ചെങ്കനൽവാളതിൽ പാഞ്ഞുകേറി.

ആരാമത്തെ വ്യാകുലത



അരിമത്തിയായിലെ ഒരുത്കൃഷ്ട ആലോചനക്കാരനായ ജോസഫ് പീലാത്തോസിന്റെ അടുക്കൽ ധൈര്യസമേതം ചെന്നു് ഈശോയുടെ ശരീരം കിട്ടണമെന്നു യാചിച്ചു ജോസഫ ഒരു നല്ല ശീല വാങ്ങി മൃതശരീരം ഇറക്കി ശീലയിൽ പൊതിഞ്ഞു (വി. മാർക്കോസ് 15.43-46)

ഭൂവിന്റെ ചൈതന്യദാനപാത്രം,
ദ്യോവിന്റെ ദീപ്തിനിദാനകേന്ദ്രം,
പൂവിന്റെ പാലൊളിയായ ഗാത്രൻ,
ജീവന്റെ ജീവനായുള്ള പുത്രൻ
ജീവനററിവിധമങ്കമതിൽ
മേവുന്നതാവതോ കണ്ടിരിപ്പാൻ?
തങ്കച്ചാർച്ചാരൊളി ചേർന്നമേനി
അംഗം മുറിഞ്ഞങ്ങു ശോണിതമായ്
മങ്ങിത്തളർന്നു കിടന്നിടുന്നു
കണ്ണനക്കാതെയടച്ചു മന്ദം.
കാഞ്ചനകേശം വികീർണ്ണമായി
ചെഞ്ചോരനീരിൽ കുഴഞ്ഞുകാണ്മൂ.
ഭാവുകദായകമായ വക്ത്രം
ഭാവം പകർന്നു വിവർണ്ണമായും,
ചുണ്ടിലെച്ചേതനയസ്തമിച്ചും
കണ്ടിടു,ന്നെന്തൊരു ശോകചിത്രം!
കണ്ടകദാരിതമായശീർഷം
കണ്ടിടാൻ കണ്ണിനു സാദ്ധ്യമാണോ?
കാരിരുമ്പേററു തുളഞ്ഞുപോയ
കാലും കരങ്ങളും മാറിടവും
മാറിമാറിയുററു നോക്കിയമ്മ
നീറിനീറിപ്പൊഴിയുന്നു കണ്ണീർ.
മാതാവിൻ വ്യാകുലതയ്ക്കുള്ളിലും
ആധിമറെറാന്നുമില്ലൂഴിതന്നിൽ.
അംബേ, നിൻ സങ്കടമോർത്തുകണ്ടാൽ
അംഭോധിപോലെ വിപുലമത്രേ.
(ഫാദർ ആൻഡ്രൂ ടി. ഒ. സി. ഡി.)

——

## നിങ്ങൾക്കറിയാമോ?

(5-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 ഇസ്രായേൽജനം മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞകാലത്തു് ചിലർ ലേവിവംശജനായ അഹറോന്റെ പൗരോഹിത്യത്തെ എതിർത്തുകൊണ്ടു് ദൈവം ഒരത്ഭുതംമൂലേന ലേവിയുടെ വംശത്തിനു നല്കപ്പെട്ടിരുന്ന പുരോഹിതസ്ഥാനം വ്യക്തമാക്കുന്നതിനു തിരുമനസ്സായി. അവിടുന്നു മൂശയോടു കല്പിച്ചു: ഇസ്രായേൽ ഗോത്രങ്ങളോരോന്നിൽനിന്നും ഓരോ പ്രതിനിധിയെ തിരഞ്ഞെടുത്തു് അവരുടെ പേരുകൾ ഓരോ വടിയിൽ എഴുതണം ലേവിയുടെ ഗോത്രത്തിനുള്ള വടിയിൽ അഹറോന്റെ പേർ എഴുതിയിരിക്കട്ടെ. ഈ വടികൾ വാങ്ങി കൂടാരത്തിനുള്ളിൽ വാഗ്ദത്തത്തിന്റെ പേടകത്തിന്റെ മുമ്പിൽ വയ്ക്കണം ആരുടെ വടി പൂക്കുന്നുവോ, അയാൾ പുരോഹിതനായി നിശ്ചയിക്കപ്പെട്ടിരിക്കുന്നുവെന്നു ധരിച്ചുകൊള്ളണം. മൂശ ദൈവകല്പനപോലെ ചെയ്തു. അടുത്തദിവസം കൂടാരത്തിൽ പ്രവേശിച്ചുനോക്കിയപ്പോൾ അഹറോന്റെ പേർ എഴുതിയിട്ടുള്ള ലേവിയുടെ ഗോത്രത്തിന്റെ വടിയിൽ മൊട്ടുകളും പുഷ്പങ്ങളും കായ്കളും ഉണ്ടായിരിക്കുന്നതായി കണ്ടു അഹറോന്റെ ഈ പുഷ്പിച്ചവടി കന്യാത്വം നഷ്ടപ്പെടാതെ ദൈവകുമാരനെ ഗർഭംധരിച്ചു പ്രസവിച്ച പരിശുദ്ധ കന്യകമറിയത്തോടു സാദൃശ്യംവഹിക്കുന്നു.

2 ഗദയോൻ ഇസ്രായേലിലെ ഒരു ന്യായാധിപനായിരുന്നു. മെദ്യാക്കാരിൽനിന്നും ഇസ്രായേലിനെ സ്വതന്ത്രരാക്കി രക്ഷിക്കുവാൻ ഗദയോൻ നിയോഗിക്കപ്പെട്ടു. താൻ ശത്രുക്കളുടെമേൽ വിജയംവരിക്കുമെന്നുള്ളതിന്റെ ഒരു പ്രത്യക്ഷലക്ഷ്യം നല്കണമെന്നു് അദ്ദേഹംദൈവത്തോടപേക്ഷിച്ചു: “അവിടുന്നരുളിച്ചെയ്തിട്ടുള്ളതുപോലെ ഞാൻവഴി ഇസ്രായേലിനെ അവിടുന്നു രക്ഷിക്കുമെങ്കിൽ ഞാൻ ഈ ആട്ടരോമം നിലത്തു വിരിക്കും. അതിൽമാത്രം മഞ്ഞുതുള്ളികൾ ഉണ്ടായിരിക്കയും ചുററും ഉണങ്ങിയിരിക്കയും ചെയ്യണം.” അങ്ങനെതന്നെ സംഭവിച്ചു. അപ്പോൾ ഗദയോൻ, “ഇനി ആട്ടരോമങ്ങൾമാത്രം ഉണങ്ങിയും ചുററുമുള്ള സ്ഥലം മഞ്ഞുകൊണ്ടു നനഞ്ഞും ഇരിക്കണ”മെന്നു ദൈവത്തോടപേക്ഷിച്ചു. അതുപോലെയും സംഭവിച്ചു. സകലജനങ്ങളും പ്രസാദവരജലം ലഭിക്കാതെ ഉണങ്ങിവരണ്ടിരുന്നപ്പോൾ പരിശുദ്ധമറിയം പ്രസാദവരപൂർണ്ണയായിരുന്നു. ലോകമെല്ലാം പാപംകൊണ്ടു നനഞ്ഞിരുന്നപ്പോൾ പരിശുദ്ധമാതാവു് പാപരഹിതയായിരുന്നു. മാത്രമല്ല അവിടുന്നു ദൈവത്തിന്റെ ജനങ്ങളുടെ വിജയത്തിനുള്ള ലക്ഷ്യമായി വിരാജിക്കുകയും ചെയ്യുന്നു. ഈവകകാരണങ്ങളാൽ “ഗദയോന്റെ ആട്ടരോമമെ” എന്ന അഭിവാദ്യം ഏററവും അന്വർത്ഥമാണു്.

——

## റോമയിലേക്കുള്ള തീർത്ഥയാത്ര

സെൻട്രൽ കമ്മിററിയിൽ ചങ്ങനാശ്ശേരി രൂപതാപ്രതിനിധി

ബോംബെ സഹായമെത്രാൻ ഡോക്ടർ വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു ചെയർമനായി രൂപീകൃതമായിട്ടുള്ള തീർത്ഥകസംഘടനാ സെൻട്രൽ കമ്മിററിയിലേക്കു് ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ചങ്ങനാശ്ശേരി രൂപതയിൽനിന്നു് റവ. ഫാദർ സി. ററി. കൊട്ടാരം ബി. എ., എൽ. ററി., ഡി. ഡി., എഫ്. ആർ. എസ്. എ. അവർകളെ നോമിനേററു ചെയ്യുകയും തീർത്ഥകസംഘത്തിൽ ചേരണമെന്നാഗ്രഹിക്കുന്നവർ ഫാദർ കൊട്ടാരവുമായി സമ്പർക്കത്തിലേർപ്പെടണമെന്നു നിർദ്ദേശിക്കയും ചെയ്തിരിക്കുന്നു.


## തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളി

കുറിപരസ്യം

നറുക്ക് 1 ക്കു 100 ക. 111 നറുക്കു 11100 ക. ആകെ സല

ഒന്നാമത്തെ നറുക്കെടുപ്പ്:- 1949 നവംബർ 22-ാംനു 1125 വൃശ്ചികം 7-ാംനു

കുറി ആക്ടനുസരിച്ചും, ബ. ഗവമ്മേണ്ടിൽനിന്നും സിദ്ധിച്ച L. Dis. 163 49-ാം നമ്പ്ര് കല്പനയനുസരിച്ചും ഒരു മാസക്കുറി തുടങ്ങുന്നതാകുന്നു. കുറിയിൽ കുറഞ്ഞത് 3 ക. 2 ണ. യുടെ വീതം വരെ ചേരാം. കൂടുതൽ വിവരങ്ങൾ താഴെ കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.

തൃശ്ശൂർ 1—9—1949

Trustee, The Lourdes Church
Kuri Office.

പ്രഭാഷണം

# ആത്മാർത്ഥതയുണ്ടോ?


"ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്കു" (കർത്തൃപ്രാർത്ഥനയിലെ അഞ്ചാം യാചന).

"മനുഷ്യരോടു് അവരുടെ തെററുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു് നിങ്ങളോടും ക്ഷമിക്കും. എന്നാൽ മനുഷ്യരോടു് നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവു് തെററുകൾ നിങ്ങളോടും ക്ഷമിക്കുകയില്ല" (മത്താ. VI, 14, 15)

താബോർഗിരിശൃംഗത്തിൽനിന്നും ശുഭ്രമേഘങ്ങളുടെ പ്രകാശമേറിയ വെള്ളിപ്പാളികൾ ചിതറിയകന്നു. മോശ അപ്രത്യക്ഷനായി; ഏലിയാസും തിരോഭവിച്ചു; ക്രിസ്തുമാത്രം അവശേഷിച്ചു. എന്തൊരു രഹസ്യമാണിതു്! പഴയനിയമത്തിന്റെ തിരോധാനത്തേയും പുതിയ ജഗൽഗുരുവിന്റെ ആഗമനത്തേയുമാണു് അതു സൂചിപ്പിക്കുന്നതു്. അതെ, മോശ അപ്രത്യക്ഷനായിക്കൊള്ളട്ടെ; ഏലിയാസും തിരോഭവിച്ചുകൊള്ളട്ടെ! ഭൂതകാലത്തിന്റെ ഇരുണ്ട ഗഹ്വരങ്ങളിലേക്കു അവർ നിഷ്ക്രമിച്ചുകൊള്ളട്ടെ. എന്നാൽ, ഓ നാഥാ, അങ്ങുന്നു ഞങ്ങളുടെകൂടെ ഉണ്ടായിരിക്കണമെ. "ഞങ്ങൾ മരിച്ചുപോകാതിരിപ്പാൻവേണ്ടി ദൈവം ഞങ്ങളോടു സംസാരിക്കേണ്ട" എന്നു യൂദന്മാർ പണ്ടു് പരാതിപറഞ്ഞു. എന്നാൽ നമുക്കു കേണപേക്ഷിക്കാം: "നിത്യസത്യമായ ദൈവമേ, അങ്ങുന്നു ഞങ്ങളോടു സംസാരിച്ചാലും." ഏതാണ്ടു രണ്ടായിരം വർഷങ്ങൾക്കുമുമ്പു് നിത്യസത്യം നമ്മോടു സംസാരിക്കുകയും ചെയ്തു: "കണ്ണിനുപകരം കണ്ണു്, പല്ലിനുപകരം പല്ലു് എന്നു പറയപ്പെട്ടിരിക്കുന്നുവെന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ദുഷ്ടനോടു നിങ്ങൾ എതിരിത്തുനിൽക്കരുതു്. നിന്റെ വലത്തെ ഗണ്ഡത്തു് അടിക്കുന്നവനു മറെറ ഗണ്ഡവുംകൂടി തിരിച്ചുകാണിച്ചുകൊടുക്കുക...... നിന്റെ അയൽക്കാരനെ സ്നേഹിക്കുക, നിന്റെ ശത്രുവിനെ ദ്വേഷിക്കുക എന്നു പറയപ്പെട്ടിരിക്കുന്നതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മചെയ്യുവിൻ..." ഇതെല്ലാം എന്തിനു്? "ഇതു, നിങ്ങൾ, ശിഷ്ടന്മാരുടെമേലും ദുഷ്ടന്മാരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും തന്റെ മഴ വർഷിക്കയും ചെയ്യുന്ന സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പുത്രന്മാരായിത്തീരേണ്ടതിനുതന്നെ...... സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ..." ഇപ്രകാരം പുതിയനിയമത്തിന്റെ ഉൽഘാടനകർമ്മം നിർവഹിക്കപ്പെട്ടു; സ്നേഹസാമ്രാജ്യത്തിൽ ഒരു മഹാവിപ്ലവം പൊട്ടിപ്പുറപ്പെടുകയും ചെയ്തു.

അന്യരിൽനിന്നുണ്ടാകുന്ന കഷ്ടനഷ്ടങ്ങളും ദ്രോഹങ്ങളുംമററും സഹിക്കുകയും അവയ്ക്കു പ്രതികാരം ചെയ്യാൻ ആഗ്രഹിക്കാതിരിക്കയും ചെയ്യുന്ന ഒരു ചിത്തവൃത്തിയാണല്ലോ ക്ഷമ. കവികൾ ഭൂമിയെ ക്ഷമയുടെ മൂർത്തീകരണമായി സങ്കല്പിക്കാറുണ്ടു്. ജീവജാലങ്ങളുടെ നാനാതരത്തിലുള്ള താഡനങ്ങളും മർദ്ദനങ്ങളും സഹിക്കുന്ന ഈ ക്ഷമാദേവി തന്റെ പീഡകരുടെ ജീവസന്ധാരണത്തിനും ക്ഷേമൈശ്വര്യങ്ങൾക്കും ഉതകിയ ധാന്യഫലമൂലാദികൾ സമൃദ്ധിയായി നല്കുന്നതുകൊണ്ടായിരിക്കാം അവർ ഇപ്രകാരം സങ്കല്പിക്കുന്നതു്. എന്നാൽ ദൈവം തന്റെ സൃഷ്ടികളായ മനുഷ്യരോടു കാണിക്കുന്ന നിസ്സീമമായ ക്ഷമയോടു തുലനംചെയ്തുനോക്കുമ്പോൾ ഭൂമിദേവിയുടെ ക്ഷമ ഒരു നിർജ്ജീവനിഴൽ മാത്രമായിത്തീരുന്നു. ദൈവം ആരാണെന്നും മനുഷ്യൻ ആരാണെന്നും ചിന്തിച്ചറിഞ്ഞശേഷം മനുഷ്യൻ ദൈവത്തോടു കാണിക്കുന്ന ധിക്കാരങ്ങളേയും നിന്ദനങ്ങളേയും അവലോകനം ചെയ്യുന്ന ഒരുവനു് ദൈവത്തിന്റെ ക്ഷമയുടെ അതിർത്തി നിർണ്ണയിക്കുവാനൊ ആഴം അളക്കുവാനൊ സാദ്ധ്യമാകുകയില്ല. ഭൗതികത്വത്തിലാണ്ടുപോകുന്ന ഒരു ജനതതിയിൽനിന്നു അനുനിമിഷം ഉയർന്നുകൊണ്ടിരിക്കുന്ന പാപാക്രമങ്ങളും, മൃഗീയതയും, അശുദ്ധനടപടികളും, പ്രതികാരങ്ങളും, മറ്റും സസ്നേഹം ക്ഷമിക്കുകയും ദുഷ്ടശിഷ്ടഭേദമെന്യേ തന്റെ അനുഗ്രഹങ്ങൾ എല്ലാവർക്കും വാരിവിതറുകയും ചെയ്യുന്ന ദൈവത്തിന്റെ ക്ഷമ എത്രയോ വിസ്മയാവഹം! നാമോരോരുത്തനും ഹൃദയത്തിന്മേൽ കൈവെച്ചുകൊണ്ടു സ്വജീവിതത്തെ ഒന്നു പരിശോധിക്കുക; അപ്പോൾ കാണാം, നാമോരോരുത്തരോടും ദൈവം എന്തുമാത്രം ക്ഷമിച്ചിട്ടുണ്ടെന്നു്. ദീർഘകാലമായി തുടർന്നുപോരുന്ന ഒരു പാപജീവിതമായാലും അവസാനനിമിഷത്തിലെങ്കിലും ആ പാപി അനുതപിച്ചു് തന്റെ തിരുസന്നിധിയിലേക്കു തിരിച്ചുവരുമെന്നു ദൈവം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. "മരിക്കുന്നവന്റെ മരണത്തെ ഞാൻ ആഗ്രഹിക്കുന്നില്ല; ആകയാൽ നിങ്ങൾ പിന്തിരിഞ്ഞു ജീവിക്കുവിൻ" (എസക്കിയ XVIII· 32) ഇങ്ങനെയുള്ള ഒരു ദൈവത്തിന്റെ പുത്രന്മാരാണു് നാമെങ്കിൽ തീർച്ചയായും നമ്മുടെ ശത്രുക്കളോടു ക്ഷമിക്കയും അവരെ സ്നേഹിക്കയും ചെയ്തുകൊണ്ടു ദൈവികമായ ഈ മഹാഗുണത്തെ നമ്മിലേക്കു പകർത്തുവാൻ നാം കടപ്പെട്ടവരാകുന്നു്.

ഏഴാമത്തെ വ്യാകുലത



അദ്ദേഹത്തെ ക്രൂശിച്ച സ്ഥലത്തു് ഒരു പൂന്തോട്ടമുണ്ടായിരുന്നു; ആ പൂന്തോട്ടത്തിൽ ഒരു കല്ലറയുണ്ടായിരുന്നു. അവിടെ ആരേയും ഇതേവരെ സംസ്കരിച്ചിരുന്നില്ല. യഹൂദന്മാരുടെ ആ കല്ലറ അടുത്തുതന്നെ സ്ഥിതിചെയ്തിരുന്നതുകൊണ്ടും യഹൂദന്മാരുടെ (പാസ്ക്) ഒരുക്കനാൾ ആയിരുന്നതിനാലും അവർ അദ്ദേഹത്തെ അതിൽ അടക്കംചെയ്തു. (വി. യോഹന്നാൻ 19.41-42)

ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുള്ള അന്യാപദേശങ്ങളിൽ ഒന്നു് ഇത്തരുണത്തിൽ പ്രത്യേകം സ്മർത്തവ്യമാണു്. "പതിനായിരം താലന്തുകൾ കടംവീട്ടുവാനുണ്ടായിരുന്ന ഒരു ഭൃത്യനു തന്റെ യജമാനൻ, അവന്റെ ആവലാതികളിൽ കരളലിഞ്ഞുകൊണ്ടു്, കടം മുഴുവനും ഇളച്ചുകൊടുത്തു എന്നാൽ ഈ ഭൃത്യനാകട്ടെ, തനിക്കു നൂറു താലന്തുകൾമാത്രം തരുവാനുണ്ടായിരുന്ന ഒരു കൂട്ടുകാരനെ കണ്ടപ്പോൾ അവനെ പിടികൂടി മർദ്ദിക്കയും, അവന്റെ ആവലാതികളേയും യാചനകളേയും അവഗണിച്ചുകൊണ്ടു് കാരാഗൃഹത്തിലിട്ടടയ്ക്കുകയും ചെയ്തു. സംഭവിച്ചതെല്ലാം കേട്ടപ്പോൾ യജമാനൻ തന്റെ ഭൃത്യനെ വിളിച്ചു് അവനോടു പറഞ്ഞു: "ദുഷ്ടഭൃത്യാ, നീ എന്നോടപേക്ഷിച്ചതുകൊണ്ടു ആ കടമെല്ലാം നിനക്കു ഇളച്ചുതന്നുവല്ലോ. ഞാൻ നിന്നോടു കരുണചെയ്തതുപോലെ നിന്റെ കൂട്ടുകാരനോടു നീയും കരുണചെയ്യേണ്ടതായിരുന്നില്ലേ?" യജമാനൻ കോപിച്ചു് തന്റെ കടം മുഴുവൻ കൊടുത്തു വീട്ടുവോളം പീഡകന്മാർക്കു അവനെ ഏല്പിച്ചുകൊടുത്തു. നിങ്ങൾ ഓരോരുത്തൻ തന്റെ സഹോദരന്റെ തെററു് ഹൃദയപൂർവ്വം അവനോടു് ക്ഷമിക്കാതിരുന്നാൽ സ്വർഗ്ഗത്തിലുള്ള പിതാവു് നിങ്ങളോടും അപ്രകാരം ചെയ്യും." (മത്താ. XVIII 32—35). നമ്മുടെ പാപങ്ങൾക്കു് പൊറുതി ലഭിക്കുന്നതിനു് അവശ്യം വേണ്ടതായ ഒരു വ്യവസ്ഥയാണു് നാം മററുള്ളവരുടെ തെററുകളും ക്ഷമിക്കണമെന്നുള്ളതു്. കർത്തൃപ്രാർത്ഥന അനുദിനം നിരവധിപ്രാവശ്യം ഉരുവിടുന്നവർ ഇതിനെപ്പററി ചിന്തിക്കാറുണ്ടോ? ഹൃദയത്തിന്റെ അടിത്തട്ടിൽ ഉറഞ്ഞുകിടക്കുന്ന ചില വിദ്വേഷങ്ങൾ, കുടുംബവഴക്കുകൾ, സ്പർദ്ധകൾ, പ്രതികാരേച്ഛകൾ എന്നിവയാൽ കലുഷിതമായ ഒരാത്മാവിൽനിന്നു "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്കു" എന്നുള്ള അഭ്യർത്ഥന എത്ര വലിയൊരു വിരോധാഭാസമായിരിക്കും! അതിൽ ആത്മാർത്ഥതയുടെ കണികപോലുമുണ്ടോ? ഏവംവിധമുള്ള ഒരു മനസ്ഥിതിയോടുകൂടി ഈ പ്രാർത്ഥന ഉരുവിടുന്നവർ ഒരുപക്ഷെ ദൈവകോപത്തെത്തന്നെ തങ്ങളുടെമേൽ വരുത്തിവെക്കുകയില്ലേ? ജനങ്ങളുടെ ഇടയിൽ സാധാരണയായി ഒരു പറച്ചിൽ ഉണ്ടു്, "ഞാൻ പൊറുക്കാം, പക്ഷെ മറക്കാൻ സാദ്ധ്യമല്ല" എന്നു്. എന്താണു് ഇതിൽ അന്തർലീനമായിരിക്കുന്നതു്? "തൽക്കാലം എന്റെ കോപവും പ്രതികാരേച്ഛയും ഞാൻ അമർത്തിക്കൊള്ളാം. എന്നാൽ അവസരം വരുമ്പോൾ ഞാൻ അവനെ ഒന്നു പഠിപ്പിക്കാതിരിക്കയില്ല" എന്നല്ലയോ? ഇതു് ആത്മാർത്ഥമായ ക്ഷമയല്ലെന്നുള്ളതു് സുവിദിതമാണു്. "ഞാൻ അവരുടെ അക്രമങ്ങൾ പൊറുക്കും; അവരുടെ പാപങ്ങൾ ഇനിമേലിൽ ഞാൻ ഓർക്കുകയുമില്ല." (Jer· XXXI—34) എന്നരുളിച്ചെയ്ത സ്വർഗ്ഗസ്ഥനായ പിതാവിനെ നാം അനുകരിക്കയാണു വേണ്ടതു്. "നിന്റെ അയൽക്കാരൻ നിന്നോടു ചെയ്തിട്ടുള്ള ദ്രോഹങ്ങളെ ഓർത്തുകൊണ്ടിരിക്കരുതു്; അവനു് യാതൊന്നും ഉപദ്രവമായി ചെയ്യുകയുമരുതു്." (Eccl· X—6). "അയ്യോ, എനിക്കെങ്ങനെ മറക്കുവാൻ കഴിയും? വെറെ വല്ലവരിൽനിന്നുമായിരുന്നെങ്കിൽ സാരമില്ലായിരുന്നു. എന്നാൽ ഈ ആളിൽനിന്നു, ഇത്രവലിയ ദ്രോഹവും നന്ദികേടും..........." എന്നിങ്ങനെ വിലപിക്കുന്നവർ ദൈവത്തിന്റെ അതിരററ ക്ഷമയെപ്പററി അല്പനേരം ധ്യാനിക്കട്ടെ; ക്രൂശിതരൂപത്തിൽ നിമിഷനേരം അവരുടെ ദൃഷ്ടികൾ പതിക്കയും ചെയ്യട്ടെ.

മനുഷ്യരെല്ലാവരും പാപികളാണു്. "നാമെല്ലാവരുംതന്നെ പല കാര്യങ്ങളിലും പിഴയ്ക്കുന്നു" (യാക്കോ. III—2). പ്രവൃത്തിയാലൊ ഉപേക്ഷയാലൊ നവംനവങ്ങളായ പാപകൃത്യങ്ങളാൽ നാം മലിനമാക്കപ്പെടാത്ത ഒരു ദിവസമെങ്കിലും കടന്നുപോകുന്നില്ല. ഇപ്രകാരമുള്ള സകല പാപങ്ങൾക്കും നാം ഈ അഭ്യർത്ഥനവഴിയായി പൊറുതിയാചിക്കുന്നു. ഇതിനു ആദ്യമായിത്തന്നെ നാം പാപികളാണെന്നുള്ള സുദൃഢബോധം നമ്മിലുണ്ടായിരിക്കണം. ഇന്നത്തെ ഭൗതികപരിഷ്കാരത്തിൽ ഭ്രമിച്ചുകൊണ്ടു് പാപം എന്നൊന്നില്ലെന്നും യഥേഷ്ടം സുഖഭോഗങ്ങൾ അനുഭവിച്ചു് നിയന്ത്രണമൊന്നുംകൂടാതെ സ്വതന്ത്രമായി ജീവിക്കണമെന്നുമുള്ള സിദ്ധാന്തങ്ങളുടെ സ്വാധീനവലയത്തിൽ നാം പെട്ടുപോയിട്ടുണ്ടോയെന്നു പരിശോധിച്ചുനോക്കണം. കപ്പലിന്റെ നേരിയ വിടവുകളിൽക്കൂടി കടന്നുവരുന്ന വെള്ളം അപ്പപ്പോൾ പമ്പുചെയ്തു കളഞ്ഞില്ലെങ്കിൽ അതു ക്രമേണ കപ്പലിനെ മുക്കിക്കളയുന്നതുപോലെ നമ്മുടെ ദൈനംദിനമുള്ള പാപങ്ങൾ ചെറിയവയായാലും ഈ അഭ്യർത്ഥനയെ ആത്മാർത്ഥമായും ശ്രദ്ധാനതിയോടുകൂടിയും ഉരുവിട്ടുകൊണ്ടു് അപ്പപ്പോൾ നിർമ്മാർജ്ജനംചെയ്തു കളഞ്ഞില്ലെങ്കിൽ നമ്മുടെ ജീവിതയാനപാത്രം അപകടത്തിൽപ്പെട്ടുപോകും. പഴയ പാപങ്ങളുടെ സ്മരണയും ഉള്ളുരുകികൊണ്ടു് പൊറുതിയപേക്ഷിക്കാൻ നമ്മെ സഹായിക്കും. സർവ്വോപരി, കൂടെക്കൂടെ ദിവ്യബലിയിൽ സംബന്ധിക്കുകയും അവിടെ നടന്നുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ അനന്തമായ ക്ഷമയുടെയും അനുഗ്രഹത്തിന്റെയും നാടകത്തിൽ ഭാഗഭാക്കാകുകയും ശത്രുക്കൾക്കുവേണ്ടിപ്പോലും ജീവനെ ബലിയർപ്പിക്കുന്നതിനുള്ള കരൾക്കരുത്തു് അവിടെനിന്നു സമ്പാദിക്കയും വേണം. തദവസരത്തിൽ ദിവ്യരക്ഷകന്റെ വാക്കുകൾ പ്രത്യേകം സ്മരിച്ചനുവർത്തിക്കണം: "ആകയാൽ നീ ബലിപീഠത്തിങ്കൽ നിന്റെ വഴിപാടു കൊണ്ടുവരികയും നിന്റെ സഹോദരൻ നിന്നോടു എന്തെങ്കിലും വിരോധം വെച്ചുകൊണ്ടിരിക്കുന്നെന്നു് അവിടെ വെച്ചു് നീ ഓർക്കുകയുംചെയ്താൽ നിന്റെ വഴിപാടു് അവിടെ ബലിപീഠത്തിൽ വെച്ചുകൊണ്ടു നീ ചെന്നു് ഒന്നാമതായി സഹോദരനോടു സമാധാനപ്പെടുക. പിന്നെ വന്നു് നിന്റെ വഴിപാടു് സമർപ്പിക്കുക" (മത്താ. V, 23, 24).

(ജെ. ചെമ്മണ്ണൂർ)

(3-ാംപേജ് തുടർച്ച)

ർത്ഥം ത്യജിക്കണം, എന്തിനു സാമൂഹ്യനന്മയ്ക്കുവേണ്ടി പ്രവർത്തിക്കണം എന്ന ചോദ്യത്തിനു് യുക്തിയുടെ ദൃഷ്ടിയിൽ തൃപ്തികരമായ മറുപടി ഒന്നുമാത്രമേയുള്ളു. ധർമ്മനിർവ്വഹണം തന്റെ സ്രഷ്ടാവും യജമാനനുമായ ദൈവം തന്നിൽ ചുമത്തിയിരിക്കുന്ന കർത്തവ്യമാണെന്നും, സ്രഷ്ടാവിനെ സൃഷ്ടിയും യജമാനനെ ഭൃത്യനും അനുസരിക്കേണ്ടതു ന്യായം മാത്രമാണെന്നും ഉള്ളതാണു് ആ മറുപടി. ആകയാൽ നാസ്തികനു് ധർമ്മനിർവ്വഹണത്തിന്റെയും ചുമതലയുടേയും ഉത്തരവാദിത്വത്തിന്റെയും മററും ബോധമുണ്ടെന്നും ഉണ്ടാകുമെന്നും ഉണ്ടാകാൻ ന്യായമുണ്ടെന്നും പ്രഫസർ ഹാൽഡെയിൻ പറയുന്നതിനു യാതൊരർത്ഥവുമില്ല.




[illegible]

(കുടുംബിനി)

കാൽ റാത്തൽ അമേരിക്കാമാവു്, മൂന്നു കോഴിമുട്ട. കാൽ റാത്തൽ പഞ്ചസാര, 25 മുന്തിരിങ്ങാപഴം, കുറേശ്ശെ ജീരകം, ഏലക്കായ്, ഒരു ജാതിക്കായുടെ നാലിലൊരുഭാഗം.

കോഴിമുട്ട വെട്ടിയെടുത്തു് അതിൽ അമേരിക്കാമാവും പഞ്ചസാരയും ചേർത്തു കുഴയ്ക്കുക. അതിനുമീതെ ഏലക്കായു്, ജീരകം, ജാതിക്കാ എന്നിവയുടെ പൊടി വിതറി കാൽ മണിക്കൂർ സമയം അടച്ചുവയ്ക്കുക. അതിനുശേഷം മുന്തിരിങ്ങാപഴം കഴുകി, കുരുകളഞ്ഞു് അതിൽ ചേർക്കണം. പിന്നീടു് നെയ്യ് പുരട്ടിയ ചീനച്ചട്ടിയിലൊഴിച്ചു് വേറൊരു പാത്രംകൊണ്ടു മൂടി ചുട്ടെടുക്കുക.


ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | |
|---|---|---|---|
| പലിശനിരക്ക് കറൻറ് | 1½% | 6 മാസം കാലാവധി | 4% |
| സേവിംഗ്സ് | 3% | 12 " | 4½% |
| ഷോർട്ട് നോട്ടീസ് | 3% | 24 " | 5% |
| | | 36 " | 5½% |

ഇതിനുംപുറമെ ആവശ്യക്കാർക്കു 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണു്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.

# സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം

## തിരുനാളുകൾ—പൊതുയോഗങ്ങൾ—ബന്ധവിമോചനങ്ങൾ

(ഡേവിഡ് മഹാപിള്ള)

### തിരുനാളുകൾ

സഖ്യാംഗങ്ങൾ വിശേഷാൽ ആചരിക്കുവാൻ കടപ്പെട്ടിട്ടുള്ള നാലു തിരുനാളുകളുണ്ട്. 1. പ. കന്യകമറിയത്തിൻെറ അമലോത്ഭവത്തിരുനാൾ (ഡിസംബർ 8). 2. വിൻസെൻറ് ഡി പോൾ പുണ്യവാൻെറ തിരുനാൾ (ജൂലൈ 19) 3. ഉയിപ്പിൻെറ രണ്ടാം ഞായറാഴ്ച (നല്ലയിടയൻെറ ഞായറാഴ്ച). 4. വലിയ നോയമ്പിലെ ആദ്യഞായറാഴ്ച.

സഖ്യാംഗങ്ങൾ ഏല്പെട്ടിരിക്കുന്ന മഹത്തായ പ്രവൎത്തനങ്ങൾക്കു ദൈവാനു



ഗ്രഹം ഉണ്ടാകേണ്ടതു ആവശ്യവും തദ്ഥം പ്രാൎത്ഥന അത്യന്താപേക്ഷിതവുമാണല്ലോ. സഖ്യത്തിൻെറ കൊടിക്കീഴിൽ ഒരേ ആദൎശങ്ങളോടുകൂടിയും ഒരേ ലക്ഷ്യത്തിനുവേണ്ടിയും പലർ ഒരേ അൾത്താരയുടെ മുമ്പിൽ ഒന്നുചേൎന്നു അപേക്ഷിക്കുന്നതു എത്രയോ ശക്തിയേറിയതായിരിക്കും! ഇതുകൊണ്ടാണ് അംഗങ്ങൾ പ്രത്യേകപ്രാൎത്ഥനകൾ നടത്തണമെന്നും തിരുനാളുകൾ ആചരിക്കണമെന്നും മററും പ്രത്യേകം വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതു്. മേൽവിവരിച്ചിട്ടുള്ള ദിവസങ്ങളിൽ ഓരോ കോൺഫറൻസും ഓരോ ദിവ്യപൂജ നടത്തിക്കണം. ആ ദിവ്യപൂജയിൽ അംഗങ്ങൾ കൂട്ടമായി സംബന്ധിച്ചു ദിവ്യകാരുണ്യം സ്വീകരിക്കണം.

വലിയ നോയമ്പിലെ ആദ്യഞായറാഴ്ച, സഖ്യാംഗങ്ങളായി ചേൎന്നശേഷം മരിച്ചിട്ടുള്ളവൎക്കുവേണ്ടി പ്രത്യേകം നിയോഗിക്കപ്പെട്ടിരിക്കുന്നു. അന്നേദിവസം മരിച്ചവൎക്കുവേണ്ടിയുള്ള ദിവ്യപൂജ നടത്തിക്കുകയും പ്രത്യേകപ്രാൎത്ഥനകൾ നടത്തുകയും വേണം. പ്രസ്തുത ദിനങ്ങളിൽ അംഗങ്ങൾക്കു പൂൎണ്ണബന്ധമോചനം പ്രാപിക്കാവുന്നതാണ്. സുഖക്കേടുമൂലമോ മററു തക്കതായ കാരണങ്ങളാലോ ഈ ദിവസങ്ങളിലെ ദിവ്യപൂജകളിലുംമററും സംബന്ധിക്കുവാൻ സാധിക്കാത്ത അംഗങ്ങൾ അനുതാപപ്പെട്ടുകൊണ്ടു അരൂപിയാലെ സംബന്ധിക്കേണ്ടതാണ്. ഇതുവഴി ഇതിലേക്കനുവദിച്ചിട്ടുള്ള ബന്ധമോചനങ്ങൾ പ്രാപിക്കുകയും ചെയ്യും. ഏതെങ്കിലും കാരണവശാൽ ക്ലിപ്തതീയതികളിൽ മേൽപ്രകാരം ആചരിക്കുവാൻ സാധിക്കാതെവന്നാൽ അന്നുമുതൽ ഏഴുദിവസത്തിനകം (7-ാം ദിനം ഉൾപ്പെടെ) ചെയ്താൽ മതിയാകുന്നതാണ്.

പ്രസ്തുത തിരുനാളുകളിൽ ദിവ്യപൂജ നടത്തുന്നതിനുപുറമേ ഓരോ കോൺഫറൻസും ഓരോ വാൎഷികദിവ്യപൂജ പ്രത്യേകമായി ചൊല്ലിക്കേണ്ടതാണ്. തിരുസ്സഭയുടെയും മാർപ്പാപ്പായുടേയും സഖ്യത്തിൻേറയും അതതു രാജ്യങ്ങളുടേയും പൊതുനിയോഗങ്ങൾക്കുവേണ്ടിയായിരിക്കണം ഈ ദിവ്യപൂജ. സുപ്പീരിയർ കൗൺസിൽ ഇതിലേക്കു ഓരോ കോൺഫറൻസിനും പ്രത്യേകദിവസം നിശ്ചയിക്കേണ്ടതാണ്. ഇല്ലെങ്കിൽ വാൎഷികദിനത്തിലോ ഇടവകയിലെ ദിവ്യകാരുണ്യാരാധനാദിവസമോ നടത്തുന്നതാണുത്തമം.

കൂടുതൽ ചെലവുചെയ്തു പാട്ടുകുർബാനയോ സൂപസ്സുകുർബാനയോ ചൊല്ലിക്കുന്നതു വിഹിതമോ? എന്ന പ്രശ്നം ഉദിക്കാവുന്നതാണ്. സഖ്യത്തിൽനിന്നു ഇതു സംബന്ധിച്ചു ഖണ്ഡിതമായ വ്യവസ്ഥ ഒന്നും വച്ചിട്ടില്ല. സാധുസംരക്ഷണത്തിനുവേണ്ടി ചെലവഴിക്കേണ്ട പണം അത്യാവശ്യത്തിനല്ലാതെ അന്യഥാ ചെലവാക്കേണ്ടതല്ലല്ലോ. ഈ നിലയ്ക്കു ഏററംകുറഞ്ഞ ചെലവിൽ ഈ അത്യാവശ്യങ്ങൾ നിർവഹിക്കണമെന്നുള്ള സഖ്യത്തിൻെറ നയവും നടപടിയും അരൂപിയും ആദരിച്ചു ഇക്കാൎയ്യത്തിലും പ്രവൎത്തിക്കുകയാണല്ലോ യോഗ്യമായിട്ടുള്ളതു്. എന്നാൽ ഏതെങ്കിലും വൈദികരോടപേക്ഷിച്ചു സഖ്യത്തിനുവേണ്ടി സൗജന്യമായി പാട്ടുകുർബാനയും മററും ചൊല്ലിക്കുന്നുവെങ്കിൽ അതിൽ ആക്ഷേപമില്ല.

### പൊതുയോഗങ്ങൾ

മേൽവിവരിച്ചിട്ടുള്ള നാലു തിരുനാൾദിനങ്ങളിലും ഓരോ കോൺഫറൻസും പൊതുസമ്മേളനങ്ങൾ നടത്തേണ്ടതാണ്. കോൺഫറൻസിലെ എല്ലാവിധ അംഗങ്ങളേയും ഗുണകാംക്ഷികളേയും ഇതിലേക്കു ക്ഷണിക്കുന്നതും, യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനും പ്രസംഗിക്കുന്നതിനും വൈദികശ്രേഷ്ഠന്മാരെയോ സഖ്യത്തോടനുഭാവമുള്ളവരും മതതീക്ഷ്ണതയുള്ളവരുമായ പ്രമുഖന്മാരെയോ ക്ഷണിക്കുന്നതും യോഗ്യമായിരിക്കും. യോഗത്തിലെ പ്രസംഗങ്ങളും പ്രഭാഷണങ്ങളും ക്രിസ്തീയ ഉപവിയേയും സാധുജനസേവനത്തെയും സ്പൎശിക്കുന്നവയായിരിക്കണം. സാധാരണ കോൺഫറൻസു യോഗങ്ങളിലെപ്പോലെ പ്രാൎത്ഥനയും ജ്ഞാനവായനയും നിർബന്ധമായി നടത്തണം. മുൻപൊതുയോഗവിവരങ്ങളും അനന്തരമുള്ള പ്രവൎത്തനസംഗ്രഹവുമടങ്ങിയ ഒരു റിപ്പോർട്ടു അവതരിപ്പിക്കുകയും വേണം.

ഒരു പ്രദേശത്തുള്ള കോൺഫറൻസുകൾ ഏകോപിച്ചു മേൽപ്രകാരം യോഗങ്ങൾ നടത്തുന്നതു യോഗ്യവും കൂടുതൽ വിജയകരവുമായിരിക്കും. ഇങ്ങനെയെങ്കിൽ ഓരോ കോൺഫറൻസിൻെറയും പ്രത്യേകം പ്രത്യേകമുള്ള സംക്ഷിപ്തറിപ്പോർട്ടോ, സംക്ഷേപിച്ച സംയുക്തറിപ്പോർട്ടോ, അവതരിപ്പിക്കണം. പ്രാദേശിക കൗൺസിലുള്ള സ്ഥലത്തു് അതിൻെറ ആഭിമുഖ്യത്തിൽ എല്ലാ കോൺഫറൻസുകളിലെയും, കഴിവുണ്ടെങ്കിൽ എല്ലാ അംഗങ്ങളും, ചുരുങ്ങിയപക്ഷം പ്രതിനിധികളെങ്കിലും, ചേൎന്നു മേൽപ്രകാരം യോഗങ്ങൾകൂടേണ്ടതാണ്. ഈ യോഗങ്ങൾക്കും പ്രോത്സാഹകാംഗങ്ങളേയും ഗുണകാംക്ഷികളേയും മററും ക്ഷണിക്കുന്നതു നന്നുതന്നെ. ഇൗവിധ പൊതുയോഗങ്ങളോടനുബന്ധിച്ചു കൗൺസിലിൻെറ കാൎയ്യാലോചനയോഗവും നടത്തണം. അതിൽ കൗൺസിൽപ്രസിഡൻറുതന്നെ അദ്ധ്യക്ഷതവഹിക്കണം. പ്രസ്തുത യോഗത്തിൽ, കഴിഞ്ഞ യോഗത്തിനുശേഷം ചേൎന്നിട്ടുള്ള പ്രവൎത്തകാംഗങ്ങളെ പ്രസിഡൻറു മററുള്ളവൎക്കു പരിചയപ്പെടുത്തുകയും കോൺഫറൻസുകളുടെ പ്രവൎത്തനംസംബന്ധിച്ചു കൗൺസിൽ സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങളെ പരസ്യപ്പെടുത്തുകയും ചെയ്യണം. ആ കൗൺസിലിൻെറ കീഴിലുള്ള കോൺഫറൻസുകളുടെ അഭിവൃദ്ധിക്കായുള്ള കാൎയ്യങ്ങൾ പ്രസ്തുതയോഗത്തിൻെറ പ്രത്യേകപൎയ്യാലോചനാവിഷയമായിരിക്കണം.

ഈ സാധാരണ (നാലു) പൊതുയോഗങ്ങൾക്കുപുറമേ അദ്ധ്യക്ഷനു യുക്തമെന്നു തോന്നുമ്പോഴും പൊതുയോഗങ്ങൾ നടത്താവുന്നതാണ്. ഓരോ കോൺഫറൻസും വൎഷാവസാനത്തിൽ (നവംബർ മുതൽ നവംബർ വരെയാണു സഖ്യത്തിൻെറ വൎഷം) വാൎഷിക പൊതുയോഗം നടത്തേണ്ടതാണ്. പല കോൺഫറൻസുകളും ഏകോപിച്ചു നടത്തുന്നതിലും തെററില്ല. വാൎഷികപൊതുയോഗദിവസംതന്നെ വാൎഷികദിവ്യപൂജ നടത്തിക്കുന്നതു സമുചിതമായിരിക്കും.

മേൽവിവരിച്ച പൊതുയോഗമോ, അസാധാരണ പൊതുയോഗമോ, വാൎഷികയോഗമോ നടത്തപ്പെടുന്ന ദിവസം എല്ലാ അംഗങ്ങളുംകൂടി സംബന്ധിക്കുന്ന പൊതുകുർബാനയ്ക്കു ദിവ്യകാരുണ്യം സ്വീകരിക്കുന്ന ഏതൊരംഗത്തിനും പൂൎണ്ണബന്ധവിമോചനം പ്രാപിക്കാവുന്നതാണ്.

### ബന്ധമോചനങ്ങൾ

സഖ്യത്തിൻെറ ആദ്ധ്യാത്മികസ്വഭാവത്തെ പരിഗണിച്ചും ഉപവിക്കടുത്ത ക്രിസ്തീയപ്രവൎത്തനങ്ങളിലും മററും സംതൃപ്തരായും അതതു കാലത്തെ മാർപ്പാപ്പാമാർ പലവിധത്തിലും തങ്ങളുടെ അഭിനന്ദനങ്ങളെ പ്രത്യക്ഷപ്പെടുത്തുകയും, വിവിധ ബന്ധമോചനങ്ങൾ അനുവദിച്ചുംമററും പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു. ഒരാൾ അംഗമായിച്ചേരുന്ന ദിവസത്തിലും, മരണനേരത്തും മററു പല അവസരങ്ങളിലും പൂൎണ്ണബന്ധമോചനങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. എല്ലാവിധ അംഗങ്ങൾക്കും പുറമേ, സഖ്യത്തിൻെറ ഉപകാരികൾക്കും, സഖ്യത്തിൽനിന്നു സഹായം ലഭിക്കുന്നവൎക്കും, പ്രവൎത്തകാംഗങ്ങളുടെ പിതാവു്, മാതാവു്, ഭാൎയ്യ എന്നിവൎക്കും ഈ അമൂല്യ അവകാശങ്ങൾ പ്രാപിക്കാവുന്നതാണ്. ഈ ബന്ധമോചനങ്ങൾ പ്രാപിക്കുന്നതിനു സഖ്യത്തിലെ പ്രത്യേകവ്യവസ്ഥകൾക്കുപുറമേ തൽസംബന്ധമായുള്ള തിരുസ്സഭയുടെ സാധാരണവ്യവസ്ഥകളും പാലിക്കണം. ഓരോതരം അംഗങ്ങൾക്കു, ഗുണകാംക്ഷികളാദിയായവൎക്കും ഏതേതവസരങ്ങളിൽ ഏതുതരം ബന്ധമോചനങ്ങൾ പ്രാപിക്കാമെന്നും മററും ലേഖനദൈൎഘ്യത്തെ ഭയന്നു് ഇവിടെ വിവരിക്കുന്നില്ല. അംഗങ്ങൾ റൂൾബുക്കു്, മാനുവൽ ആദിയായവ നോക്കി ഇതു സംബന്ധിച്ചു വിശദവിവരങ്ങൾ ഗ്രഹിച്ചു ഈ അമൂല്യനിധി പ്രാപിക്കുകയും സഹായം നൽകപ്പെടുന്നവരേയും മററും പ്രത്യേകം ധരിപ്പിക്കുകയും ഇതു പ്രാപിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്.

(N. B. കോൺഫറൻസുകൾ ജനറൽ കൗൺസിലുമായി സംയോജിപ്പിക്കാതെ ബന്ധമോചനങ്ങൾക്കു അൎഹമാകുന്നതല്ല. കേരളത്തിൽ വളരെ ചുരുക്കം കോൺഫറൻസുകൾമാത്രമേ സംയോജിപ്പിച്ചിട്ടുള്ളു. അതിനാൽ മറെറല്ലാ കോൺഫറൻസുകളും ഉടൻ അപേക്ഷിക്കണം. ബോംബെയിലുള്ള സെൻട്രൽ കൗൺസിലിലേക്കെഴുതി ഫാറം വരുത്തി അതു പൂരിപ്പിച്ചയച്ചുകൊടുക്കേണ്ടതാണ്. ഈ കാൎയ്യം എല്ലാ കോൺഫറൻസുകളുടേയും ശ്രദ്ധയ്ക്കു വിഷയീഭവിക്കുമെന്നു വിശ്വസിക്കുന്നു.)

---

# കന്യാസ്ത്രീ*

(വൎഗ്ഗീസ് ജെ. മാളിയേക്കൽ)

മാനസാന്തരപ്പെട്ടു ഒരു കത്തോലിക്കയായിത്തീൎന്ന എന്നോടു എൻെറ പ്രോട്ടസ്റ്റൻറ് സുഹൃത്തുക്കളിൽ പലരും ചോദിക്കയുണ്ടായി "കന്യാസ്ത്രീ" എന്നാൽ എന്താണെന്നു്. ഞാൻ വളരെ ആലോചിച്ചെങ്കിലും മറുപടിപറയാൻ കഴിയാതെ ക്ലേശിക്കേണ്ടിവന്നു. അങ്ങനെയിരിക്കെ ഒരുദിവസം "ഫിയോണാർഡ് ഫിന്നി" എഴുതിയ "മദർ സെൻറൺ" എന്ന പുസ്തകം വായിക്കാൻ എനിക്കിടയായി. അതിൽ ഒരു ഭാഗം കന്യാസ്ത്രീകളെക്കുറിച്ചുള്ള പ്രതിപാദനമായിരുന്നു. എന്നെ ഹഠാദാകർഷിച്ച അതിലെ ഏതാനും വരികൾ ഇപ്രകാരമായിരുന്നു.

"ഒരു കന്യാസ്ത്രീ:" അവൾ ദൈവത്തിനായി, ദൈവത്തിനു മാത്രമായി, മുഴുവനായും, സ്വയം സമൎപ്പിക്കപ്പെട്ടവളാണു്. യഥാൎത്ഥമായ ദൈവവിളി, സൂൎയ്യപ്രകാശത്തിനു തുല്യമായ പൂൎണ്ണിരി സദാ അവൾക്കു പ്രദാനംചെയ്യുന്നു. സ്വഭാവത്തിൽ ഏററവും മൃദുലയെങ്കിലും ജീവിതവിശുദ്ധി അവൾക്കു പൗരുഷേയമായ ബലം നല്കുന്നുണ്ടു്. എന്നാൽ ഞാൻ കാണുന്നതു് അവളെ ഒരു ശിശുവായിട്ടാണു്. ആന്തരികമായി അവൾ അതുതന്നെയാണുതാനും. അവൾ നിഷ്പ്രയാസമായും നിരങ്കുശമായും സംസാരിക്കും. അപ്പോഴും ശിശുസഹജമായ അവളുടെ നൈൎമ്മല്യം അഭംഗമായിരിക്കുന്നതുകാണാം. നിരന്തരമായ ധ്യാനം ശരിയായി സംസാരിക്കുവാൻ അവളെ പഠിപ്പിക്കുന്നുണ്ടു. വിവാഹിതരായ സന്താനങ്ങളുടെ ആയിരം സൽപ്രവൃത്തികളെക്കാളും കന്യാസ്ത്രീയായ മകളുടെ ഒരൊററ ചിന്ത അവളുടെ മാതാപിതാക്കൾക്കു് അത്യധികം പ്രിയങ്കരമായിരിക്കും. സ്വന്തകന്യാത്വം ഏതു പരിതഃസ്ഥിതിയിലും കറപുരളാതെ അവൾ സൂക്ഷിക്കുന്നു ശാശ്വതമായും അതിനാൽ അൻപതും ചിലപ്പോൾ അറുപതും വയസ്സായാൽപ്പോലും അവളുടെ പ്രായം നമുക്കു ശരിയായി നണ്ണയിക്കാൻ കഴിയാതെ വരുന്നു. ലോകത്തിൽനിന്നും തികച്ചും വേർതിരിച്ചറിയാവുന്ന ഒരു മനോഹാരിതയുണ്ടു് അവളുടെ വേഷത്തിനു്. എത്ര ആകർഷകമായി സൂക്ഷിച്ചാലും അതിൻെറ സുനിശ്ചിതത്വം നമുക്കു ദുർഗ്രഹമായിരിക്കുന്നില്ല. സ്വന്തഭവനത്തിലെന്നോണം തികഞ്ഞ സുരക്ഷിതത്വമാണു് അവൾ ദേവാലയത്തിൽ അനുഭവിക്കുക. ശാരീരികവൈഷമ്യങ്ങളോ, മാനസികവൈഷമ്യങ്ങളോ തീണ്ടാതെയാണു് അവൾ അവിടെ കഴിച്ചുകൂട്ടുക അങ്ങനെ, എത്രനേരം വേണമെങ്കിലും പരി: ദിവ്യകാരുണ്യസന്നിധിയിൽ ഭക്തിപാരവശ്യത്തോടെ അവൾ മുട്ടിന്മേൽ നില്ക്കും.

നമ്മുടെ ദിവ്യനാഥയെ "അമ്മ" എന്നും, ഈശോയെ "ദിവ്യമണവാളൻ" എന്നും ആണു് അവൾ സംബോധന ചെയ്യാറു്. ആ വിധത്തിൽ അവളിലുള്ള ആദ്ധ്യാത്മികരഹസ്യത്തെക്കുറിച്ചു ചോദ്യംചെയ്യാനോ, അനുമാനിക്കാൻപോലുമോ ആരും ധൈൎയ്യപ്പെടുന്നുമില്ല. അവൾ രോഗത്തിലും ആനന്ദമുണ്ടിയും, ലോകത്തിൽ മറേറതൊരു ജീവികളെക്കാളുമധികം വേദനകളും ദുരിതങ്ങളും സഹിക്കാൻ കെല്പുള്ളവളായി കാണപ്പെടുന്നു. മരണത്തിൽപ്പോലും ഒതുക്കവും നിർഭയത്വവും സഹിഷ്ണുതയും പ്രദൎശിപ്പിക്കുന്നു. താനുൾപ്പെടുന്ന സ്ഥാപനംവകയായ ശ്മശാനത്തിൽ ആൎക്കും അറിയപ്പെടാതെ സംസ്കരിക്കപ്പെടുന്നതിൽ, അതിലെ സഹോദരികളിലൊരുവളായി അറിയപ്പെടുന്നതിൽ മാത്രമാണു് അവളുടെ അഭിമാനം മുഴുവനും. അവൾ അഭിലഷിക്കുന്നതും മറെറാന്നല്ല. അവിടെ അവളെ സംബന്ധിച്ചു ചിലതെല്ലാം അടയാളപ്പെടുത്തപ്പെട്ട ഒരു കല്ലു് അവളെ വേർതിരിച്ചറിയിക്കുമാറു നിലകൊള്ളുന്നതു കാണുമ്പോൾമാത്രം, ലോകം അവളെ അനുസ്മരിക്കും. ജീവിതത്തിലെന്നോണം മരണത്തിലും അവൾ സന്തോഷിക്കുന്നു. എന്തെന്നാൽ, ക്രിസ്തുനാഥൻ വെളിപ്പെടുത്തിയ പരിശുദ്ധ വിശ്വാസത്തിൻെറ അക്ഷരാൎത്ഥംതന്നെയായിട്ടാണു് അവൾ കാലം കഴിച്ചതു്. അവൾക്കു് അക്കാൎയ്യത്തിൽ സംശയമോ ഉത്തരം കിട്ടാത്ത പ്രശ്നങ്ങളോ ഒന്നും ആവിർഭവിച്ചിരുന്നുമില്ല. അവളെ ഭൂമി ദാനം ചെയ്യുന്നതിനാണെങ്കിൽ, സാധാരണഗതിയിൽ പത്തോ പന്ത്രണ്ടോ രൂപാമാത്രമേ പരമാവധി ചെലവഴിക്കേണ്ടിവരികയുള്ളു. അവിടെ അവളെ അണിയിക്കുന്നതിനായി യാതൊരു പൂക്കളുടെയും ആവശ്യവും നേരിടുന്നില്ല. അവൾതന്നെ ഈശോയാൽ ഏററം വിലമതിക്കപ്പെട്ട ഒരു ലില്ലിപ്പൂവാണല്ലോ.

* "എലിസബത്തു് സെൻറൺ" എന്ന ഒരു അമേരിക്കൻ വനിത, "അമേരിക്കൻ പ്രീസ്റ്റി"ലെഴുതിയ ലേഖനത്തിൽനിന്നു് "Catholic Digest" എന്ന മാസികയിൽ ഉദ്ധരിച്ചിരുന്നതു്.

---

രാഷ്ട്രാധിപന്മാർ വത്തിക്കാനിൽ

വിശുദ്ധവത്സരം പ്രമാണിച്ചു സ്പെയിനിലെ ജനറൽ ഫ്രാങ്കോയും അർജൻറയിനിലെ പ്രസിഡണ്ടു പെഴ്സനും ഡിസംബർ 31-ാനു മാർപ്പാപ്പാ തിരുമേനിയെ സന്ദൎശിക്കുന്നതാണു്.

കർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സൂർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്സ്, ബ്രോഡ്‌വെ- എറണാകുളം

# Sathya Deepam

Vol. 23 Ernakulam September 21 1949 No. 6


ഗ്രാമോദ്ധാരണപംക്തി

## നെൽകൃഷിയിൽ പച്ചിലവളത്തിനുള്ള പ്രാധാന്യം

നെൽകൃഷി മറ്റെല്ലാകൃഷികളെക്കാളും തുലോം വ്യത്യസ്തമായ രീതിയിലാണു നടത്തേണ്ടതു്. എന്തെന്നാൽ നെൽച്ചെടി കൃഷിചെയ്യുന്നതുമുതൽ വിളവെടുക്കുന്നതുവരെയുള്ള കാലത്തിന്റെ ഏതാണ്ടു മുക്കാൽഭാഗവും വെള്ളത്തിലാണു് കഴിച്ചുകൂട്ടുന്നതു്. തന്നിമിത്തം മണ്ണിന്റെ ഭൗതികമാററങ്ങൾക്കു് സാരമായ വ്യത്യാസം സംഭവിക്കുകയും പ്രായേണ ചെടിക്കു് ആ മണ്ണിൽനിന്നും ആഹാരം സ്വീകരിക്കുവാൻ സാധിക്കാത്തവണ്ണം ആയിത്തീരുകയും ചെയ്യുന്നു. ഇപ്രകാരം ഉപയോഗശൂന്യമായ മണ്ണിനെ ഏതുപ്രകാരത്തിൽ പ്രയോജനപ്പെടുത്താമെന്നും അതിനു പററിയ മാർഗ്ഗങ്ങൾ എന്തെല്ലാമെന്നും പര്യാലോചിക്കാം. മണ്ണിന്റെ ഘടനയെ നന്നാക്കുന്ന കാര്യത്തിൽ ജീവാംശവളങ്ങൾക്കു് (organic-manures) ഒരു മഹത്തായ സ്ഥാനമുണ്ടു്. അതുകൊണ്ടു കൂടുതൽ പച്ചിലവളങ്ങൾ നെൽകൃഷിപ്പാടങ്ങളിൽ ചേർക്കുന്നതു് മറ്റെല്ലാററിനെക്കാളും ശ്രേഷ്ഠമാണു്.

സാധാരണ മണ്ണിൽ ചേർക്കുന്ന വളങ്ങളിലുള്ള പാക്യജനകം പലതരത്തിലുള്ള അവസ്ഥാഭേദങ്ങൾ സംഭവിച്ചു് അന്തരീക്ഷത്തിലുള്ള അമ്ളജനകവുമായി ചേർന്നു പാക്യജനയികാമ്ളമായി രൂപാന്തരപ്പെടുന്നു. അപ്പോൾ അതു ചെടിക്കു് നിഷ്പ്രയാസം സ്വീകരിക്കുവാനും കഴിയുന്നു. എന്നാൽ നെൽകൃഷിചെയ്യുന്ന മണ്ണിൽ അമ്ളജനകത്തിന്റെ അഭാവത്താൽ പാക്യജനകവും അപ്ജനകവും ചേർന്നു് അമോണിയവാതകമുണ്ടാകുന്നു. ഈ വാതകം മണ്ണിൽനിന്നും നെൽച്ചെടികൾ സ്വീകരിക്കുവാൻ കഴിയും. ഇങ്ങനെ അമോണിയം ചേർന്നിട്ടുള്ള മണ്ണിൽ, മറേറതുതരത്തിലുള്ള വളവും രാസമാററത്താൽ ചെടികൾ സ്വീകരിക്കുവാൻ കഴിയും. പയറുവർഗ്ഗത്തിൽ ഉൾപ്പെട്ട വിത്തുകൾ വിതച്ചു് അതു തഴച്ചുവളരുന്ന അവസരത്തിൽ ഉഴുതുചേർത്തു് അവയുടെ വേരുകളിലുള്ള പാക്യജനകത്തെ വളമാക്കി ഉപയോഗിക്കുന്നതു് ഒരു പററിയ മാർഗ്ഗമാണു്. ഇങ്ങനെ ഉഴുതുചേർക്കുന്നതു് വിത്തുവിതച്ചു 70 മുതൽ 75 ദിവസത്തിനകം വേണ്ടതാണു്. ഇപ്രകാരം ഉഴുതുചേർക്കുന്ന പച്ചില, മണ്ണിൽ പാക്യജനകത്തെ വർദ്ധിപ്പിക്കുക മാത്രമല്ല, മണ്ണിന്റെ ഘടനയ്ക്കും സാരമായ വ്യത്യാസങ്ങൾ വരുത്തുന്നുണ്ടു്.

മേൽപ്പറഞ്ഞ രീതിയിലുള്ള സമ്പ്രദായം കൂടാതെ പച്ചില വെട്ടിനുറുക്കി നിലങ്ങളിലിട്ടു് ഉഴുതു ശരിപ്പെടുത്തുന്നതും നല്ലതാണു്. അപ്പോൾ അതിലുള്ള ഇന്ദ്രിയാംശങ്ങൾ ചേർന്നു് മണ്ണു് ഒരു കുഴമ്പുപോലെ ആയിത്തീരുന്നു. ഇവിടെ പയറുവർഗ്ഗത്തിലുൾപ്പെട്ടതോ അല്ലാത്തതോ ആയ പച്ചിലകൾ ഉപയോഗിക്കാം. ഈ രീതി കർഷകനു് ലാഭകരവും, ചെടിക്കു പ്രയോജനകരവും, ധനവ്യയം കുറയ്ക്കുന്നതിനു് സഹായകവുമാകുന്നു. പച്ചിലവളം മണ്ണിൽ ചേർക്കുന്നതുകൊണ്ടു് ചെടികൾക്കാവശ്യമുള്ള പാക്യജനകവും ഭാവികാമ്ലവും മണ്ണിനു ലഭിക്കും. പക്ഷേ ഇതു് മണ്ണിന്റെ സ്വഭാവത്തേയും വളത്തിന്റെ കൂടുതൽകുറവിനേയും ആശ്രയിച്ചിരിക്കും.

പയറുവർഗ്ഗത്തിലുൾപ്പെട്ട പലതരത്തിലുള്ള വിത്തുകൾ ഇൻഡ്യയിൽ പല ഭാഗത്തും ഉപയോഗിച്ചു് ശരിയായ ഫലം കണ്ടിട്ടുണ്ടു്. അവയിൽ ചിലതിന്റെ പ്രയോഗരീതികളെപ്പററി താഴെ വിവരിക്കുന്നു.

### ചണമ്പു്

നമ്മുടെ രാജ്യത്തെ ശീതോഷ്ണാവസ്ഥയ്ക്കും, മണ്ണിന്റെ ഘടനയ്ക്കും ഈ ചെടി അനുയോജ്യമാണു്. ഇതു് മീനം-മേടം മാസങ്ങളിൽ വിതച്ചു് ഇടവം-മിഥുനം മാസങ്ങളിൽ ഉഴുതുചേർക്കാം. ഇതു വെള്ളത്തിൽ വിതയ്ക്കരുതു്. മകരപ്പൂവു് വിളവെടുത്തുകഴിഞ്ഞാൽ ഉടൻ വിതയ്ക്കാം. ഇടവപ്പാതി ആരംഭിക്കുന്നതിനു മുമ്പായി ഉഴുതുചേർക്കുകയും ചെയ്യാം. തെങ്ങിൻതോപ്പുകളിൽ ആണ്ടുതോറും ചണമ്പു വിതച്ചു് ഉഴുതുചേർക്കുന്നതുനിമിത്തം ഓലകളുടെ നിറംമാറി വൃക്ഷങ്ങൾ വളരെ ഫലപുഷ്ടമായിത്തീർന്നിട്ടുണ്ടു്. ഇതിന്റെ വിത്തു് ഡിപ്പാർട്ടുമെന്റുവക ഡിപ്പോകളിൽനിന്നും ആവശ്യംപോലെ വാങ്ങാൻ സാധിക്കും. കർഷകർ ഈ വിത്തുവിതച്ചു് കാലാകാലത്തു ഉഴുതുചേർത്താൽ നമ്മുടെ ഭൂമികൾ നന്നാകുകതന്നെചെയ്യും.

### നിലയാരി

ഇതു പശിമരാശി മണ്ണിൽ കൂടുതലായി കൃഷിചെയ്യാം. വളരെ സാവധാനത്തിലേ വളരുകയുള്ളു. കുംഭം-മീനം മാസങ്ങളിൽ വിതച്ചു് ഏതാണ്ടു് മൂന്നുമാസംകഴിഞ്ഞു് ഉഴുതുചേർക്കാം. ഇതു കന്നുകാലികൾ തിന്നുകയില്ല. പത്തുമുതൽ പതിനഞ്ചുറാത്തൽ വിത്തുവരെ ഒരേക്കറിൽ വിതയ്ക്കാം.

### ഡയിഞ്ച

ഒരേക്കറിൽ പത്തുമുതൽ പന്ത്രണ്ടു റാത്തൽ വിത്തുവരെ വിതയ്ക്കാം. മേടത്തിലോ ഇടവത്തിലോ വിതച്ചു് ഏതാണ്ടു തൊണ്ണൂറുദിവസത്തിനകം ഉഴുതുചേർക്കണം. താമസിച്ചാൽ തണ്ടുകൾക്കു് കട്ടികൂടി തടിയായിത്തീരും.

(കൃഷിഡിപ്പാർട്ടുമെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്.)

---

## ജനാധിപത്യവും കമ്യൂനിസവും

(1-ാംപേജു് തുടർച്ച)

ബലഹീനമായ ഒരു കമ്മസമിതി എളുപ്പത്തിൽ പിടിച്ചെടുക്കാം. ഒരിക്കൽ അധികാരം സിദ്ധിച്ചുകഴിഞ്ഞാൽ പിന്നീടു് അതു കൈവിടാതിരിക്കുവാനാണു് അവരുടെ ശ്രമം. അധികാരകേന്ദ്രീകരണംമൂലം അതു സാധിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ മഹായുദ്ധാരംഭംവരെ ജനാധിപത്യവും നാസിസവും തമ്മിലുള്ള ഒരു താരതമ്യപഠനത്തിനായിരുന്നു പ്രാധാന്യം. റഷ്യ അന്നു ജർമ്മനിയോളം പ്രബലമായ ഒരു ശക്തിയായിരുന്നില്ല. പ്രചരണം മൂലവും, രാഷ്ട്രീയതന്ത്രം മൂലവും ആര്യവർഗ്ഗത്തിനുവേണ്ടി ഒരു അഖിലലോകസാമ്രാജ്യം സ്ഥാപിക്കുവാനായിരുന്നു ജർമ്മനിയുടെ മോഹം. ഇന്നത്തെ റഷ്യയുടെ മോഹവും അതുതന്നെ. ജർമ്മൻകാർ പ്രയോഗിച്ച മാർഗ്ഗങ്ങളാണു് ഇന്നു റഷ്യാക്കാർ പ്രയോഗിക്കുന്നതു്. നാസി ജർമ്മനി ചെയ്തതുപോലെ റഷ്യയും കമ്യൂനിസ്റ്റു് ഏജൻറന്മാരെ ലോകത്തിന്റെ നാനാദിക്കുകളിലേക്കും അയച്ചിട്ടുണ്ടു്. അതുകൊണ്ടാണു് വിവിധരാജ്യങ്ങളിലെ കമ്യൂനിസ്റ്റു് സംഘടനകളും റഷ്യയുമായി ബന്ധപ്പെട്ടിരിക്കുന്നതു്.

നാസി ജർമ്മനിയുടെയും റഷ്യയുടെയും ഭരണരീതിതമ്മിലും അധികം വ്യത്യാസമില്ല. റഷ്യയിലേതുപോലെ ജനങ്ങൾക്കു നീക്കുവാൻ വയ്യാത്തതും, എതിർകക്ഷിയില്ലാത്തതുമായ ഏകകക്ഷിഭരണമായിരുന്നു നാസി ജർമ്മനിക്കു്. അതും റഷ്യയുടേതുപോലെ ഒരു സോഷ്യലിസ്റ്റു് കക്ഷിയുമായിരുന്നു. റഷ്യയിൽ ഇന്നുള്ളതുപോലെ നാസിഗവമ്മെൻറിന്റെ നിഷ്കൃഷ്ടമായ നിയന്ത്രണം എല്ലാരംഗങ്ങളിലും ഏർപ്പെടുത്തിയിരുന്നു. ഈ രണ്ടു ഭരണരീതികൾതമ്മിൽ ഒരു വ്യത്യാസമേയുള്ളു. വ്യവസായങ്ങളെല്ലാം റഷ്യൻ ഗവമ്മെൻറു് രാഷ്ട്രത്തിന്റെ കുത്തകയാക്കി. എല്ലാ സ്വകാര്യവ്യവസായങ്ങൾക്കും നാസിഗവമ്മെൻറു് സംരക്ഷണം നല്കി പ്രോത്സാഹിപ്പിച്ചു. ഉൽപാദനം വർദ്ധിപ്പിച്ചു്, രാഷ്ട്രത്തിന്റെ സമ്പത്തികളെ സുരക്ഷിതമാക്കുകയെന്നുള്ളതാണു് ഈ രണ്ടു ഭരണരീതികളുടെയും ഉദ്ദേശം. പണിമുടക്കുകളെ രണ്ടു ഭരണരീതികളിലും നിയമംമൂലം നിരോധിച്ചിരിക്കയാണു്. ഗവമ്മെൻറുകക്ഷിയൊഴിച്ചു് മറെറാരു സംഘത്തിനും സംഘടിക്കുവാൻ റഷ്യയിൽ അനുവാദമില്ല. ഈ രണ്ടു ഭരണരീതികളിലെയും, സിദ്ധാന്തപരമായ പ്രസ്തുത വ്യത്യാസം പ്രായോഗികമായി ഒരു വ്യത്യാസമല്ല. ഗവമ്മെൻറു് അധീനതയിലുള്ള തൊഴിൽശാലകളിൽ ഒരു ഗവമ്മെൻറുദ്യോഗസ്ഥന്റെ കീഴിൽ റഷ്യയിലെ തൊഴിലാളികൾ ജോലിചെയ്യുന്നു. തൊഴിലാളികൾക്കു സംഘടനാസ്വാതന്ത്ര്യമില്ലാത്തതിനാൽ ഗവമ്മെൻറു നല്കുന്ന വേതനംകൊണ്ടു് അവർ തൃപ്തിപ്പെട്ടുകൊള്ളണം. ഈ വേതനം പലപ്പോഴും ഗവമ്മെൻറു് ഡിപ്പോകളിൽനിന്നു് അപ്പവും കോതമ്പും വാങ്ങുവാൻ നല്കുന്ന ചീട്ടായിരിക്കും. അതിലും സ്വതന്ത്രമായ ഒരു നിലയായിരുന്നു നാസി ജർമ്മനിയിലെ സ്വകാര്യഫാക്ടറികളിലെ തൊഴിലാളികൾക്കു്. അവർക്കു കമ്പനി ഉടമസ്ഥന്മാരുമായി വിലപേശുവാൻ സാധിക്കുമായിരുന്നു. റഷ്യൻ തൊഴിലാളികളുടെ നില നിരാശാജനകമാണെന്നു് റഷ്യ സന്ദർശിക്കുവാൻ സാധിച്ചിട്ടുള്ള വിശ്വാസയോഗ്യന്മാരായ ഒട്ടുവളരെ വിദേശനിരീക്ഷകന്മാർ പ്രസ്താവിച്ചിട്ടുണ്ടു്. ഏതായാലും റഷ്യയിലെ യഥാർത്ഥനില ഗ്രഹിക്കുവാൻ വിദേശികളെ അവർ അനുവദിക്കുന്നില്ല. റഷ്യയിലെ ഇന്ത്യൻ സ്ഥാനപതിയായിരുന്ന വിജയലക്ഷ്മി പണ്ഡിററുതന്നെ റഷ്യയിൽനിന്നും ഇന്ത്യയിൽ തിരിച്ചെത്തിയശേഷം ചെയ്ത പ്രസ്താവനയിൽ ഈ സംഗതി വിശദമാക്കുന്നുണ്ടു്. വിദേശികൾ അറിയുവാൻ റഷ്യൻ ഗവമ്മെൻറു് ആഗ്രഹിക്കാത്ത ഒരവസ്ഥ റഷ്യയിലെ ഭൗമ്യപറുദീസായിൽ ഉണ്ടെന്നാണല്ലോ ഇതിൽനിന്നും ന്യായമായി അനുമാനിക്കേണ്ടതു്. നാസി ജർമ്മനിയെ അപലപിക്കുന്നവർ അതിൽനിന്നും ഒട്ടും മെച്ചമല്ലാത്ത റഷ്യൻ ഭരണരീതിയെ പ്രശംസിക്കുന്നതിലാണെത്ഭുതം!

---

## വീണ്ടും രോഗശമനങ്ങൾ

ലൂർദ്ദിൽ സംഭവിച്ച രണ്ടു് അത്ഭുത രോഗശമനങ്ങൾക്കുകൂടി മെഡിക്കൽ ബ്യൂറോയുടേയും തിരുസ്സഭാധികാരികളുടേയും അംഗീകരണം സിദ്ധിച്ചിരിക്കുന്നു. ഒന്നു, അന്ധനും തളർവാതം പിടിപെട്ടവനുമായിരുന്ന ഒരു ബാലന്റേതാണു്. അവൻ 1938-ലാണു് സുഖമാക്കപ്പെട്ടതു്. യുദ്ധസാഹചര്യങ്ങൾനിമിത്തം ഇപ്പോൾമാത്രമേ തൽസംബന്ധമായ അന്വേഷണങ്ങൾ പൂർത്തിയാക്കാൻ സാധിച്ചുള്ളു. മറേറ രോഗശമനം ക്ഷയം, കാൻസർ എന്നീ രോഗങ്ങളാൽ പീഡിതയായിരുന്ന ഒരു കന്യാസ്ത്രീയുടേതാണു്. 1947-ലാണു്. അതു സംഭവിച്ചതു്.

ഈയിടെ, 21 വയസ്സായ ഇനമറിയ ഹേഗ്സ് എന്ന ഒരു ജർമ്മൻ യുവതി മരണകരമായ ക്ഷയരോഗത്തിൽനിന്നു ലൂർദ്ദിൽവച്ചു സുഖംപ്രാപിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ ജൂലൈ 25-ാംനു- കിടക്കയിൽ കിടന്നുകൊണ്ടു്, വി. ബർണദെററിന്റെ അൾത്താരയിൽ അപ്പിക്കപ്പെട്ട ദിവ്യബലിയിൽ അവൾ സംബന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു. തദനന്തരം അവൾക്കു് എഴുന്നേററു നില്ക്കുന്നതിനു സാധിച്ചു. ഉടൻതന്നെ കുറെ ദൂരം അവൾ നടക്കുകയും ചെയ്തു. കഴിഞ്ഞ രണ്ടരക്കൊല്ലകാലം അവൾക്കു നടക്കുന്നതിനു കഴിഞ്ഞിരുന്നതല്ല. അവൾ പൂർണ്ണസുഖം പ്രാപിച്ചിരിക്കുന്നുവെന്നു മെഡിക്കൽ ബ്യൂറോയ്ക്കു ബോദ്ധ്യമായെങ്കിലും അതെപ്പററി ഔദ്യോഗികവിധിപ്രസ്താവം ഉണ്ടായിട്ടില്ല. സാധാരണമായി രോഗശമനത്തിനുശേഷം രണ്ടുകൊല്ലം കഴിഞ്ഞിട്ടേ അതൊരു അത്ഭുതമായി പരിഗണിക്കാമോ ഇല്ലയോ എന്നു പ്രഖ്യാപിക്കപ്പെടുകയുള്ളു.

---

## Lucky Woman

A group of coloured men were discussing wives after a church gathering one night. They said to one of their number, "You got one of the best wives in the whole parish, Joe. You certainly are a lucky man.

"No, suh, I ain't lucky!" Joe disagreed.

"What do you mean, you ain't lucky? Your wife is a wonderful woman, isn't she?"

"Yeah," admitted Joe, "I know I got the best wife a man could have. But I didn't get her by luck. I prayed for her!"

Joe Beckman in the *Victorian*

## It Makes Difference

"When I was a high school student," writes Ted Hatlen to the Reader's Digest, "I was asked to give the Gettysburg Address at Lincoln's birthday ceremony. Afterwards an old gentleman came up to me. 'Son,' he said, "I liked the way you gave that speech, but you made the same mistake as everyone else. I heard Mr. Lincoln at Gettysburg, so I know what I am talking about. Everyone says "*of* the people, *by* the people and *for* the people," but Mr. Lincoln said, of the *people*, by the *people*, and for the *people*." It makes a big difference.")

## How To Read Books

- Read the preface first. Go in through the front door.
- Read plenty of books about people and things, but not too many books about books.
- Read one book at a time, but never one book alone. Well worn books always have relatives. Follow them up.
- Read the old books, those that have stood the test of time. Read them slowly, carefully, thoroughly. They will help you to discriminate among new ones.
- Read no book which the author has not taken pains enough to write in a clean, sound, lucid style. Life is short.
- Read over again the ten best books that you have already read. The result of this experiment will test your taste, measure your advance and will fit you for progress in the art of reading.

---

## സൗജന്യവിതരണ ഫണ്ടു്

| | |
|---|---|
| മി. സി. വി. ജോസഫ്, കോട്ടയ്ക്കകംവീട്, കാഞ്ഞിരക്കോട്, കുണ്ടറ | ക. 1-8-0 |
| എം. ടി. തോമസു്, മുകളേൽ, എടമറുക. | ക. 1-12-0 |

---


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam